2009 മാർച്ച് 25 - ഏപ്രിൽ 24 വില: 10 രൂപ

# അക്ഷരരാജ്യം

## മാസിക



## പതിനായിരവും പത്തുപവനും - കെ.ബി.ശ്രീദേവി


## പളുങ്കുസ്വപ്നങ്ങൾ - രാജൻ ചിന്നങ്ങത്ത്

## സാഹിത്യത്തിന്റെ രസതന്ത്രം

(കെ.പി.രാമനുണ്ണിയുമായുള്ള അഭിമുഖം)

## അപ്പൂപ്പന് ആറുവയസ്സ് - എം.എസ്.കുമാർ

## സ്ഥാവരജംഗമം - കെ.വി.പ്രഭാകരൻ




മുഖചിത്രം: യു.എ.ഖാദർ

**NAKSHATHRA RAJYAM**
(Monthly Magazine)
2009 March 25 – April 24
Reg. No. 2008/11/2718/D/
Issue 2 Volume 3

*Chief Editor, Publisher & Own*
**E. Radhakrishnan Kommeri**

**Nakshathra Rajyam**
24/1704 A, Raj Building,
Byepass Road,
Mankave, Kozhikode – 07
Kerala, India.
Mob : 9744233997
9847649567

*Inside Art:*
**Rakesh**

**Price Rs. 10.00**

**നക്ഷത്ര രാജ്യം തപാലിൽ ലഭിക്കാൻ വരിക്കാരാവുക.**

## എഡിറ്റോറിയൽ

# ഭാരതത്തിലെ ഭരണകൂടങ്ങളും രാഷ്ട്രീയവും

ഭാരതത്തിൽ ഒരു പൊതുതെരഞ്ഞെടുപ്പുകൂടി അടുത്തുവരുകയാണ്. രാജ്യത്തിന്റെ ചരിത്രത്തിലെ..... 15ാ...മത്തെ പൊതുതെഞ്ഞെടുപ്പ്. സ്വതന്ത്രാനന്തര ഇന്ത്യയിൽ ഇതുവരെയുള്ള കാലയളവിൽ പല രാഷ്ട്രീയ കക്ഷികളുടേയും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ പ്രധാനമന്ത്രിമാരായി രാജ്യം ഭരിച്ചിട്ടുണ്ട്. വികസ്വരരാജ്യമായ ഭാരതം നാൾക്കുനാൾ ഇന്ന് വികസിച്ചു കൊണ്ടിരിക്കുകയാണെന്ന് പറയുന്നതിൽ തർക്കമില്ല. സാമ്പത്തികമായും സൈനികമായും ശാസ്ത്രനേട്ടങ്ങളിലും ചില്ലറ സഹായങ്ങളോക്കെ വികസ്വര രാജ്യങ്ങളായ മറ്റു ചെറു രാജ്യങ്ങൾക്ക് നൽകുവാൻ ഭാരതത്തിന് സാധിക്കുന്നത്, സാമ്പത്തികമായി രാജ്യം മുന്നേറുന്നതിന്റെ മകുടോദാഹരണമാണ്. പട്ടണങ്ങൾ അനുദിനം വികസിച്ചുകൊണ്ടിരിക്കയാണ് രാജ്യത്ത്. വാഹനപ്പെരുപ്പം മൂലം പട്ടണങ്ങളിലേയും ഗ്രാമങ്ങളിലേയും പോലും റോഡുകളിൽ കൂടി കാൽനടയാത്രകാർക്ക് നടക്കാൻ സാധിക്കാത്ത വിധം പെരുകിയത് ജന ജീവിതത്തിന്റെ ഉയർച്ചയായിതന്നെ കണക്കാക്കാംനമുക്ക്. കൂറ്റൻ ബഹുനില കെട്ടിടങ്ങൾകൊണ്ട് സമ്പന്നമാണിന്ന് പട്ടണങ്ങൾ. കാലാകാലങ്ങളിൽ പാലങ്ങൾ റോഡുകൾ മുതലായവ പഴയ കാലങ്ങളെ അപേക്ഷിച്ച് വളരെയധികം പുരോഗമിച്ചിരിട്ടുണ്ട്. പക്ഷേ ഇങ്ങനെയൊക്കെ വികസിക്കുന്നതിനെ തന്നെയാണോ രാജ്യം വികസിച്ചു എന്നുപറയുന്നതെന്നറിയില്ല. ചൈന കഴിഞ്ഞാൽ ലോകത്തിൽ ഏറ്റവും കൂടുതൽ, ജനസംഖ്യയുള്ള രാജ്യമാണ് ഭാരതം. ചൈനയിൽ നിന്നുല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളാണ് നാമോരുത്തരുടേയും വീടുകളിൽ മുഖ്യമായുമിന്ന് ഉപയോഗിക്കുന്നത്. സാധാരണകാരന് സ്വപ്നം കാണാൻ പോലും അർഹതയില്ലാതായ പല ഇലക്ട്രോണിക് സാധനങ്ങളും മറ്റു പലമേഖലകളിലുല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളും ഭാരതത്തിലെ സാധാരണക്കാർക്കാരുടെ വീടുകളിൽ എത്തുന്നത് രാജ്യത്തിലെ ചൈനയുടേയും ജപ്പാന്റേയും ഉല്പ്പനങ്ങളുടെ വില്പനാന്തര സേവനവും വില്പനയും കൊണ്ടാണെന്നു പറയാൻ സാധിക്കും. എന്നു കരുതി ചൈനയിലും ജപ്പാനിലും ദാരിദ്യമോ തൊഴിലില്ലായ്മയോ തീരെ ഇല്ലെന്നു പറയുന്നതിൽ അർത്ഥമില്ലന്നതെന്നുപോലെ എന്തുകൊണ്ട് നമുക്കതിനുസാധിക്കുന്നില്ല എന്നതാണ് ് അതിനെ കുറിച്ചു ചിന്തിക്കുമ്പോൾ നമുക്കുണ്ടാകുന്ന സംശയം. ഒരു രാജ്യത്തിന് അപര്യാപ്തമായ നയം മൂലമാണങ്ങനെ സംഭവിക്കുന്നതെന്ന് ധൈര്യം പൂർവ്വം നമുക്കതിനെ കണക്കാക്കാൻ സാധിക്കും. ഒരു രാജ്യം വികസിക്കണമെങ്കിൽ അല്ലെങ്കിൽ വികസിതരാജ്യമായി ഉയരണമെങ്കിൽ സാധാരണകാരന് ഉല്പന്നങ്ങൾ നിർമ്മിക്കുവാനും മാർക്കറ്റ് ചെയ്യുവാനുമായുള്ള സംവിധാനം വേണം. കുറച്ചു ഫാക്ടറികൾ ഉല്പാദിപ്പിച്ചു കൂട്ടുന്ന ഉല്പ്പനങ്ങൾ മാത്രമായി ഇന്ത്യാരാജ്യത്തെ ഉല്പന്നങ്ങൾ പരിമിതപെട്ടതുകൊണ്ടുകൂടിയാണ് രാജ്യം ഇന്നും വികസനത്തിലേക്ക് കുതിച്ചെത്താത്തത്. ഭൂഖണ്ഡങ്ങളിലെ ദരിദ്ര രാഷ്ട്രമായ ചൈനയും

*(ശേഷം പേജ് 33ൽ)*

# പതിനായിരവും പത്തുപവനും



കെ.ബി.ശ്രീദേവി

സിസ്റ്റർ മീരക്കിന്ന് ഓഫാണ്. ബദ്ധപ്പാടുകളൊന്നുമില്ല. ഒരു relaxation. എട്ടു മണി വരെ കിടന്നുറങ്ങി. സമയത്തെ ആവുന്നത്ര അയച്ചു വിട്ടുകൊണ്ടു മൂളിപ്പാട്ടും പാടി പതുക്കെപ്പതുക്കെ പ്രഭാതകൃത്യങ്ങളൊക്കെകഴിച്ചു. പിന്നെ പുറത്തെബാൽക്കണിയിൽ വന്നിരുന്നു. മുമ്പിൽ അലയടിക്കുന്ന അറ്റം കാണാത്ത കടലാണ്. ഇന്ന് കടലിന് കോപമിളകിയിരിക്കുന്നു. ഉറക്കെ അലറിക്കൊണ്ട് നീണ്ട കൈകളുയർത്തി അത് സ്വന്തം മാറിൽ ആഞ്ഞടിക്കുകയാണ്. തീർത്താലും തീരാത്ത കോപം. ആ അനന്തതയിലേക്ക് നോക്കിയിരിക്കുവാൻ സ്വതവേ മീരയ്ക്ക് വലിയ ഇഷ്ടമാണ്. കുട്ടിക്കാലത്ത് വീട്ടുകാർ ശകാരിക്കുമ്പോൾ പറഞ്ഞിരുന്നു-നിയ്യേയ് വേറെ പണിയില്ലെങ്കിൽ പോയിട്ട് കടലിലെ തിരയെണ്ണിക്കോ. വ്യർത്ഥമായ പ്രവൃത്തികളെ പറ്റി പറയുമ്പോഴാണ് അന്നത് ഉപയോഗിച്ചിരുന്നത്. ഇന്ന് തനിക്കത് വിനോദമായിത്തീർന്നിരിക്കുന്നു. കടലിലെ തിരയെണ്ണുക.

അവർ ഈസിച്ചെയറിൽ ഒന്നു കൂടി ചാരിയിരുന്നു. കടൽക്കാറ്റടിക്കുന്നു. കക്കകളുടെ ഗന്ധം വരുന്നു. മനസ്സിന്റെ കെട്ടുകളൊക്കെ അഴിച്ചിട്ടുകൊണ്ട് സിസ്റ്റർ മീര കുറച്ചുകൂടി മലർന്നു കിടന്നു.

നാലുദിവസമായിട്ട് രാവുംപകലും ഹോസ്പിറ്റലിൽ തന്നെയായിരുന്നു. തുരുതുരെ പ്രസവക്കേസുകൾ, സിസ്സേറിയനുകൾ, ഹിസ്റ്ററക്ടമികൾ. പണിയെടുക്കുവാൻ മീരക്ക് മടുപ്പില്ല. നാലുദിവസം നിർത്താതെ ജോലിയെടുത്താലും തളരുകയുമില്ല. അത് മനസ്സിലാക്കിയിട്ടാവും ഇന്നലെ ഒരു ഇളം ചിരിയോടെ ഡോ. കൃഷ്ണപ്രസാദ് പറഞ്ഞത്. നിങ്ങൾ നഴ്സാവാൻ വേണ്ടിത്തന്നെ ജനിച്ചതാണല്ലോ. മിതഭാഷിയും മാന്യനുമായ ഡോ. കൃഷ്ണപ്രസാദിന്റെ കൂടെ ജോലിയെടുക്കൽ ഒരു അനുഭവം തന്നെയാണ്. ഏത് സീരിയസ്സ് കേസായാലും പരിഭ്രമിക്കാത്ത മുഖം, അനായാസവും സൂക്ഷ്മവുമായ ആ വിരലുകളുടെ ചലനങ്ങൾ കണ്ടാൽ, ഈ കയ്യുകൾ മനുഷ്യശരീരത്തെ കീറിമുറിക്കാനും തുന്നികെട്ടുവാനും വേണ്ടിതന്നെ ഉണ്ടാക്കിയതാണോ എന്നുതോന്നിപ്പോവും.

ഡോ. പരംജ്യോതിയമ്മയ്ക്കാണെങ്കിൽ സിസ്റ്റർ മീര എപ്പോഴും അടുത്തുതന്നെവേണം. ഉറക്കെ ഉറക്കെ ഓരോന്ന് വിളിച്ചു പറഞ്ഞുകൊണ്ടാണ് അവർ ഏതു പ്രവൃത്തിയും ചെയ്യുക. പേഷ്യൻസിനോടും മയത്തിൽ സംസാരിക്കലില്ല ഈ ശീലം മാറ്റിവെച്ചുനോ ക്കിയാൽ വളരെ സ്നേഹശീലയും പ്രഗത്ഭയുമായ ഡോക്ടറാണവർ. തന്നെ അവർക്ക് സ്വന്തം സഹോദരിയെപ്പോലെയാണ് എന്നു പറയാറുണ്ടല്ലോ.

മീര ആലോചിച്ചുനോക്കി. എന്തെല്ലാംതരം അനുഭവങ്ങളാണ് പിന്നിട്ടുപോന്നത്. എത്രയെത്ര ഭിന്നരുചിക്കാരായ മനുഷ്യരെ കണ്ടുമുട്ടി. പെരുമാറി. നഴ്സിങ്ങ് പാസ്സായി കഴിഞ്ഞപ്പോഴും ഈ പണി തനിക്ക് ഇത്ര ഫിറ്റാവും എന്ന് വിശ്വാസമുണ്ടായിരുന്നില്ല. ഇപ്പോൾ, ഇതിൽ നിന്ന് വിട്ട് മറ്റൊരു ജീവിത്തെക്കുറിച്ച് ഓർക്കാറെയില്ല. ജോലിയെടുത്ത് സ്വന്തമായി ജീവിക്കണം എന്നായിരുന്നു ആദ്യം മുതലേ ഉന്നം. അതിനൊരുങ്ങിയപ്പോൾപ്പിന്നെ ജോലിയുടെ മേന്മയും സുഖവുമല്ല നോക്കിയത്. കിട്ടിയ പണി ആവുന്നത്ര വൃത്തിയായും കൃത്യമായും ചെയ്യുക. സത്യത്തിൽ തനിക്കതിന്നു കഴിഞ്ഞിട്ടുണ്ടോ? സിസ്റ്റർ മീര ജീവിതത്തിന്റെ പിന്നിലേക്ക് തിരിഞ്ഞുനോക്കി. അവർക്ക് ഇച്ഛാഭംഗമൊന്നും തോന്നിയില്ല. വേദനകളുടേതും യാതനകളുടേതുമായ ആ ലോകത്തിൽ താൻ അവരുടെ കൂടെ ഒരാളായി കഴിഞ്ഞിരിക്കുന്നു. സ്വകാര്യജീവിതത്തിലും മീരക്ക് പരാതിയൊന്നുമില്ല. വൃത്തിയും വലിപ്പവുമുള്ള ഈ ഫ്ളാറ്റ് രണ്ടു കൊല്ലം മുമ്പ് സ്വന്തമാക്കി, വീട്ടുപണികൾക്കായിട്ട് വിശ്വസ്തയായ പങ്കിയമ്മയേയും കിട്ടി. അല്ലല്ലും അലട്ടലും ഇല്ലാത്ത ജീവിതം. ചെയ്യാൻ ധാരാളം പ്രവൃത്തികൾ. സിസ്റ്റർ മീരയ്ക്ക് ആകപ്പാടെ കൃതാർത്ഥതയാണ്.

മുന്നിലെ കലിതുള്ളുന്ന കടൽ കൂടുതൽ കറുത്തിരുണ്ടുവരികയാണ്. അലർച്ചക്ക് ഊക്ക് കൂടുന്നു.

ട്ടു.ട്ടു.ട്ടു വാതിൽക്കൽ മുട്ടുകേട്ടു.

"യെസ് കമിൻ"

വാതിൽതുറന്നു കടന്നത് ജോത്സനയാണ്. ജോത്സന ഒറ്റക്കല്ല വന്നത്.

"ഇത്"?

" ഇത് മീരയുടെ ബന്ധു."

"ഓഹോ"

ബന്ധുവല്ലെന്നോ, താനറിയില്ലെന്നോ പറഞ്ഞില്ല. എന്നാലും മനസ്സിലാവാതെ ആ ചെറുപ്പക്കാരനെ തന്നെ നോക്കിയിരുന്നു; ആരെന്നു ചോദിക്കുവാൻ സങ്കോചം, ബന്ധുക്കളെപ്പറ്റിയോ, ബന്ധങ്ങളെപ്പറ്റിയോ ഒരു പിടിയുമില്ല.

"ഞാൻ മാടായികോണത്തുനി

ന്നാണ്."

ആഗതൻ ഭവ്യതയോടെ അറിയിച്ചു.

ആസ്ഥലപ്പേരിനോട് നല്ല ബന്ധം തോന്നി. പക്ഷേ ഈ മനുഷ്യനെ കണ്ട പരിചയമേ ഇല്ലല്ലോ, സൂക്ഷിച്ചുനോക്കി കൊണ്ടിരുന്നപ്പോൾ അയാൾ ഇങ്ങോട്ടുതന്നെ അറിയിച്ചു

"ഞാൻ മാതുട്ടിയുടെ മകനാണ്".

"അതുശരി".

മുന്നിലിരിക്കുന്ന ഗൃഹനാഥയുടെ ഭാരം കുറക്കുവാനായി ശങ്കരൻ പിന്നെയും വിശദീകരിച്ചു:

"എന്റെ പേര് ശങ്കരൻ".

"ഓഹോ".

ശങ്കരൻ പാരമ്പര്യ പേരുതന്നെയാണ് ഇട്ടിരിക്കുന്നത് എന്ന് മീര വിചാരിച്ചു. പേര് മാത്രമല്ല, നീണ്ടു വളഞ്ഞ ഇയ്യാളുടെ ശരീരവും, ചെറിയ മുഖവും കുറ്റിത്തലമുടിയുമൊക്കെ പാരമ്പര്യത്തിന്റെ ലക്ഷണങ്ങളാണല്ലോ. തിരുമ്പിനരച്ച ഇയാളുടെ മുണ്ടിലും പിന്നിയഷർട്ടിലും പരാധീന ഭാവത്തിലുമൊക്കെ നോക്കി ഇരിക്കുകയായിരുന്നു സിസ്റ്റർ മീര.

"രാധച്ചെറ്യേമ്മേം വന്നിട്ടുണ്ട്"

ശങ്കരൻ ശങ്കിച്ചുകൊണ്ടു പതുക്കെപ്പറഞ്ഞു.

"എവിടെ".

"പുറത്ത്നിൽക്കുന്നു".

"വരാൻ പറയൂ. എന്തിനാ പുറത്ത് നിൽക്കുന്നത്?"

ശങ്കരൻ പുറത്തേക്ക് പോയിട്ട് രാധയേയും കൂട്ടി കൊണ്ടുവന്നു. ശങ്കരന്റെ പിന്നിൽ ഒരു മറവിലാണ് രാധനിന്നത്. ഒര പരാധിനിയെപ്പോലെ. ഇവിടെ നിൽക്കാൻ അർഹതയില്ലാത്തവളെപ്പോലെ മെലിഞ്ഞ് കവിളൊട്ടി പല്ലുന്തിയ കരുവാളിച്ചമുഖം. കരമങ്ങിയ ഒരു മുണ്ടുംവേഷ്ടിയും ധരിച്ചിട്ടുണ്ട്. ചെങ്ങിയ കണ്ണിലെ ഭാവം എന്താണെന്ന് മനസ്സിലായില്ല. അത് സാഹോദര്യമോ സ്നേഹമോ ആയിരുന്നില്ല. ഇത് രാധയാണോ? അത്ഭുതപ്പെട്ടുപോയി. വെളുത്തുതടിച്ച ശരീരവും തലയിൽ ധാരാളം മുടിയുമൊക്കെയുള്ള ധിക്കാരിയും അഹങ്കാരിയും ആയ ഒരു വേശിപ്പെണ്ണായിരുന്നു രാധ. അവളെങ്ങിനെ ഒരു പ്രേതച്ഛായയിലായി. ഒടുക്കത്തേതായതുകൊണ്ടാവാം അച്ഛനുമമ്മയും അവളെ അമിതമായി ലാളിക്കുകയും ചെയ്തിരുന്നു. ആ പ്രത്യേക പരിഗണന അവൾ പൂർണ്ണമായി മുതലെടുക്കുകയും ചെയ്തു. തറുതലയല്ലാതെ വായിൽനിന്ന് വീഴില്ല. വിനയം അനുസരണം എന്നൊന്നു അവളുടെ ജാതകത്തിലേ എഴുതിയിരുന്നില്ല. അങ്ങിനെയൊക്കെ ആലോചിച്ചുകൊണ്ട് മീര എഴുന്നേറ്റ് അവളുടെ അടുത്തേയ്ക്ക് നീങ്ങിയപ്പോൾ മുഖവുരയൊന്നും കൂടാതെ രാധ പറഞ്ഞു–


''ഇനിക്ക് വെല്ലാണ്ടെ വെശക്ക്ണ്ണ്ട്."

"ശരിയാണ് നിങ്ങൾ നേരത്തെ പുറപ്പെട്ടിട്ടുണ്ടാവും അല്ലേ?

മീര എഴുന്നേറ്റ് അകത്തേക്ക് പോയപ്പോൾ രാധ പിറുപിറുത്തു–

"നേരത്തെ പോന്നതുകൊണ്ടൊന്നല്ല. ഇന്നലെ തന്നെ വയറുനിറഞ്ഞിട്ടില്ല."

പങ്കിയമ്മ വിഭവസമൃദ്ധമായി തന്നെ അവരെ ഊട്ടി. വയറുനിറഞ്ഞപ്പോൾ ഇരുവരും വീണ്ടും ബാൽക്കണിയിലേക്ക് ചെന്നു- വീട്ടിലെ വർത്തമാനങ്ങൾ ചോദിക്കുവാൻ മീരക്ക് ഉത്സാഹം തോന്നിയില്ല. പക്ഷേ ചോദിക്കാതെ തന്നെ രാധ പറഞ്ഞു തുടങ്ങി.



"ശങ്കരന്റെ അച്ഛൻ ഇപ്പോ വരാറില്ല്യ."

"ഉം".

ഏട്ത്ത്യേ ഉപേക്ഷിച്ചു. വേറെ പെണ്ണുകെട്ടി.

"ഓഹോ"

"കുട്ട്യോൾക്ക് ചെലവിന് തരണം എന്നൊക്കെ പറഞ്ഞുനോക്കി. അയാള് മൂടുംതട്ടി ഒരു പോക്ക്. കയ്യിലും കാക്കാശ് ഇല്ല്യേനും".

മുൻകൂട്ടി പറഞ്ഞു പഠിപ്പിച്ച് ഒരുക്കി വെച്ച വാക്കുകൾ ഉതിർക്കുന്നതുപോലെയാണ് രാധ പറയുന്നത്. മീര എല്ലാം കേട്ടു കൊണ്ടേയിരുന്നു.

"ചെറ്യേട്ത്തീ മരിച്ചു"

"ഏ? ശ്യാമളയോ?"

"ആ. അല്ലെങ്കിൽ തന്നെ ദെണ്ണായിരുന്നു. ശേഖരേട്ടൻ കള്ളും കുടിച്ചു വന്ന് അന്തല്ല്യാണ്ട് തല്ലീട്ടാണ് മരിച്ചതെന്നും ആൾക്കാര് പറയണ്ണ്ട്".

ശ്യാമളയെപ്പറ്റി ഓർക്കുവാൻ ശ്രമിച്ചു മീര. അടിവച്ചടിവച്ചുകൊണ്ടുള്ള അവളുടെ പതിഞ്ഞ കാൽവെപ്പുകളും നിർത്തിനിർത്തിക്കൊണ്ടുള്ള അവളുടെ സംസാരവും ഓർമ്മ വരുന്നു. വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ആരേയും വേദനിപ്പിക്കുന്ന സ്വഭാവം അവൾക്കില്ലായിരുന്നു. അവൾ മരിച്ചു! അല്ല. അവളെ കൊന്നു!

''കുഞ്ഞ്യേടത്തിയും ഏട്ടനും കുട്ട്യോളും വീട്ടിലുണ്ട്" രാധ തുടരുകയാണ്.

"ഉം"

''വീടു നോക്കാൻ ഏട്ത്തീടേം ഏട്ടന്റേം കാര്യസ്ഥതയാണ് ഇപ്പോ അവിടെ".

കുഞ്ഞ്യേടത്തി മുമ്പും വലിയ കാര്യസ്ഥിയായിരുന്നുവെല്ലോ. മീര ആലോചിച്ചുനോക്കി. അവർ പറഞ്ഞ വാക്കു




## കാർട്ടൂണുകൾ - ഗിരീഷ് മൂഴിപ്പാടം







**മലയത്ത് അപ്പുണ്ണി**





# ഘനമൗനം

**നെ**ഞ്ചുനീറി മുറുകിയ മേഘമേ
സഞ്ചരിക്കുന്നതേതു ദിശയിൽ നീ ?
നിന്നു വിതുമ്പുന്നു ദൂരത്തൊരു കടൽ,
നിന്നെ പെറ്റവൾ സങ്കടക്കടൽ!

എത്രയെത്ര വസന്തങ്ങൾ ഭൂമിയെ
ചിത്ര വർണ്ണങ്ങൾ കൊണ്ടു വിതാനിച്ചു.
ദുർഘടങ്ങളാം വഴികൾ മുന്നേറുവാൻ
ഉൾക്കരുത്തു പകർന്നുകൊടുത്തു.
ജഡങ്ങൾ കത്തിക്കരിഞ്ഞ ചുടുകാട്,
ശവം നാറിപ്പൂക്കളുണങ്ങിയ മേട്
കാറ്റു ചാരമെടുത്തു ധൂളിച്ച
വയലുപോലെയാകാശപ്പരപ്പ് !

നെഞ്ചുനീറി മുറുകിയ മേഘമേ
സഞ്ചരിക്കുന്നതേതു ദിശയിൽ നീ ?

ഇക്കൊടും വേനലിനെന്നാണറുതി
ഇപ്പുകവാനിന് എന്നു പൊറുതി ?
കണ്ടും കേട്ടും ഉൾക്കൊണ്ടും യാതൊന്നും
മിണ്ടാത്തതെന്താണു ഘനമൗനമേ ?

കൾ ഓർമ്മവരുന്നുണ്ട്. എന്നാലും അവരുടെ രൂപം തന്റെ മനസ്സിൽ നിന്ന് മാഞ്ഞു തുടങ്ങിയിരിക്കുന്നു.

''അപ്പോൾ, അച്ഛനും അമ്മയു മില്ലേ അവിടെ?"

"അച്ഛൻ എല്ലാരേം കുറ്റം പറഞ്ഞു കൊണ്ട് അവിടെയെല്ലാം നടക്കും. അമ്മ മരിച്ചു."

''അമ്മ മരിച്ചോ.'' മീരയുടെ ശബ്ദം ദയനീയ മായി ചിലമ്പിച്ചു.

"ഉവ്വ്. മീരേടത്ത്യെ കാണണന്ന് അമ്മ പറഞ്ഞിരുന്നു. വല്ല്യേടത്തി കത്തും എഴുതിവെച്ചു. പോസ്റ്റ്ചെയ്യാൻ അച്ഛൻ സമ്മതി ച്ചില്ല".

മീര വളരെ നേരം നിശ്ശബ്ദയായി ഇരുന്നു, അമ്മയെ ഓർത്തുകൊണ്ട്. മുപ്പത്തഞ്ചുകൊല്ലം മുമ്പത്തെ അമ്മയേ മാത്രമേ അറിയൂ സർവ്വം സഹയായ അമ്മ. ആരോടും കറയും പകയുമില്ലാത്ത അമ്മ. രാവുപകൽ പണിയെടുത്തുകൊണ്ട് ഏങ്ങി വലിച്ചു നടക്കുന്ന അമ്മ. ജോലിക്കു ചേർന്നു ആദ്യത്തെ ശമ്പളം കിട്ടിയ പ്പോൾ മീര അമ്മയുടെ പേർക്ക് അയച്ചുകൊടുത്തു. ആശീർവ ദിച്ചുകൊണ്ടുള്ള അമ്മയുടെ മറുപടി കാത്തിരിക്കുമ്പോൾ അതാ! അയച്ച മണിയോഡർ തിരിച്ചു വരുന്നു. അച്ഛന്റെ നിശ്ചയമാവും. ആവട്ടെ കഴിഞ്ഞത് വിചാരിച്ചിട്ടും പറഞ്ഞിട്ടു കാര്യമില്ലല്ലോ. ഏതായാലും അമ്മ യുടെ ദുരിതം തീർന്നല്ലോ. അത്രയും നല്ലത്.

''ആട്ടെ രാധേടെ വർത്തമാ നെന്താ?"

മീര രാധയുടെ നേർക്ക് മുഖംതിരി ച്ചു. രാധ മുഖമുയർത്തിയില്ല. കൈകൾ തിരുപ്പിടിച്ചുകൊണ്ട് മുഖം താഴ്ത്തി നിൽക്കുകയാണവൾ. എന്തോ പറയാനുള്ള തയ്യാറെടുപ്പാ ണ്.

"എന്റെ കല്യാണം കഴിഞ്ഞു".

''അപ്പോ ഭർത്താവെന്തേ വരാ ഞ്ഞത്?"

രാധ പിന്നേയും മൗനം കൊണ്ടു. ആ മൗനം സുഖമുള്ളതായിരുന്നില്ല. അന്തരീക്ഷം കനക്കുന്നു.

"പതിനായിരോ പത്തു പവന്റെ പണ്ടോ ആണവർ ചോദിച്ചിരുന്നത്. ആദ്യം കൊടുക്കാമെന്ന് അച്ഛൻ ഏറ്റ തായിരുന്നു. കല്ല്യാണം കഴിഞ്ഞപ്പോ അച്ഛന്റെ കയ്യില് ഒന്നും ഇല്ലാണ്ട്യാ യി."

"എന്നിട്ട്'

''അവരെന്നെ വീട്ടികൊണ്ടുവന്നാ ക്കി. പണം കിട്ടിയാലേ അവര് കൊണ്ടോവുള്ളൂ."

മീരയുടെ മുഖം അസ്വാസ്ഥ്യം കൊണ്ട് ചുളിയുന്നത് ശങ്കരൻ നോക്കിനിന്നു. ഇനി കേൾക്കാൻ പോകുന്നത് എന്താവും?

"അത് കിട്ടാനാണോ നീയിപ്പോൾ വന്നത്?"

''അത് കൊടുത്താൽ അവര് എന്നെ കൊണ്ടോവും"

നീ ഇവിടെ വരുന്ന കാര്യം അച്ഛ നറിയ്യോ?"

"ഇല്ല്യാ ഞാൻ വേറെ ഒരു വഴിക്ക് പോവുന്നു എന്നാണ് പറഞ്ഞത്"

തന്റെ മുന്നിലിരിക്കുന്ന ആ സ്ത്രീകോലത്തിനെ, തന്റെ അനുജ ത്തിയെ മീര നോക്കി കൊണ്ടേ ഇരു ന്നു.

"ഏടത്തി തര്വോ?"

"തരാം. പക്ഷേ ഞാൻ പണം തരു ന്നത് നിനക്ക് പതിനായിരത്തിന്റെ ഭർത്താവിനെ വാങ്ങാനല്ല. നിയ്യ് തുന്നൽ ക്ലാസിൽ പോയി തുന്നൽ പഠിച്ചിരുന്നില്ലേ?"

"ഉവ്വ്"

"ഞാൻ മിഷ്യൻ വാങ്ങി തരാം. റെഡിമെയ്ഡ് ഷോപ്പുകളിലേക്കുള്ള ഓർഡറുകളും വാങ്ങി തരാം. നിന ക്കതുകൊണ്ട് ജീവിക്കാൻ സാധിക്കും. അപ്പോൾ പതിനായിരം കൊടുക്കാതെ തന്നെ നിനക്ക് ഭർത്താവിനേയും കിട്ടും."

"ഏടത്തി എന്താ പറയണത്".

രാധയുടെ ശബ്ദം പെട്ടെന്ന് ഉയർന്നു. അവളുടെ ചെങ്ങിയകണ്ണു കളിൽ രൗദ്രഭാവം.

''ഏടത്തിക്ക് പണം തരാൻ വയ്യങ്കി അതുപറഞ്ഞാ മതി"

നിനക്ക് പണം തരാൻ എനി ക്കൊരു മടിയുമില്ല. നിങ്ങൾ ഒരുമിച്ച് ജീവിതം തുടങ്ങിയിട്ട് ബുദ്ധിമുട്ട് വരുമ്പോൾ സഹായിക്കാനാണെ ങ്കിൽ എത്ര പണവും ഞാൻ തരും. ഒടുവിൽ വല്ല്യേട്ടത്തിയുടെ അനു ഭവം വന്നാലോ?"

"എന്നോട് അതൊന്നും പറയാൻ വരണ്ട. രാധ ഇടയിൽ കടന്ന് തട്ടി കയറി. എത്ര തുന്ന്യാലും മുറി ച്ചാലും ഒരു പെണ്ണിന് ഒറ്റക്ക് കഴി ഞ്ഞുകൂടാൻ പറ്റില്ല്യ. ഒന്നുല്ലെങ്കിൽ നാട്ടാരെ പേടിക്കണ്ടേ?"

മീര അവളുടെ മുഖത്തേക്ക് ദയ നീയമായി നോക്കി. ആ പറയുന്ന വാക്കുകൾ രാധയുടേത് മാത്ര മാണോ?. ജീർണ്ണിച്ച് നാറിയ ഒരു സമൂഹത്തിന്റേതാണ്. ഇരുളടഞ്ഞ, ദുർഗന്ധം വമിക്കുന്ന ഒരു കാലഘ ട്ടത്തിന്റേതാണ്. ദീർഘകാലമായി ഒരു വർഗ്ഗത്തെ മുഴുവൻ അടിച്ചുതാ ഴ്ത്തിയ ഒരു മാനദണ്ഡതയുടെ. ഇവളോടിനി എന്താണ് പറയുക. പറ ഞ്ഞിട്ടെന്താണ് പ്രയോചനം?

സിസ്റ്റർ മീര നെടുവീർപ്പിട്ടു കൊണ്ട് എഴുന്നേറ്റു. അലമാരിതു റന്ന് ചെക്ക്ബുക്കെടുത്തു. അക്ക ങ്ങളും അക്ഷരങ്ങളും നീട്ടി എഴുതി ചുവടെ ഒപ്പിട്ടും ചെക്ക് രാധയുടെ നേരെ നീട്ടി-

"ഇതാ നീ ആവശ്യപ്പെട്ടതിന്റെ ഇരട്ടിയുണ്ടിതിൽ. ബാക്കിയുള്ളത് വല്ല്യേടത്തിക്ക് കൊടുക്കണം".

രാധ അത് വാങ്ങി മടക്കി ചെറിയ പെഴ്സിലിട്ട് ജാക്കറ്റിന്റെ ഉള്ളിലേക്കി ട്ടു. ഒന്നു ചിരിക്കുകപോലും ചെയ്യാതെ പറഞ്ഞു.

"ഞാൻ പോണു".

"ഉം".

അവൾ ശങ്കരനേയും കൂട്ടി വാതിൽക്കലേക്ക് നടന്നു. പുറത്തി റങ്ങി നേരെ പോവുകയും ചെയ്തു. അത് നോക്കിനിന്ന മീര ഹൃദയഭാര ത്തോടെ തന്നത്താൻ പറഞ്ഞു-

ദാരിദ്ര്യം തുപ്പിയിടുന്ന അജ്ഞത എത്ര ക്രൂരമായതാണ്.

അപ്പോൾ മറ്റൊരു ഇറങ്ങിപ്പോ ക്കാണ് ഓർമ്മ വന്നത്. മുപ്പത്തഞ്ചു കൊല്ലാം മുമ്പത്തെ സംഭവം. താൻ എസ്.എസ്.എൽ.സി. ഫസ്റ്റ് ക്ലാസ്സായ കൊല്ലം സർട്ടിഫിക്കറ്റും വാങ്ങി വീട്ടിൽ വന്നതായിരുന്നു. മനസ്സിൽ നൂറായിരം മോഹങ്ങൾ കിടന്ന് ഓളംവെട്ടുന്നു. ഇനിയും പഠിക്കണം. ജോലിയെടു ക്കണം. സ്വന്തം കാലിൽ നിന്ന് ജീവി ക്കണം.

ഉമ്മറത്തേക്ക് കയറിയപ്പോൾ അച്ഛൻ മുളം തൂണും ചാരി ഗൗര വഭാവത്തിൽ നിൽക്കുന്നു. അടുത്തു തന്നെ അപരിചിതർ. അവരുടെ നോട്ടം അന്ന് തീരെ പിടിച്ചില്ല. തല താഴ്ത്തിക്കൊണ്ട് വേഗം അക ത്തേക്ക് കടന്നു. അപ്പോൾ കുഞ്ഞ്യേ ടത്തിയാണ് പറഞ്ഞത്-

"നെന്നെ കാണാൻ വന്നോരാ"

"എന്തിനാ എന്നെ കാണുന്നത്?"

അതുകേട്ടിട്ടും കുഞ്ഞ്യേടത്തി യുടെ ചുണ്ടിൽ അർത്ഥഗർഭമായ മന്ദസ്മിതം. "കുഞ്ഞ്യേടത്തി കാര്യം പറയൂ" തന്റെ ശബ്ദം മൂത്തു.

*(ശേഷം പേജ് 13ൽ)*

കഥ



# പളുങ്കുസ്വപ്നങ്ങൾ



**രാജൻ ചിന്നങ്ങത്ത്**

മഴ പെയ്തൊഴിഞ്ഞിട്ട് വളരെ നേരമായെങ്കിലും മണ്ണിലേക്കിറങ്ങിപ്പോകാതെ വഴിയിൽ ചെളിവെള്ളം കെട്ടിനിൽക്കുന്നുണ്ടായിരുന്നു. ചേറിലും അഴുക്കുജലത്തിലും ചെരിപ്പുകൾ മുങ്ങിപ്പോകാതിരിക്കാൻ ശ്രദ്ധിച്ച്, വഴിയുടെ ഓരം പറ്റിയായിരുന്നു പോൾ നടന്നിരുന്നത്. ആകാശത്തിന്റെ വടക്കു കിഴക്കേ മൂലയിൽ ഓടിക്കൂടുന്ന മഴമേഘങ്ങളെ അയാൾ കാണുന്നുണ്ടായിരുന്നു. അവയുടെ കൂടുതലിരുളുന്ന ചാരനിറം ഒരു ഭയമായി മനസ്സിൽ വളരുകയും ചെയ്തുകൊണ്ടിരുന്നു.

ഇടവഴിയിലേക്ക് ചാഞ്ഞുനിൽക്കുന്ന കാട്ടുചെടികളിൽ നിന്നും തോരാതെ നിൽക്കുന്ന ജലകണങ്ങൾ വെളുത്ത ഷർട്ടിലും മുഖത്തും നനവുണ്ടാക്കി.

എവിടെയോ ചിറകൊടിഞ്ഞു വീഴുന്ന പകൽ.

ചാരിവച്ചിരുന്ന മുള്ളുപടി മാറ്റി, നിറയെ പുല്ലും തുമ്പയും കീഴാർനെല്ലിയും പച്ചപ്പ് വിരിയ്ക്കുന്ന പറമ്പിലേക്ക് സാവകാശം കാലെടുത്തുവയ്ക്കുമ്പോൾ, കാലം മുന്നോട്ടുപായുന്നു എന്നു പറയുന്നതൊക്കെ ഒരു വിഡ്ഢിത്തത്തിൽക്കവിഞ്ഞൊന്നുമല്ലെന്ന് പോളിനുതോന്നി.

കാലങ്ങളെ കഷണങ്ങളായി അളന്നുമുറിക്കാമെങ്കിൽ പറയാം: ഏഴുക്കൊല്ലങ്ങൾ കടന്നുപോയിരിക്കുന്നുവെന്ന്. ഏഴുകൊല്ലം എത്ര ഹ്രസ്വമായ ഒരു കാലഘട്ടം. അല്ലെങ്കിൽ, ഓർമ്മകൾ പഴകിദ്രവിക്കാതിരിക്കുമ്പോൾ കാലത്തിനെന്ത് പ്രസക്തിയിരിക്കുന്നു!

ആഹ്ലാദാതിരേകംകൊണ്ട് പോളിന്റെ ഹൃദയമിടിപ്പു വർദ്ധിച്ചു. തണുത്ത മണ്ണിൽനിന്ന് പാദങ്ങളിലൂടെ പാഞ്ഞുകേറുന്ന പുതിയ ഉന്മേഷം. ഈ ഭൂമിപ്പോലും എത്ര പെട്ടെന്ന് തന്നെ മനസ്സിലാക്കുന്നുവെന്ന് പോൾ ഓർത്തുപോയി.

പുറത്തെങ്ങും ആരേയും കാണാത്തതിൽ ആശ്വാസമാണ് തോന്നിയത്.

മുറ്റത്തുചെന്നുനിന്ന് അപരിചിതനെന്നപ്പോലെ മുരടനക്കണം. ആരാണെന്നു നോക്കാനായി ഓടിവരുന്ന ആനിയുടെ മുഖത്തേക്കു നോക്കിനിന്ന്, ജീവിതത്തിൽ ഏറ്റവും ഹൃദ്യമായി, അഭിമാനഭരിതനായി, ചിരിക്കണം. അവിശ്വസനീയയതയുടെ ധൂളികൾ വാരിപ്പൂശുന്ന ആ മുഖം കണ്ടുനിന്ന് സായൂജ്യമടയണം.

നിമിഷം കൊണ്ട് പോൾ അങ്ങനെയൊക്കെ മോഹിച്ചു.

എല്ലിച്ച വാഴക്കൂട്ടങ്ങളും കായ്ക്കാൻ മറന്നുനിൽക്കുന്ന ചമ്പത്തെങ്ങുകളും കടന്ന്, ഒരു നിശ്ശബ്ദ ദുഃഖംപോലെ മരവിച്ചുനിൽക്കുന്ന ഓലപ്പുരയിലേക്ക് നടക്കുമ്പോൾ, ബാങ്കിൽക്കിടക്കുന്ന തന്റെ സമ്പാദ്യത്തെക്കുറിച്ച് പോൾ ഓർത്തു.

ഈ ഓലപ്പുര പൊളിച്ച് തൂത്തെറിഞ്ഞ്, ഇവിടെ ഒരു മാളിക പണിയും ഞാൻ – അയാൾ ഉള്ളിൽ പറഞ്ഞു. ഈ കൊച്ചുവീട്ടിലെ ദാരിദ്ര്യത്തിന്റെ ജ്യേഷ്ഠയെ അടിച്ചു പുറത്താക്കി ഇവിടെ സുഭിക്ഷതയുടെ അറകൾ തുറന്നിടും ഞാൻ.

മുറ്റത്തിന്റെ ഇടതുവശത്ത് നനഞ്ഞ വയ്ക്കോൽത്തുറു. തൊഴുത്തിൽ കിടക്കുകയായിരുന്ന, എല്ലുകൾ തെളിഞ്ഞുകാണാവുന്ന, കാളകൾ പിടഞ്ഞെഴുന്നേറ്റു.

അപ്പോഴേയ്ക്കും കിതച്ചുകൊണ്ടെത്തിയ മഴ അയാളെ പൊതിഞ്ഞു.

ബ്രീഫ്കേയ്സ് ഇറയത്തുവച്ച്, ർച്ചീഫെടുത്ത് മുഖവും കൈത്ത ്ടയും തുടയ്ക്കുമ്പോൾ ചാരിക്കി ന്ന കതകു വലിച്ചുതുറന്നുകൊണ്ട് ആനിയുടെ അമ്മ പുറത്തുവന്നു.

പരിഭ്രമം വിളർച്ച സൃഷ്ടിച്ച മുഖത്തോടെ ഒരു നിമിഷം സ്തംഭിച്ചു നിന്നശേഷം അവർ ധൃതിയിൽ പറഞ്ഞു: "പോളല്ലേ ഇത്? എന്റെ മാതാവേ, കണ്ടിട്ട് എനിക്കു മനസ്സിലായില്ല"

എന്നിട്ട് ക്ഷണത്തിൽ തിരിഞ്ഞ്, ആനിയുടെ അപ്പൻ പണ്ടുകിടക്കുമായിരുന്ന മരക്കട്ടിലിൽ തടുക്കപായ് കുടഞ്ഞുനിവർത്തിക്കൊണ്ട്, പിന്നെയും വിട്ടുമാറാത്ത പതർച്ചയോടെ തുടർന്നു: "വാ മോനെ, കേറിയിരി. എന്താ അവിടെത്തന്നെ അങ്ങനെ നിന്നുപോയത്?"

ചെരിപ്പ് ചവിട്ടുകല്ലിൽമേൽ ഊരിവച്ച് ഇറയത്തേക്കുകയറി. തുറന്നുകിടന്ന കതകിലൂടെ കണ്ണുകൾ അകത്തേക്ക് പാളിപ്പോയി. ആനിയെവിടെ?

ഒരു നോക്കുകാണാനുള്ള വന്യമായ ആർത്തിപ്പടരുന്ന കണ്ണുകൾ കണ്ടിട്ടാവണം, അവളുടെ അമ്മ വിളിച്ചു പറഞ്ഞു:

"ആനീ, ഇങ്ങട്ടുവന്നേ. ഇതു നോക്ക് ആരാ വന്നോട്ക്കണതെന്ന്."

നിലത്തിഴയുന്ന പുള്ളിപ്പാവാട ധരിച്ചു നടക്കുമായിരുന്ന സുന്ദരിക്കുട്ടി.

പക്ഷേ, മുഷിഞ്ഞ ചട്ടയും മുണ്ടും ധരിച്ച ഒരു സ്ത്രീ കതകു കടന്നുവന്നപ്പോൾ അന്ധാളിപ്പാണുണ്ടായിരുന്നത്.

അവൾ നടുങ്ങിയെന്നുതോന്നി. പിന്നെ പൊടുന്നനെ അകത്തേക്കുതന്നെ വലിഞ്ഞുകൊണ്ട്, പകുതി വാതിൽ മറഞ്ഞുനിന്നുകൊണ്ട് ആനി പരിഭവം പറഞ്ഞു:

"പോളേട്ടൻ ഇങ്ങട് വരാനുള്ള വഴ്യൊക്കെ മറന്നൂന്നാ ഞങ്ങള് കരുദ്യേ."

അതു കേൾക്കാത്തപോലെ ഉത്സാഹപ്രകർഷം നിറഞ്ഞ മനസ്സോടെ പോൾ പറഞ്ഞു: “ ആനി ആകെ മാറി കേട്ടോ. കണ്ടാൽത്തന്നെ തിരിച്ചറിയാൻ വയ്യാതായി.”

“എന്നാലും നിനക്കുമാത്രം ഒരു മാറ്റോം വന്നില്ലല്ലോ മോനേ!” ചുമരും ചാരി നിൽക്കുകയായിരുന്ന ആനിയുടെ അമ്മ പറഞ്ഞു: “നീ ജീവിച്ചിരിപ്പില്ലെന്നാ എല്ലാവരും പറഞ്ഞേ. എത്ര കൊല്ലായി നാടുവിട്ടിട്ട്. എന്തേ ഇത്രേംകാലം മടങ്ങിവരാഞ്ഞേ?”

“അതൊക്കെ ധാരാളം പറയാനുള്ള കാര്യങ്ങളാ. സമയമുണ്ടല്ലോ. എല്ലാം പറായം.”

“എവിഡ്യാ നിനക്ക് ജോലി?”

“പേർഷ്യയിലാണ്.”

“പേർഷ്യയിലോ? എന്നിട്ടിതുവരെ ഒരെഴുത്തുപോലുമയച്ചില്ലല്ലോ.”

“ആർക്കും അയച്ചില്ല.” മൃദുവായി ചിരിച്ചു അയാൾ: ഇങ്ങനെ ഒന്നു മടങ്ങിവരാനായി മാത്രം ആരേയും അറിയിക്കാതിരുന്നതാ.”

ജീവിതത്തിന് ഒരു ലക്ഷ്യമുണ്ടാക്കി, അന്ന്, ആ രാത്രിയിൽ പതുങ്ങിപ്പതുങ്ങി ഈ കൊച്ചുവീടിന്റെ പടിഞ്ഞാപ്പുറത്തെ ഇറയത്തുവന്നിരുന്ന നിമിഷങ്ങൾ.... ആനി പതിവുപോലെ വരാമെന്നേറ്റിരുന്നു. ഇരുട്ട് സമുദ്രംപോലെ പരന്നുകിടക്കുന്നത് അനുഗ്രഹമായി കരുതിക്കൊണ്ട്, ആനി കതകു തുറക്കുന്നത് കാത്തുകൊണ്ടിരിക്കുന്നതിനിടയിൽ......

പുറകിലൂടെ കഴുത്തിലമർന്ന ബലമുള്ള കൈ. തിരിഞ്ഞുനോക്കാൻ പോലും ഇടകിട്ടിയില്ല. ചെകിടടക്കം ആഞ്ഞുവീണ മറ്റേക്കൈ.

വീണിടത്തുനിന്നും എഴുന്നേൽക്കാൻ ശക്തി ശേഖരിച്ചുകൊണ്ടിരിക്കുമ്പോൾ കാലുകൊണ്ടുള്ള തൊഴി.

ഇരുട്ട് ഇണങ്ങിക്കഴിഞ്ഞപ്പോൾ പരസ്പരം കണ്ടു.

“ആങ്ഹാ, നീയായിരുന്നോ? നായിന്റെ മോനേ, മേലാൽ ഈ വളപ്പിനകത്ത് കാലുകുത്തിയാലില്ലേ.”

സ്വരത്തെ കശക്കിഞെരിച്ചുകൊണ്ടുള്ള ആ ഗർജനം കേട്ട്, വിളക്കുമായി വന്ന ആനിയുടെ അമ്മ. പുറകിൽ ശവത്തിന്റേതുപോലെ നിർജീവമായ മുഖത്തോടെ ആനി.

വിറയേറുന്ന പാദങ്ങൾ നീക്കി, ഇരുട്ടിലൂടെ ധൃതിപ്പെട്ടു നടക്കുമ്പോൾ, മുറിക്കകത്ത് ആനിയുടെ നിലവിളി. പുറകെ വീടിനെ വിറപ്പിക്കുന്ന അട്ടഹാസങ്ങൾ.

തിരിച്ചുവരുമെന്ന പ്രതിജ്ഞയോടെ എത്രനാൾ വേണമെങ്കിലും ആനി കാത്തിരിക്കുമെന്ന



വിശ്വാസത്തോടെ, ആ ഇരുട്ടിൽ നിന്നും വെളിച്ചം തേടി പുറപ്പെട്ട യാത്ര.

ഇന്ന്, നേട്ടങ്ങളുടെ ചാരിതാർത്ഥ്യമുണ്ട്. സ്വന്തം പ്രയത്നശേഷി നേടിയെടുത്ത ലാഭങ്ങളുടെ കണക്കുകൾ പോളിനെ ഹർഷപുളകിതനാക്കിക്കൊണ്ടിരുന്നു.

അവളോട് വിളിച്ചു പറയാൻ ഹൃദയം വെമ്പി.

ആനീ, ഞാനിതാ തിരിച്ചുവന്നിരിക്കുന്നു. പോയതുപോലെ വെറും കൈയോടെയല്ല.

നിന്റെ എല്ലാ ദുഃഖങ്ങളും ഇതോടെ അവസാനിക്കുന്നു.

സുദീർഘമായ കാത്തിരിപ്പും ഇവിടെ പൂർണ്ണതയിലെത്തുന്നു.

ചിരിക്കൂ, ഇനി ചിരിക്കൂ ആനി.

ആഹ്ലാദഭരിതയായി ഇനി തുള്ളിച്ചാടൂ.

ജീവത്തായ മൗനം കട്ടകുത്തി നിൽക്കുന്നതു ശ്രദ്ധിച്ചു.

അപ്പോൾ തോന്നി; ഓരോരുത്തരും ഓർമ്മകളുടെ ലോകത്താണ്. മനസ്സിന്റെ മൺഗുഹകളിൽ സുപ്തമായിക്കിടക്കുന്ന ഓർമ്മകൾ ഉണർന്നെണീറ്റത് എത്ര വേഗതയിലാണെന്ന് പോൾ ആശ്ചര്യപ്പെട്ടു.

ആ നിശ്ശബ്ദത അസഹ്യമായിത്തോന്നിയപ്പോൾ മെല്ലെ പറഞ്ഞു:

“ആനിയുടെ അപ്പൻ മരിച്ച വിവരം ഞാനറിഞ്ഞു.”

“ആരാ എഴുദ്യേ?”

“എഴുത്യതല്ല. പത്രത്തിൽ വായിച്ചതാ.”

“പിണ്ടിപ്പെരുന്നാളിന് അമ്പുകൊണ്ടുപോവുമ്പോ ഉണ്ടായ വഴക്കാ കാരണം. തല്ലിന്റെടേല് ആരാണ്ട് കത്തിക്കു കുത്തി.”

മഴ തകർത്തുപെയ്യുകയായിരുന്നു.

മുറ്റത്തെ ജലപ്പരപ്പിൽ മഴത്തുള്ളികൾ പതിക്കുമ്പോൾ നുണക്കുഴികൾ പോലെ വിടരുന്ന ചലനങ്ങൾ. വടക്കുനിന്നും ചീറിപ്പാഞ്ഞുവരുന്ന ശീതക്കാറ്റ്.

തണുപ്പടിയേൽക്കാതിരിക്കാനായി പനമ്പുതട്ടികകൊണ്ട് മറച്ച ഭാഗത്തേക്ക് കുറേക്കൂടി നീങ്ങിയിരുന്നുകൊണ്ട് അയാൾ ആനിയെ അനുനിമിഷം വിടരുന്ന പുതിയ പുതിയ കൗതുകത്തോടെ നോക്കി.

പണ്ടത്തേതിലും കുറേക്കൂടി വലുപ്പം വച്ചിരിക്കുന്ന നേത്രങ്ങൾ. അവയിൽ വാർന്നുവീണിരിക്കുന്ന സ്നേഹത്തിന്റേയും ആരാധനയുടേയും മുന്തിരിപ്പഴങ്ങൾ. തുടുത്ത കവിളുകളിൽ പൊട്ടിവിടർന്ന പ്രസരിപ്പിന്റെ ചുവപ്പ്. ശൈത്യമേൽക്കുമ്പോഴും വിയർപ്പണിയുന്ന മൂക്ക്. ചുണ്ടുകളുടെ ഭംഗി. നെറ്റിയിലൊടിഞ്ഞു വീണുകിടക്കുന്ന ചുരുണ്ട

മുടികളുടെ ചാഞ്ചാട്ടം........

ആനിയെ എത്ര കണ്ടിട്ടും എത്ര കണ്ടിട്ടും പോളിന് മതിയായില്ല.

എത്രകാലത്തെ സ്വപ്നമായിരുന്നു ഇത്....! പോൾ കോരിത്തരിച്ചുപോയി.

ഈ തിരിച്ചുവരവായിരുന്നു, ഏഴു വർഷത്തെ ഏകാന്തജീവിതത്തിലെ അമൃതമിറ്റിക്കുന്ന ഏക സങ്കല്പം.

വീട്ടിലെത്തിയ ഉടനെ, അത്യാവശ്യമായി ഒരിടത്തു പോകേണ്ടതുണ്ടെന്നും അടുത്ത ദിവസമേ തിരിച്ചു വരൂവെന്നും പറഞ്ഞ് ഓടിയെത്തിയതിനു പിന്നിലെ തീവ്രമായ ആവേശം സായൂജ്യമടഞ്ഞിരിക്കുന്നു.

ആനിയുടെ അപ്പനും കൂടി ഇന്ന് ജീവിച്ചിരിക്കണമായിരുന്നുവെന്ന് പോൾ ആശിച്ചുപോയി. എങ്കിൽ ആ മനുഷ്യൻ തന്റെ മുഖത്ത് നോക്കുവാൻ എത്ര ലജ്ജിക്കുമായിരുന്നു. രാത്രി ഒളിച്ചിരുന്ന് പിടികൂടി ചെകിട്ടത്തടിക്കുകയും കടവയറ്റിൽ ചവിട്ടുകയും ചെയ്ത ആൾ, അന്നത്തെ ആ പയ്യനുണ്ടായ വളർച്ചയും ഉയർച്ചയും കാണാൻ അർഹത നേടിയിരുന്നതാണ്. ജാള്യതയോടെ, പശ്ചാത്താപത്തോടെ ഉരുകുന്ന ആ രൂപത്തിനുമുന്നിൽ നിന്ന് ക്രൂരമായി ചിരിക്കാനുള്ള അവസരം നഷ്ടപ്പെട്ടുപോയി.

ആനിയുടെ അപ്പന്റെ മരണത്തിൽ ആദ്യമായി പോൾ ഖേദിച്ചു:

"വേഗം പോയി ചായയുണ്ടാക്ക് മോളേ..." അമ്മ പറഞ്ഞു: "എന്താ പോളിന് തിന്നാൻ കൊടുക്കാ? ആ, കൈതച്ചക്കയിരിക്കുന്നില്ലേ? നന്നായി പഴുത്തുകാണും. അത് മുറിക്ക്."

ആനി അകത്തേക്കു തിരിഞ്ഞപ്പോൾ പോൾ തടഞ്ഞു: "വരട്ടെ".

എന്നിട്ട് നമ്പർ ലോക്കുള്ള ബ്രീഫ്കേയ്സ് തുറന്നു. ആനിക്കും അമ്മയ്ക്കും കൊണ്ടുവന്ന സാധനങ്ങൾ പുറത്തിട്ടു: ഷിഫോൺ-ജോർജറ്റ് സാരികൾ, ബ്ലൗസ്പീസുകൾ, ലേഡീസ് റിസ്റ്റ്വാച്ച്, ഫോൾഡിംഗ് മിറർ, പെർഫ്യൂം സ്പ്രേ, യാർഡിലി പൗഡർ, ഓട്ടോമാറ്റിക് ശീലക്കുട, ഗിൽറ്റുള്ള വാറോടുകൂടിയ ഇറ്റാലിയൻ ചെരിപ്പ്..........

"ആനി ഇനി മുതൽ സാരിയേ ഉടുക്കാവൂ. ചട്ടയും മുണ്ടുമൊക്കെ അമ്മയുടെ അവകാശമായി ഇരുന്നോട്ടെ."

ആനിയുടെ മുഖത്ത് സമ്മാനങ്ങൾ കണ്ടുള്ള ആഹ്ലാദം.

പോൾ പറഞ്ഞു: സാരികൾ ഇഷ്ടംപോലെയുണ്ട്. എല്ലാം ഒന്നായി കൊണ്ടുവരേണ്ടല്ലോ എന്നു കരുതിയാണ്. അതെല്ലാം അടുത്ത പ്രാവശ്യം."

അതെന്നാണ് എന്ന് ആകാംക്ഷ തളിരിട്ട മിഴികൾ.

'വിവാഹദിവസം' എന്നവൾ മനസ്സിലാക്കണമെന്ന ധാരണയിൽ, കണ്ണുകളടച്ചും മുഖത്തൊരു പ്രത്യേകഭാവം വരുത്തിക്കൊണ്ടും ചിരിച്ചു.

സാധനങ്ങളെല്ലാം പെറുക്കിക്കൂട്ടി എടുത്തുകൊണ്ട് ആനി അകത്തേക്കു പോയി.

അവൾ പോയപ്പോൾ ഉദിച്ചു നിന്ന സൂര്യൻ പൊടുന്നനെ അസ്തമിച്ചതുപോലെ പോളിനു തോന്നി.

ബ്രീഫ്കേയ്സിന്റെ അറയിൽ നിന്നും നൂറുരൂപയുടെ ഒരു നോട്ടുകെട്ടെടുത്ത് ആനിയുടെ അമ്മയ്ക്കു നീട്ടിക്കൊണ്ടു പറഞ്ഞു: "തൽക്കാലം ഇതിരിക്കട്ടെ. ബാങ്കിൽ പോകാൻ സമയം കിട്ടിയില്ല. പോയാൽ കൂടുതൽ പണം എടുക്കാം."

അവരുടെ കൈ അനങ്ങിയില്ല. അവർ മിണ്ടിയില്ല.

സ്തൂപംപോലെ നിൽക്കുന്ന ആനിയുടെ അമ്മയുടെ കൈയിൽ രൂപ പിടിപ്പിച്ചുകൊണ്ട് ലേശം പരിഭവത്തോടെ പോൾ ചോദിച്ചു:

"അതെന്താ, ഞാൻ വല്ല അന്യനുമാണോ?"

"എന്നാലും ഇത്രയും രൂപാ....?" പകച്ചുനിൽക്കുന്ന അവരുടെ ശബ്ദം. പോൾ ചിരിച്ചു: ''ഓ, ഇതെത്ര നിസ്സാരം. ബാങ്കിൽ ധാരാളം പൈസയുണ്ട്."

നോട്ടുകൾ കൈക്കുള്ളിലാക്കി, സൂക്ഷിച്ചുവയ്ക്കാനായി അവരകത്തുപോയപ്പോൾ സഹതപിച്ചു: പാവം, ഇത്രയും പണം ഒന്നിച്ചു കാണുന്നത് ജീവിതത്തിലാദ്യമായിട്ടായിരിക്കും.

തകർത്തുതൊഴിക്കുകയായിരുന്ന മഴ പെട്ടെന്ന് നിലച്ചു. എങ്കിലും ആകാശം പൂർവ്വാധികം ഇരുണ്ടുകൂടുകതന്നെയായിരുന്നു.

രാത്രി മുഴുവൻ കനത്ത മഴയാവാനാണ് സാദ്ധ്യത. ആ ഓർമ്മ പോളിനെ രസം പിടിപ്പിച്ചു.

മുന്നിൽ കിടക്കുന്ന, സുഖാനുഭവങ്ങൾ നിറഞ്ഞ, ഒരു നീണ്ട രാത്രി.

വിവാഹത്തിനുശേഷം ജീവിതകാലം മുഴുക്കെയുള്ള ദിനരാത്രങ്ങൾ സ്വന്തമായിത്തീരുമെങ്കിലും ഒളിച്ചും പതുങ്ങിയുമുള്ള ഈ കൂടിച്ചേരലിന്റെയും സല്ലാപത്തിന്റേയും നിർവൃതി ഒന്നു വേറെ തന്നെയാണെന്ന് അയാൾക്കറിയായമായിരുന്നു.

ഉറങ്ങാതെ കിടക്കുമ്പോൾ ആനിയുടെ ചെവിയിൽ മന്ത്രിക്കണം. '' ഈ കൊല്ലങ്ങളത്രയും ഞാൻ പാടുപെട്ടത് ആർക്കുവേണ്ടിയാണെന്നറിയാമോ?"

"ആർക്കുവേണ്ടിയാണ്?" അവൾ ചോദിക്കും.

"നിനക്കുവേണ്ടി. നിന്നെ സ്വന്തമാക്കുവാൻ വേണ്ടി. നിന്റപ്പനോട് അങ്ങനെ പകരം വീട്ടാൻവേണ്ടി."

ആനിയെ വിവാഹം ചെയ്യുന്നതിൽ ആർക്കും എതിർപ്പുണ്ടാവുകയില്ല. വിരോധമുണ്ടായിരുന്ന അവളുടെ അപ്പൻ എന്നേ മരണപ്പെട്ടുകഴിഞ്ഞു. ആനിയുടെ അമ്മയ്ക്ക് യാതൊരപ്രിയവുമുണ്ടാവില്ല. രണ്ടായിരം രൂപ കണ്ടപ്പോൾത്തന്നെ അവരുടെ കണ്ണുകൾ മഞ്ഞളിച്ചു പോയിരിക്കുന്നു.

ആനിയും അമ്മയും അടുക്കളയിൽ തിരക്കിട്ട് ചായയും പലഹാരവുമുണ്ടാക്കിക്കൊണ്ടിരിക്കുമ്പോൾ പുറത്തെ മരക്കട്ടിലിൽ പോൾ ഒറ്റപ്പെട്ടുപോയി. മുറ്റത്ത് ഒഴുകിപ്പോകാതെ കെട്ടിനിൽക്കുന്ന ജലത്തിൽ ദൃഷ്ടികളൂന്നിയിരുന്നുകൊണ്ട് അയാൾ തീരുമാനങ്ങളെടുക്കുകയായിരുന്നു.

പുതിയൊരു വീട്, അന്തസ്സുള്ള ജീവിതം, വാങ്ങാൻ പോകുന്ന ആഡംബരവസ്തുക്കൾ, കാർ, നിലം പറമ്പുകൾ.

കുചേലന് കൈവന്ന മഹാഭാഗ്യംപോലെ, ആനിയുടെ കുടുംബത്തിന് പൊടുന്നനെയുണ്ടാകുന്ന ഉത്കർഷം കണ്ട് നാട്ടുകാർ വിസ്മയം കൊള്ളണം?

ഇരുട്ടുവീണപ്പോൾ ആനി ഓടിവന്ന് ചുമരുവിളക്ക് കത്തിച്ചു. അവളൊറ്റക്കായിരുന്നു. ഇപ്പോൾ വേണമെങ്കിൽ ചാടിയെഴുന്നേറ്റ് അവളെ കെട്ടിപ്പിടിക്കാം. ആ ചോരച്ചുണ്ടുകളിൽ ഒരുമ്മ പകരാം.

എങ്കിലും പോൾ സ്വയം നിയ

*(ശേഷം പേജ് 31 ൽ)*

## കെ.പി.രാമനുണ്ണിയുമായുള്ള അഭിമുഖം





**? താങ്കൾ സാഹിത്യത്തിന്റെ മണ്ഡലത്തിലേക്ക് വന്ന സാഹചര്യം ഒന്നു വിശദീകരിക്കാമോ?**

• സ്കൂളിൽ പഠിക്കുന്ന കാലത്തൊന്നും ഒരു സാഹിത്യകാരനാകണമെന്ന ചിന്തയെ എനിക്ക് ഉണ്ടായിരുന്നില്ല. സയൻസിലായിരുന്നു വിശേഷിച്ച് താല്പര്യം. ഭാവിയിൽ ഒരു ശാസ്ത്രജ്ഞനാകുന്നതിനെക്കുറിച്ചും മാനവരാശിക്ക് ഉപകരിക്കുന്ന അത്ഭുതകരമായ കണ്ടുപിടുത്തങ്ങൾ നടത്തുന്നതിനെപ്പറ്റിയും ഞാൻ എത്രയോ സ്വപ്നം കണ്ടിട്ടുണ്ട്. ഹൈസ്കൂൾ ക്ലാസിൽ എത്തിയ സമയത്ത് ഒരു ഡോക്ടറാവാനുള്ള ആവേശം വല്യമ്മ എന്നിൽ വളർത്തുമായിരുന്നു. ഡോക്ടറായി കാറിൽ വന്ന് വല്യമ്മയുടേയും വീട്ടിലുള്ള മറ്റുള്ളവരുടേയും രോഗങ്ങൾ ഞാൻ മാറ്റുന്നതിന്റെ സങ്കല്പചിത്രങ്ങൾ അവർ നിരന്തരം പ്രക്ഷേപിച്ചു. പത്താം ക്ലാസ് കഴിഞ്ഞു പ്രീഡിഗ്രിക്ക് ഞാൻ സെക്കൻഡ് ഗ്രൂപ്പെടുക്കാൻ കാരണം ആ പ്രേരണയായിരുന്നു.

എന്നാൽ കോളേജിലെ പഠിപ്പും അതിനുവേണ്ടി ജന്മദേശമായ പൊന്നാനിയിൽനിന്ന് കോഴിക്കോട് നഗരത്തിലേക്കുള്ള മാറ്റവും എന്റെ അനുഭവങ്ങളിലും വീക്ഷണങ്ങളിലും അപ്രതീക്ഷിതമായ വ്യതിയാനങ്ങൾ വരുത്തി.

ഒരേസമയം കമ്യൂണിസ്റ്റ് ചായ്‌വുള്ള പുസ്തകങ്ങളും ആത്മീയഗ്രന്ഥങ്ങളും നിരന്തരം വായിച്ചുതള്ളിയ ഞാൻ ദഹിക്കാത്ത ആശയങ്ങളെക്കൊണ്ട് രോഗതുരനായി. പഠിപ്പിലുള്ള എന്റെ ശ്രദ്ധയില്ലായ്മയും ആലോചിച്ചാലോചിച്ചുള്ള ഇരിപ്പും കണ്ട് വീട്ടുകാർ ഈ ചെറുപ്പക്കാരനെന്തോ മാനസിക പ്രശ്നമുണ്ടെന്ന് തെറ്റിദ്ധരിച്ചു. അതിനെത്തുടർന്നുണ്ടായ അനവാശ്യചികിത്സകൾ കൊണ്ട് ഞാൻ മരണത്തിന്റെ വക്കുവരെ തള്ളിനീക്കപ്പെട്ടുവെന്ന് പറയാം. ഭാഗ്യംകൊണ്ടോ മുജ്ജന്മ സുകൃതംകൊണ്ടോ ആണ് ഒടുവിൽ രക്ഷപ്പെട്ടത്. ഏതായാലും ജീവിതത്തിൽ സംഭവിച്ച ഈ പ്രതിസന്ധിയുടെ കാലഘട്ടം വലിയൊരു മാറ്റമാണ് എന്റെ ജീവിതവീക്ഷണങ്ങളിൽ ഉണ്ടാക്കിയത്. ദയനീയവും ദുർബ്ബലവുമായ അവസ്ഥകളിൽ സ്വയം എത്തിപ്പെടുമ്പോഴാണല്ലോ മനുഷ്യന് ലോകസ്വഭാവത്തെക്കുറിച്ച് കൃത്യമായ ചിത്രം ലഭിക്കുന്നത്. പഠിപ്പുമുടക്കവും അനാവശ്യ ചികിത്സയുമായി കഴിഞ്ഞ കാലത്തുണ്ടായ കുത്തിത്തറക്കുന്ന അനുഭവങ്ങൾ അവ ആവിഷ്കരിക്കാനുള്ള അദമ്യമായ ആഗ്രഹം എന്നിൽ ജനിപ്പിച്ചു. വേദനകളും ആശങ്കകളും സ്വപ്നങ്ങളും വിളിച്ചുപറയാൻ ഞാൻ തെരഞ്ഞെടുത്ത മാധ്യമം സാഹിത്യമായിരുന്നു.




**? താങ്കളുടേതായി പ്രസിദ്ധീകരിച്ച ആദ്യത്തെ കൃതി ഏതായിരുന്നു?**

• സമസ്ത കേരള സാഹിത്യ പ്പരിഷത്തിന്റെ ഒന്നാം സമ്മാനം ലഭിക്കുകയും മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുകയും ചെയ്ത ശവസംസ്കാരം എന്ന കഥയോടുകൂടിയാണ് ഞാൻ സാഹിത്യരംഗത്ത് കാലെടുത്തുവെക്കുന്നത്. എൻ.ബി.എസ്. പ്രസിദ്ധീകരിച്ച ആദ്യ ചെറുകഥാസമാഹാരത്തിന്റെ പേര് 'വിധാതാവിന്റെ ചിരി' എന്നായിരുന്നു. അതിലെ ഏറ്റവും അധികം ചർച്ച ചെയ്യപ്പെട്ട ശീർഷക്കഥ മനുഷ്യന്റെ പച്ചയായ കാപട്യത്തെ വെളിച്ചത്തുകൊണ്ടുവരുന്നു. ദൈവവും പിശാചും ഒരേ മനുഷ്യവർഗ്ഗത്തിൽതന്നെ എങ്ങനെ നിലനിൽക്കുന്നു എന്നതിന്റെ ആവിഷ്കരണമാണ് "വിധാതാവിന്റെ ചിരി".

**? താങ്കളുടെ ചെറുകഥകളിലും സൂഫി പറഞ്ഞകഥ എന്ന ആദ്യത്തെ നോവലിലും വ്യത്യസ്തമായ ഭാഷയാണല്ലോ കാണുന്നത്. എന്താണ് ഇതിന് കാരണം?**

• എന്റെ ചെറുകഥകൾ, വിശേഷിച്ച് ആദ്യകാല ചെറുകഥകൾ അങ്ങേയറ്റം സാമൂഹ്യരാഷ്ട്രീയ വിമർശനങ്ങൾ ഉൾക്കൊള്ളുന്നതാണ്. അതിനനുസരിച്ച് അവയിൽ ഉപയോഗിച്ച ഭാഷയും





അത്യന്തം പരുഷവും കുത്തിനോവിക്കുന്നതുമായി അനുഭവപ്പെടാം. സൂഫി പറഞ്ഞ കഥ എന്ന നോവൽ രചിച്ചപ്പോഴാണ് എന്റെ ഭാഷയിൽ കാല്പനികമായ ഈർപ്പവും മൃദുത്വവും ലാവണ്യവും കയറിവന്നത്. ബാല്യത്തിന്റെ അബോധപ്രേരണകൾ ചാലിക്കപ്പെട്ടതു കൊണ്ടായിരിക്കാം സൂഫിപറഞ്ഞകഥ എന്റെ പരിമിതികൾക്കകത്ത് പരമാവധി കാല്പനിക സ്വഭാവം കാണിച്ചത്. ഒരു കൃതിയുടെ പ്രമേയമാണ് അതിന്റെ ഭാഷയെ നിർണ്ണയിക്കുന്നതെന്ന് വിശ്വസിക്കുന്ന എഴുത്തുകാരനാണ് ഞാൻ. ആദ്യമേ ഒരു ഭാഷാരീതി പരുവപ്പെടുത്തിക്കൊണ്ട് അതിലേക്ക് വ്യത്യസ്ത പ്രമേയങ്ങൾ കുത്തിനിറക്കുക അസാധ്യമാണ്. ഇന്ന് സാഹിത്യസൃഷ്ടികളുടെ ഭാഷാപഠനത്തിൽ മാത്രം ഊന്നുന്നത് ഒരു ഫാഷനായി വളർന്നു വന്നിട്ടുണ്ട്. ദേശീയവും കാലികവുമായി സന്ദർഭങ്ങളിൽ നിർത്തി കൃതികളുടെ പ്രമേയചർച്ചക്ക് കൂടുതൽ പ്രാധാന്യം നിരൂപകർ നൽകണം. അത്തരം പഠനങ്ങൾക്കാണ് രാഷ്ട്രീയവും ജനകീയവുമായ പ്രസക്തി ഏറുക.

**? സൂഫി പറഞ്ഞ കഥ ഇപ്പോൾ സിനിമയാകുകയാണല്ലോ. സാഹിത്യം സിനിമയാകുമ്പോഴുള്ള വെല്ലുവിളികൾ എന്തെല്ലാമാണ്?**



● സൂഫി പറഞ്ഞ കഥ സിനിമയാകുന്നു എന്ന കാര്യത്തിൽ ഞാൻ സന്തുഷ്ടനാണ്. നോവൽ സിനിമയാക്കുന്നതിന് വേണ്ടി തിരക്കഥയെഴുതിയതും ഞാൻ തന്നെയാണ്. എന്നാൽ ആത്യന്തികമായി സൂഫിപറഞ്ഞകഥ എന്ന സിനിമ സംവിധായകനായ പ്രിയനന്ദനന്റേതായിരിക്കും. ഒരു നോവലിലെ എല്ലാ കാര്യങ്ങളും പോകട്ടെ, പത്തിൽ ഒന്നുപോലും സിനിമയിലേക്ക് കൊണ്ടുവരാൻ സാധ്യമല്ല. തിരക്കഥയെഴുതുന്ന സമയത്ത് ഞാൻ ആ വിഷമം ശരിക്കും അനുഭവിച്ചു. ഒരു സാഹിത്യകൃതിയെ മുഴുവൻ അതിനെ അവലംബിച്ചുള്ള ചലച്ചിത്രത്തിൽ പ്രതീക്ഷിച്ചാൽ നിരാശയായിരിക്കും ഫലം. സിനിമ മറ്റൊരു കലാരൂപമാണെന്ന് സാഹിത്യത്തെ സിനിമയാക്കാൻ അനുവദിക്കുന്ന എഴുത്തുകാർ ഓർക്കണം.

ചലച്ചിത്രമാകുന്ന സമയത്ത് ആ കലാസൃഷ്ടിയിൽ ചലച്ചിത്രകാരന്റേയും വീക്ഷണങ്ങളും സൗന്ദര്യ സങ്കല്പങ്ങളും കടന്നുവരും. ഈ യാഥാർത്ഥ്യബോധമില്ലാത്തതുകൊണ്ടാണ് പലപ്പോഴും സാഹിത്യകാരനും സാഹിത്യത്തെ സിനിമയാക്കുന്ന ചലച്ചിത്രകാരനും തമ്മിൽ ഇടയേണ്ടിവരുന്നത്. തന്റെ നോവൽ ഏതൊരു സംവിധായകനു കൊടുത്താലും നോവലിലൂടെ താൻ പറയാനുദ്ദേശിച്ച കാര്യങ്ങൾ സിനിമയിൽ ഈഷൽ ഭേദം വരുമെന്ന തിരിച്ചറിവുകൊണ്ടായിരിക്കണം അരുന്ധതീ റോയ് God of small things ചലച്ചിത്രമാക്കാൻ സമ്മതിക്കാത്തത്.

**? താങ്കളുടെ പുതിയ നോവലായ 'ജീവിതത്തിന്റെ പുസ്തകം' വിദേശനോവലുകളുടെ രീതിയിലുള്ളതാണെന്ന അഭിപ്രായം ഉണ്ട്. എന്താണ് പ്രതികരണം.**

● അഞ്ഞൂറോളം പേജുകൾ ഉള്ളതാണ് 'എന്റെ ജീവിതത്തിന്റെ പുസ്തകം' എന്ന മൂന്നാമത്തെ നോവൽ. ഗൈനക്കോളജി, ന്യൂറോളജി, സിനിമ, പാർട്ടി പ്രവർത്തനം, മുക്കുവരുടെ ജീവിതം തുടങ്ങി ഒരുപാട് കൾച്ചറൽ റജിസ്റ്ററുകൾ അടങ്ങുന്നതാണ് ആ നോവൽ. വിദേശ നോവലുകളിലാണല്ലോ സാധാരണ വിവിധ വിജ്ഞാനശാഖകളെ അഭിമുഖീകരിച്ചുകൊണ്ടുള്ള ആഖ്യാനം കാണാറുള്ളത്. പിന്നെ ലൈംഗികരംഗങ്ങളുടെ ചിത്രീകരണവും വിദേശനോവലുകളെ അനുസ്മരിപ്പിച്ചേക്കാം. ഇന്ന് സ്നേഹരഹിതമായ രതി ചിത്രീകരണങ്ങളാണ് ദൃശ്യമാധ്യമങ്ങളിലും മറ്റും ആഘോഷിക്കപ്പെടുന്നത്. ആ സാംസ്കാരിക ജീർണ്ണതയോടുള്ള കലഹമാണ് സ്നേഹനിർഭരമായ രതിരംഗങ്ങളുടെ ആവിഷ്കാരത്തിലൂടെ ഞാൻ ജീവിതത്തിന്റെ പുസ്തകത്തിൽ നടത്തുന്നത്. ലൈംഗികതയോ രതിയോ ഒരിക്കലും പാപമോ അശ്ലീലമോ അല്ല. സ്നേഹരാഹിത്യവും അധികാരപ്രയോഗവും കലരുമ്പോഴാണ് അത് അശ്ലീലമോ അരോചകമോ ആയിത്തീരുന്നത്.

n

## പതിനായിരവും പത്തുപവനും

*പേജ് 7ലെ തുടർച്ച*

"നെന്റെ പോടമുറിനിശ്ചയിക്കാൻ"

ഏ? ആ ഒറ്റപ്പുര ആകെ കിടന്ന് കുലുങ്ങി ആ ചോദ്യത്തിൽ–

"അച്ഛന്റെ ബുദ്ധിമുട്ടുനോക്കണ്ടേ? അച്ഛൻ അവർക്ക് വാക്കു കൊടുത്തിരിക്കുന്നു."

കുഞ്ഞ്യേടത്തി വക്കാലത്തിന് വരികയാണ്.

എനിക്ക് പഠിക്കണം. ജോലിയെടുക്കണം."

"ഒരു ആൺതുണയില്ലാതെ കഴിയാനാവ്വോ?

അത് കേട്ടപ്പോൾ അന്ന് അറപ്പാണ് തോന്നിയത്.
"എനിക്ക് തുണ ഞാൻ തന്നെയാണ്".

അച്ഛന്റെ മുഖത്തു നോക്കിയും അതുതന്നെ പറഞ്ഞു. പിന്നീടുണ്ടായത് എന്തൊക്കെയാണ്?. അച്ഛൻ ഒരു സംഹാരരുദ്രനായിത്തീർന്നു. മകൾ അച്ഛന്റെ മാനം കെടുത്തി എന്ന് ഒരു പരാതി.

"ഒന്നു രണ്ടല്ല. നാല്ലെണ്ണത്തിനെ പിടിച്ച് ഓരോരുത്തരെ ഏൽപ്പിക്കണം. ചില്ലറ കഷ്ടപ്പാടാണോ? എന്നാൽ, ഒരു ഭാരം ഒഴിഞ്ഞു എന്നു വിചാരിച്ചതാണ്. അപ്പോൾ, പെണ്ണിന്റെ ഒരു ധിക്കാരം."

"എന്നെ ആരെയും ഏൽപ്പിക്കണ്ട. ഞാനാർക്കും ഒരു ഭാരമാവുകയുമില്ല. ആരുടെയെങ്കിലും പുറത്തൊട്ടിതൂങ്ങാൻ എന്നെയൊട്ട് കിട്ടുകയുമില്ല." ധൈര്യത്തോടെ തന്നെ താൻ ഉറച്ചു നിന്നു.

അമ്മ കണ്ണീരോലിപ്പിച്ച് അടുത്തുവന്ന് ഉപദേശിച്ചു. "ഒന്ന് സമ്മതിക്കു മോളെ".

"ഇല്ല്യ. എനിക്ക് പഠിക്കണം. ജോലിയെടുക്കണം. സ്വതന്ത്രമായി ജീവിക്കണം."

അപ്പോൾ അച്ഛന്റെ അന്ത്യശാസനവും വന്നു.

"കടക്ക് പൊറത്ത്. തോന്ന്യാസം കാട്ടി കഴിയണോര് ഇവിടെ നിക്കണ്ട." സങ്കോചം തോന്നിയില്ല. അന്ന് വല്ല്യേടത്തി വടക്കേ കുട്ട്യറയിലക്ക് വിളിച്ച് സ്വകാര്യം പറഞ്ഞത് ഇന്നും ഓർക്കുന്നു–

"എന്റെ ഗതി നിനക്കെങ്കിലും വരാതിരിക്കട്ടെ മീരേ. നിയ്യ് പഠിച്ച് ജോലിയെടുക്കുക തന്നെ വേണം. എനിക്ക് വല്ല്യ മോഹായിരുന്നു പഠിക്കാൻ. അച്ഛനെ തെറ്റി നടക്കാൻ അന്ന് ധൈര്യമുണ്ടായില്ല. നെനക്ക് അതിന് സാധിക്കണം."

അമ്മയുടെ തോരാത്ത കണ്ണുനീരും ക്രോധം കൊണ്ടുതുള്ളുന്ന അച്ഛന്റെ രൗദ്രതയും കണ്ടുകൊണ്ട്തന്നെ അന്ന് പുറത്തിറങ്ങി. എന്തുകൊണ്ടോ നല്ല ശുഭാപ്തിവിശ്വാസമുണ്ടായിരുന്നു. വിശാലമായ ഈ ലോകം അത്ര ചീത്തയൊന്നുമല്ല. സത്യത്തിൽ ഈ ലോകത്തിന്റെ മാറിലേക്ക് ഒറ്റയ്ക്ക് എടുത്തെറിയപ്പെടുകതന്നെയാണ് അന്നുണ്ടായത്. എന്തെല്ലാം കണ്ടു! അനുഭവിച്ചു! സ്വീകരിച്ചു. തിരസ്കരിച്ചു. അതിനിടയിൽ ഒന്നുമാത്രം മറന്നു ഒരു ആൺ തുണയെ തേടിപ്പിടിക്കൽ. എന്നാലും പിന്നിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ ഒരു കാര്യം സിസ്റ്റർ മീരയ്ക്ക് ഉറപ്പുതോന്നി- താനെടുത്ത തീരുമാനം ഒട്ടും പിഴച്ചിട്ടില്ല.

അവർ നെടുവീർപ്പിട്ടുകൊണ്ട് വീണ്ടും ബാൽക്കണിയിൽ വന്നു. മുന്നിലെ കടൽ അപ്പോഴും കിടന്ന് അമറുകയാണ് n

കവിത

ശ്രീഷാലയം എം.കെ.നന്ദനൻ



# അത്ഭുത മീൻ

**അ**ത്ഭുതദ്വീപിലെ ആഴക്കടലിൽ ഞാൻ
ഒരത്ഭുതമീനിനെ കാണുകയായ്
അഴകാർന്ന മീനിന്റെ അത്ഭുതലീലകൾ
അത്ഭുതദ്വീപിന്നലങ്കാരമായിടുന്നു.
വർണ്ണശബളമാം നിന്റെ ഇളംമേനി
സൂര്യപ്രഭപോൽ അത്ഭുതപ്രഭ ചൊരിഞ്ഞും
വരദാനമായ നിന്റെ ജീവന്റെ സങ്കല്പം
അത്ഭുതദ്വീപിന് ശക്തിപകരുന്ന
പൂർവ്വ ജന്മത്തിൽ നീ ചെയ്തൊരപരാധം
ആഴിയിൽ ജീവിച്ചു തീർക്കുകയും
ദേവലോകത്ത് ജനിക്കേണ്ടനിൻജന്മം
അത്ഭുത ദ്വീപിലായ് വന്നുപിറക്കയും
നിൻഅത്ഭുതലീലകൾ കാട്ടികൊടുക്കയാൽ
അത്ഭുതദ്വീപെന്ന പേരു ലഭിക്കയും
സൂര്യപ്രഭ പോൽ ജ്വലിക്കുന്ന നിൻമുഖം അത്ഭുത
ദ്വീപിന്ന് അലങ്കാരമേകിയും
നിത്യവും നിന്നെ ദർശിക്കാൻ വരുന്നോർക്ക്
നിത്യപ്രകാശമായ് ആഴിയിൽ വാഴുക നീ,
ആയിരമായിരവർഷങ്ങൾ കൊണ്ടുനീ
ജന്മജന്മാന്തരസുകൃതം വരിക്കൂ നീ.
വിണ്ണിലെ സൂര്യ ചന്ദ്രന്മാർക്ക് തുല്യമാം
എന്നും പ്രകാശിക്കട്ടെ ആഴിയിൽ നീ നിത്യവും.


## ആവശ്യമുണ്ട്

**വിദഗ്ദ്ധ ഇൻഡസ്ട്രിയൽ ജോലിക്കാരനെ ആവശ്യമുണ്ട്.**

CINEMAX ENGINEERING WORKS

**PARAYANCHERY, PUTHIYARA, CALICUT-4**

**Mob: 9895843020**

വായിക്കുക...



വരിക്കാരാവുക....

ബാലകഥ

# അപ്പൂപ്പന് ആറുവയസ്സ്



എം.എസ്.കുമാർ

സന്ധ്യക്കു വിടരുന്ന സുഗന്ധി പൂങ്കുലകളേയും വിടരാൻ തുടങ്ങുന്ന നാലുമണിപ്പൂക്കളേയും നോക്കി അച്ചാച്ചൻ തൊടിയിൽ മതിലിന്നരികിലൂടെ നടക്കുന്നു. അനുമോൾ അച്ചാച്ചനെ കൗതുകത്തോടെ നോക്കിനിന്നു. വെയിൽനാളങ്ങൾ മുഖത്തു തട്ടുന്നതു മറയ്ക്കാൻ അച്ചാച്ചൻ കണ്ണിനുനേരെ കൈ പരത്തിപ്പിടിക്കുന്നു.

‘‘ഒരു പൂവുപൊട്ടിക്കട്ടേ അച്ചാച്ചോ?’’ അവൾ ചോദിച്ചു. എന്തോ ശബ്ദം കേട്ടപോലെ തോന്നി അദ്ദേഹം നാലുഭാഗത്തും നോക്കി, വീണ്ടും കുനിഞ്ഞു ഒരു പതിറ്റടിച്ചെടിയുടെ ചുവട്ടിൽ കുരുത്തപുല്ല് പറിച്ചെടുത്ത് പതുക്കെ നിവരാൻ നോക്കി.

കൂന് നിവരുന്നില്ല.

“ആ! ആയ് യീ!” നടുനിവരുന്ന ക്രമത്തിൽ അദ്ദേഹം പതുക്കെ ശബ്ദിച്ചു. അനുമോൾ പമ്മിപമ്മി അദ്ദേഹത്തിന്റെ പിന്നിൽ ചെന്നു നിന്നു. അദ്ദേഹമറിഞ്ഞില്ല. അവൾ ശബ്ദിച്ചു. ‘ഠോ!’

ഹായ്! അച്ചായി കുറുമ്പീ....

അച്ചാച്ചൻ അവളുടെ രണ്ടു തോളത്തും പിടിച്ചുകുലുക്കി. അനുമോൾ തുള്ളിച്ചാടി. “അച്ചാച്ചൻ പേടിച്ചോ?”

“പിന്നെ! ഞാൻ പേടിച്ചുവിറച്ചു. നെന്റൊരു ശൂ ശബ്ദം കേട്ടാ പേടിക്കാണ്ടിരിയ്ക്കോ പിന്നെ.”

അച്ചാച്ചൻ പറഞ്ഞതിലെ വ്യംഗ്യാർത്ഥം മോൾക്കു പിടികിട്ടി. താൻ ഠോ ശബ്ദിച്ചത് ശൂ എന്നേ അച്ചാച്ചനു തോന്നിയുള്ളൂ.

അവൾ ചാടി അദ്ദേഹത്തിന്റെ ചെവിയ്ക്കു നേരെ ശബ്ദിച്ചു: “ശ്ശൂ – ഠോ”.

ഹായ് എന്താ വെടിയുടെ ഒരൊച്ച. അദ്ദേഹം ഒരു ചെറുചിരിയോടെ പറഞ്ഞു. അനുമോളെ എടുത്തുപൊക്കി നേരെ നിൽക്കാൻ പാടുപെടുന്നതിനിടയിൽ അദ്ദേഹം വിളിച്ചു “കുറുമ്പിക്കാളിക്കള്ളീ....”

“അച്ചാച്ചാ കുറുമ്പൻ കാളൻ”.

അനുമോളുടെ മറുവാക്ക് അദ്ദേഹത്തിനിഷ്ടപ്പെട്ടു. അനുമോളെ കൂടുതൽ തന്നോടടുപ്പിച്ചുകൊണ്ട് അദ്ദേഹം വിളിച്ചു. “കുറുമ്പിക്കാളിക്കുട്ടീ”.

“കുറുമ്പൻ കാളക്കുട്ടാ”. അവൾ മറുവാക്ക് പറഞ്ഞ് അച്ചാച്ചന്റെ തല പിടിച്ചുകുലുക്കി.

“ഹ്ഹ്” പല്ലുപോയ വായ് തുറന്ന് അച്ചാച്ചന്റെ ചിരി അവൾ അനുകരിച്ചു. അദ്ദേഹത്തിന്റെ മുഖത്തുനോക്കി ഹാസ്യമായി ചിരിച്ചു.

“ഹിഹിഹി”

“കറുമ്പീ അച്ചായിക്കുറുമ്പീ....”

അദ്ദേഹം അവളെ താഴെവെച്ചു.



അനുമോൾ ചോദിച്ചു. "അച്ചാച്ച ഇവിടെ എന്താ കാണിക്കണേ!" നീയെന്താ കാട്ട്ണേ. അതന്നെ.

''ഞാനീ പയറ്റടിപ്പൂവു നോക്വാർന്നു". അവളുടെ മറുപടി കേട്ട് അച്ചാച്ചൻ പറഞ്ഞു.

"ഞാനും ഈ പൂവും ചെടികളുമൊക്കെ നോക്വാർന്നു".

അപ്പോ ഞാനും അച്ചാച്ചേം ഒരുപോലെ. അതെങ്ങനെ!

അച്ചാച്ചനവളെ എടുത്തുപൊക്കി.

"ഹായ്! പെണ്ണിന്ന് എന്തുകനാ. ചായെടൊപ്പം പുട്ടുംപഴോം കൂട്ടി അടിച്ചുകേറ്റീട്ടുണ്ടാവുംല്ലേ".

അവൾ പ്രതികരിച്ചു: ''ഈ അച്ചാച്ച എന്നെ എന്തൊക്കെ പേരാ വിളിക്കണേ. അച്ചായി, കുറുമ്പിക്കാളി, മന്തിപ്പാറു..."

"കഴിഞ്ഞില്ല". അച്ചാച്ചൻ കൂട്ടിച്ചേർത്തു. "മന്തിപ്പാറു".

"ഈ അച്ചാച്ചന്റെ ഒരു കാര്യം! ഇനിയെന്നെ മന്തീന്നും പാറൂന്നും വേറെ വേറെ വിളിക്ക്വോ?"

അച്ചാച്ചൻ അവളെ കൈപിടിച്ചു ഉമ്മറത്തേക്കു കൊണ്ടുപോയി, അദ്ദേഹത്തിന്റെ ചാരുകസേരയിലിരുന്നു. മോളെ മടിയിലിരുത്തി മുറുകി പിടിച്ചുകൊണ്ടു പറഞ്ഞു. "നീയെന്റെ അച്ചായി കുട്ട്യല്ലെടീ, കുറുമ്പിക്കാളികുട്ട്യേ - മന്തിക്കുട്ടി - പാറുക്കുട്ടീ..."

''അച്ചാച്ചക്കുട്ടൻ, കുറുമ്പൻ കാളക്കുട്ടൻ...."

അവൾ മുഴുവനാക്കാതെ ചിരിച്ചു. ''ഹാ ഹ്ഹി ഹീ...." അച്ചാച്ചനും ചിരിയിൽ കൂടി. പല്ലില്ലാത്ത ചുവന്ന മോണയിലേക്കവൾ അത്ഭുതത്തോടെ നോക്കി.

"ഈ അച്ചായ ചെറിയ കുട്ട്യാട്ടോ. വായേല് ഒറ്റ പല്ലില്ല!"

"ഇല്ലേ? നിനക്കൊന്നും അറിയില്ലെന്റെ കുഞ്ഞിക്കാള്യേ, അച്ചാച്ചടെ പല്ല് കാണണോ?"

"ഉം" അവൾ മൂളി.

"എന്നാൽ കണ്ണുചിമ്മ്. എന്നിട്ട് പത്ത് വരെ എണ്ണ്.... എന്നിട്ട് ഞാൻ പറയണപാട്ട് ചൊല്ല്".

കീരി കീരി കിണ്ണം താ
കിണ്ണത്തിലിട്ടു കിലുക്കിത്താ
ഒരുപിടി അരിമണി വിതറിക്കോ
കീരിപ്പല്ലു നിനക്കുതരാം


ഇനി കണ്ണു തുറന്നു നോക്ക്.

അനുമോൾ അച്ചാച്ചന്റെ വായിലെ തിളങ്ങുന്ന പല്ലുകൾ കണ്ടു. "ഈ അച്ചാച്ചടെ ഒരു വിദ്യ. അവൾ ചോദിച്ചു. എവിട്ന്നേപ്പോ പല്ല് കിട്ട്യേ?"

"കീരികൊണ്ടുതന്നതാ മോളെ. ഇനി പല്ല് കീരി തന്നെ കൊണ്ടുപോവുന്നത് കാണണോ? എന്നാ കണ്ണു ചിമ്മിക്കോ, എന്നിട്ടു ചൊല്ലിക്കോ...

കീരി കിക്കരി കിണ്ണത്തിൽ
അരിമണിയില്ല തന്നീടാൻ
കീരിപ്പല്ലുതിരിച്ചുതരാം.

''അനുമോൾ കണ്ണുതുറന്നു നോക്കി. അച്ചാച്ച പല്ല് മാറ്റിവെച്ചിരിയ്ക്കേണാ. പല്ലില്ലാത്ത ചുവന്ന മോണ. ഈ അച്ചാച്ചയുടെ കളി പല്ലോണ്ടാ!" അച്ചാച്ചൻ എളിയിൽ തിരുകിവെച്ച വെപ്പ് പല്ല് കണ്ടിരിക്കുന്നു.



**എം.എസ്.കുമാർ**

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഭരണസമിതി, 'ഗ്രന്ഥലോകം' പത്രാധിപസമിതി, തത്തമ്മ ബാലമാസിക പത്രാധിപസമിതി എന്നിവയിൽ അംഗം.

"അമ്പടി ഒളിക്കണ്ണിട്ടു കണ്ടുല്ലേ കള്ളിക്കുട്ടീ"

അമ്മ പെട്ടെന്ന് ഉമ്മറത്തേക്ക് വന്നുപറഞ്ഞു, "മതി മതി അച്ചാച്ചന്റെയും അച്ചായിടേം കളി. അച്ഛന്റെ ഫോൺ വന്നു വെള്ളിയാഴ്ച പുറപ്പെടണംന്ന്.

അതേ! അച്ചാച്ചന്റെ മടിയിൽനിന്നു ചാടിയിറങ്ങി. ''അച്ചാച്ചേ അബുദാബിക്ക് ഞാനും അമ്മയും പൊവ്വാ. അച്ചാച്ചൻ പോര്ണോ?

"ഹ് ഹ്....." അദ്ദേഹം ചിരിച്ചു. അമ്മ അവളെ സമാധാനിപ്പിച്ചു.

''അച്ചാച്ചനു വയ്യ മോളേ. പിന്നെ പാസ്പോർട്ടും വിസയുമൊക്കെ വേണ്ടെ!"

"അച്ചായിക്കുട്ടി പോയിവരൂ. വരുമ്പോ അച്ചാച്ചനിവിടെ ഉണ്ടാകുമെങ്കിൽ കാണാം."

ഇവിടെ ഉണ്ടെങ്കിൽ.... അനുമോൾക്കാ വാക്കുകൾ മനസ്സിൽ തറച്ചു. യാത്ര പുറപ്പെടുമ്പോൾ അമ്മാവനും അച്ചമ്മയും അവരോടൊപ്പം വന്നു. അച്ചാച്ചൻ അവളെ കോരിയെടുത്തു. അനുമോൾ പറഞ്ഞു. "അച്ചാച്ചൻ എന്നും ഉണ്ടാവും. ഇനി ഞാൻ വന്നിട്ട് അച്ചാച്ചനേം കൊണ്ടവാട്ടോ. അവൾ വീണ്ടും പറഞ്ഞു. അച്ചാച്ചനെന്നും ണ്ടാവും".

ഓരോ വെള്ളിയാഴ്ചയും അച്ഛൻ അമ്മയ്ക്ക് ഫോൺ ചെയ്യുമ്പോൾ അനുമോൾ ഇടപെടും. ''അച്ചമ്മേ അച്ചാച്ചയ്ക്ക് കൊടുക്കൂ".

"ഹലോ. അച്ചായിക്കുട്ടീ. കുറുമ്പിക്കാളീ". പിന്നെ അച്ചമ്മയോട് അച്ചാച്ചടെ കാര്യം അന്വേഷിക്കും. "അച്ചാച്ചേ അബൂദാബില് കൊണ്ടരാൻ ഞാൻ വരാട്ടോ."

ഓ ഹൊ ഹൊ! അദ്ദേഹത്തിനൊന്നും പറയാനില്ലായിരുന്നു.

ആഴ്ചകളിലെ വീട്ടിലേക്കുള്ള വിളി മാസങ്ങളായി; വല്ലപ്പോഴുമായി, അത്ഭുതനഗരത്തിന്റെ ഫ്ളാറ്റിൽ അനുമോളും ഇഴുകിചേർന്നു.

യാദൃച്ഛികമായി ഒരു ദിവസം വന്ന ഫോൺ കോൾ കേട്ട് പരിഭ്രമിച്ച അച്ഛൻ അമ്മയോട് പറയുന്നതുകേട്ടു. "നമുക്കുടനെ പോണം. അച്ചന് സീരിയസ്സാണെന്ന്''. അമ്മയും പറയുന്നതുകേട്ടു. "ഉടനെ പോവുന്നതാണ് നല്ലത്."

യാത്രക്കിടയിൽ അനുമോൾ ചോദിച്ചു. "അച്ചാച്ചയ്ക്ക് തീരെ വയ്യേ അമ്മേ".

"പനിയാത്രെ മോളെ. നമുക്ക് ചെന്ന് ചൂടുള്ള കഞ്ഞി

കൊടുക്കാം".

വിമാനമിറങ്ങുമ്പോൾ കാത്തുനിന്നിരുന്ന വലിയമ്മാവനെ കണ്ടു. അദ്ദേഹം എല്ലാവരോടുമായി പറഞ്ഞു. ''നമുക്കു വീട്ടിൽപോയി കുളിച്ചു ഫ്രഷായിട്ട് വരാം. അങ്ങനെ ഓടിപ്പോയിട്ടൊന്നും ഒരു കാര്യോമില്ല. ഐസിയുവിലാ. അവിടെ ചെല്ലാൻ തന്നെ സമയം നോക്കീട്ടുവേണം.

"അല്ല. ഇനി കണ്ടിട്ടെന്താ!" ഒരാത്മഗതം പോലെ അദ്ദേഹം സ്വരം താഴ്ത്തിപ്പറഞ്ഞു. അനുമോൾ ഇടയ്ക്ക് കയറി പറഞ്ഞു.

"ഇനിച്ച് അച്ചാച്ചേ ഇപ്പക്കാണണം. ന്നിട്ടേ വീട്ടിലേക്കുള്ളൂ!"

വലിയമ്മാവൻ അവളെ വാരിയെടുത്തു. "സുന്ദരിക്കുട്ടി, നമുക്കിപ്പോ പോവാം. അച്ഛനും അമ്മയും ഈ പെട്ടിയൊക്കെ വീട്ടില് വെച്ചോട്ടെ".

വലിയമ്മാവന്റെ വാക്കുകൾ ഗൗനിക്കാതെ അനുമോൾ വാശിപിടിച്ചു.

''ഇന്നേ ഒന്നാച്ചച്ചടെ അടുത്തു കൊണ്ടോകോ?"

"പോവാടി". അമ്മ ദേഷ്യപ്പെട്ടു. അവർ കാർ ആസ്പത്രിയിലേക്കുവിട്ടു.

വലിയമ്മാവൻ മുന്നിൽ നടന്നു. വിസിറ്റിംഗ് സമയമാണെങ്കിലും ആസ്പത്രിയിൽ വലിയ നിബന്ധന. പുറത്ത് രോഗികളും അവരെ കാണാൻ വരുന്നവരും ബന്ധുക്കളും നെട്ടോട്ടമോടുന്നു.

വാർഡുകളിൽ നിന്ന് വാർഡുകളിലേക്ക്, ലിഫ്ടു കയറിയിട്ടും നടന്നു പോകാൻ നീണ്ടവഴികൾ. മെൻ മെഡിക്കൽ ആറിലെ ഐസിയുവിനു മുന്നിൽ അവരെത്തി.

വാതുക്കൽ നിന്നിരുന്ന വൃദ്ധ അവരോടു പറഞ്ഞു.

''ന്റെ മക്കളെ, ഒന്നു ബോധം വന്നപ്പോ മൂപ്പര് എന്തോ ഒന്നുപറഞ്ഞു. വീണ്ടും സ്വാസം മേലോട്ടു കയറി. കീഴ്പെട്ടിങ്ങോട്ട് വരാൻ എന്താ കഷ്ടപ്പാട്."

ഐസിയുവിന്റെ വാതിൽ ചതുരത്തിലൂടെ അവർ നോക്കി.

"നോക്ക് മോളെ അച്ചാച്ച ചായി ഒറങ്ങ്വാ..."

ഒരു നേഴ്സ് വാതിൽ തുറന്നു പുറത്തേക്കുവന്നു.

"ആരാ അച്ചായി?"

അനുമോൾ പറഞ്ഞു. "ഞാനാ"

**കവിത**

**മറ്റക്കര സുകുമാരൻനായർ**





# ഭാരതപുത്രൻ

**കാ**ടതിൽ മറഞ്ഞിരു-
ന്നീടുന്നു കൃഷ്ണമേനോൻ
നാടതിൻ പൊന്നോമന-
പ്പുത്രനാം കൃഷ്ണമേനോൻ
കോഴിക്കോടിന്റെ വീര-
പുത്രനാമദ്ദേഹ മി-
ന്നാരാലു മറിയാതെ
പീഠത്തിൽ വസിക്കുന്നു.
'വികെ'തൻ പ്രതിമയി-
ന്നാകവേ ചെളിപിടി-
ച്ചേറെയും നാനാവിധ-
മായിട്ടു കാണുന്നിതാ.
പന്നിയന്തരയുടെ
പുത്രനാം കൃഷ്ണമേനോൻ
ചെന്നിരുന്നിടത്തെല്ലാം
ചരിത്രം സൃഷ്ടിച്ചല്ലോ
കാടുകൾ വെട്ടിത്തെളി-
ച്ചിടണമദ്ദേഹത്തെ
നാടിനുകൺകുളിർക്കെ
കാണുവാൻകഴിയണം
എങ്കിലേയവകാശ-
മുണ്ടാകൂ നമുക്കപ്പേ-
രുച്ചരിക്കുവാനെന്നും,
ഓർമ്മയുണ്ടായീടണം.

*(മാനാഞ്ചിറയിലെ കൃഷ്ണമേനോൻ പ്രതിമ കണ്ടിട്ട്)*

"കുട്ടിവരൂ. അമ്മേം വന്നോളൂ. ശബ്ദമുണ്ടാക്കരുത്. ഇക്കുട്ടിയെയാണെന്നു തോന്നുന്നു ഒന്നു രണ്ടു തവണ വിളിച്ചു".

അവർ അകത്തുകടന്നു. ബഡ്ഡുകളിൽ വരിവരിയായി നാലുപേരുണ്ട്. വൃദ്ധന്റെ മുഖത്തെ ഓക്സിജൻ മാസ്ക് ഇളകും മട്ടിൽ വലി. കർ കർ ശബ്ദം. ശ്വാസം കീഴോട്ടു വരാൻ വിഷമിക്കുന്നു.

അവർ കുനിഞ്ഞുനിന്നുനോക്കി. അനുമോൾ ശബ്ദം താഴ്ത്തി വിളിച്ചു.

"ഞാനാ അച്ചാച്ചേ. അച്ചായിക്കുട്ടി. കുറുമ്പിക്കാളി...."

നേഴ്സ് അവളുടെ തോളിൽ കൈവച്ചു. "വെയ്റ്റ്" മാസ്കിനുള്ളിലെ കണ്ണുകൾ തന്റെ മുഖം കണ്ടെന്നനുവിനു തോന്നി.

"അച്ചാച്ചേ" അവൾ വിളിച്ചു.

ശ്വാസംവലി ശബ്ദം സാധാരമാകുന്നു. കുഴിഞ്ഞ കണ്ണുകളിലെ കൃഷ്ണമണികൾ ഇളകുന്നു.

"കുട്ടി, കുട്ടി വന്നതു നന്നായി. നന്നായി കുറഞ്ഞിരിക്കുന്നു.

*(ശേഷം പേജ് 31ൽ)*

കഥ






കെ.വി.പ്രഭാകരൻ

ബാർബർ ബാലൻ അന്ന് പുറത്തേക്കിറങ്ങിയില്ല. ആരുടെയോ വരവ് പ്രതീക്ഷിച്ച്, അവിടവിടെ അടർന്നുപോയ വരാന്തയിലൂടെ അവൻ അങ്ങോട്ടുമിങ്ങോട്ടും നടന്നു. 'ഇന്നെന്താ കട തുറക്കുന്നില്ലേ' എന്ന ഭാര്യയുടെ ചോദ്യത്തിന് അവൻ ഉത്തരമൊന്നും പറഞ്ഞില്ല. ഇടക്കിടയ്ക്ക് ചരൽനിറഞ്ഞ മുറ്റത്തിറങ്ങി പുറത്തേക്ക് നോക്കി. മുറ്റത്തിനോട് ചേർന്നുനിൽക്കുന്ന അരമതിലിൽ കേറി നിന്ന് അകലേക്ക് നോക്കി വീണ്ടും തിരിച്ചുവന്ന് കോലായിൽ കയറി ഊറക്കുത്തിയ മരത്തൂണിനോട് ചേർന്നിരുന്നു.

"ങ്ങള്.... പല്ല് തേച്ചുവരിൻ.... ചായ കുടിക്കേണ്ടെ...."

ഭാര്യയുടെ ചോദ്യത്തിന് ഒരു മറുപടിയും പറയാതെ അവൻ വീണ്ടും മുറ്റത്തിറങ്ങി. പഴുത്ത മാവിലയെടുത്ത് ചവച്ച് പല്ല് തേക്കാൻ തുടങ്ങി. മുറ്റത്തെ തൈത്തെങ്ങിൽനിന്നും പച്ചീർക്കലെടുത്ത് നാവ് വടിച്ച് സിമന്റ് ഭരണിയിൽനിന്നും വെള്ളമെടുത്ത് മുഖം കഴുകുമ്പോഴാണ് ഒരു ജീപ്പ് റോഡിൽവന്നു നിന്നത്. ബാർബർ ബാലന്റെ ഉള്ളൊന്നു കാളി. എങ്കിലും ധൈര്യം സംഭരിക്കാൻ ഒരു ശ്രമം നടത്തി. ജീപ്പിൽനിന്നും അഞ്ചുപേർ പുറത്തിറങ്ങി. മുഖത്ത് വസൂരിക്കലയുള്ള കറുത്ത് മെലിഞ്ഞ ഒരാൾ. രണ്ട് പോലീസുകാർ. തലമുഴുവൻ നരച്ചുവെളുത്ത് നീണ്ടു മെലിഞ്ഞ പ്രായംചെന്ന ആൾ. പിന്നെ കറുത്ത് തടിച്ചു കുറുകിയ ഒരു മനുഷ്യനും. അയാൾക്ക് കഴുത്തില്ലെന്ന് തോന്നി.

"കാക്രാം കുന്നിൽ ബാലൻ നിങ്ങളല്ലെ"

കറുത്ത് കുറുകിയ ബാങ്ക് ക്ലർക്ക് അല്പം മുന്നോട്ടുനീങ്ങിനിന്ന് ചോദിച്ചു.

"അതെ." ബാലൻ തലകുലുക്കിയിട്ട് പറഞ്ഞു.

"നിങ്ങൾ കണയന്നൂർ കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്നും പതിനഞ്ചുവർഷം മുമ്പ് ഒരുലക്ഷം രൂപ ലോണെടുത്തിരുന്നു."

"അതെ...."

"അഞ്ചുവർഷത്തേക്കല്ലെ....?"

"അതെ....."

"നാല് വർഷം കൃത്യമായി തവണയടച്ചു. പിന്നെ വീഴ്ചവരുത്തി..."

"അങ്ങനെ പറ്റിപ്പോയി..."

"കാലാവധി കഴിഞ്ഞതിനാൽ പലപ്രാവശ്യം നോട്ടീസയച്ചിരുന്നു..."

"അയച്ചിരുന്നു..."

"എന്നിട്ട് താങ്കളുടെ ഭാഗത്തുനിന്നും ഒരനക്കവുമുണ്ടായില്ല."

"ശരിയാണ്.... ഉണ്ടായില്ല..."!

ബാർബർ ബാലന്റെ നിസംഗമായ മറുപടികേട്ട് ക്ലർക്കിന് ദ്വേഷ്യം അരിച്ചുകയറി. അയാൾ വസൂരിക്കല നിറഞ്ഞ മനുഷ്യന്റെ മുഖത്തേക്ക് നോക്കി. അയാൾ ബാങ്കിന്റെ സെക്രട്ടറിയായിരുന്നു. അയാൾ ഒരു ഫയൽ നിവർത്തി ഇപ്രകാരം പറഞ്ഞു.

"നിങ്ങൾ ഒരുലക്ഷം രൂപയാണ് ലോണെടുത്തത്. പതിനാല് ശതമാനം പലിശവച്ച് മാസംതോറും രണ്ടായിരത്തി എണ്ണൂറ്റി എൺപത്തിയെട്ട് രൂപ മുപ്പത്തിമൂന്ന് പൈസ അടക്കേണ്ടിയിരുന്നു".

"അറിയാം....!"

ഇനി പതിനൊന്നായിരത്തി അഞ്ഞൂറ്റി അമ്പത്തിമൂന്നുരൂപ മുപ്പത്തിരണ്ട് പൈസ നിങ്ങൾ അടയ്ക്കാനുണ്ട്.

"എഴുതിതള്ളുന്നത് എത്ര്യാ...." ബാലന്റെ ചോദ്യംകേട്ട് സെക്രട്ടറി ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഇത് കാർഷിക കടമല്ല...."

"എന്താണെങ്കിലും സർക്കാർ ഓർഡറില്ലെ...?!"

"ഇല്ല ഈ സംഖ്യ അടച്ചെ തീരൂ..."

ബാർബർ ബാലൻ മൗനിയായി. കുറിയവന് ദ്വേഷ്യംവന്നു. പ്രായമായ മനുഷ്യൻ (ബാങ്ക് പ്യൂൺ) അല്പം അടുത്ത്ചെന്ന് ചോദിച്ചു.

"അടയ്ക്കാൻ തയ്യാറുണ്ടോ?"

"ഇല്ല....!"

"പിന്നെ....?"

"നിവൃത്തിയില്ലാഞ്ഞിട്ടാ...."

"ഈ വീടും പറമ്പും വിൽക്കരുതൊ?" സെക്രട്ടറി ചോദിച്ചു.

"അതിന് ആധാരം ബാങ്കിലല്ലെ..."

"അടയ്ക്കാനുള്ള തുക മുൻകൂർ വാങ്ങി കടം വീട്ടുക... എന്നിട്ട് ആധാരം തിരിച്ചെടുക്കുക..." മാനേജർ പറഞ്ഞു.

"എന്നാലൊരു കാര്യം ചെയ്യാം. ഈ വീടുംപ

റമ്പും നിങ്ങളിലാരെങ്കിലും എടുത്തോ...! ബാലൻ അസന്ദിഗ്ധമായി പറഞ്ഞു.

“ഞങ്ങളൊ?!” പോലീസുകാരൊഴിച്ച് മറ്റ് മൂന്നു പേരും അങ്ങിനെ വാപൊളിച്ചുനിന്നു.

ക്ലാർക്കിന് അരിശംമൂത്തു. അയാളുടെ സ്വരം വല്ലാതെ പരുക്കനായി.

“നിങ്ങളുടെ വീടും പറമ്പും ജപ്തിചെയ്യേണ്ടി വരും”.

പെട്ടെന്ന് അവരുടെ മുമ്പിലേക്ക് ബാർബർബാലന്റെ ഭാര്യ ചാടിവീണ് തലതല്ലിക്കരഞ്ഞു.

“അയ്യൊ ആങ്ങളമാരെ.... അതുമാത്രം ചെയ്യല്ലെ... ഞാള്പിന്നെ ഏടെ താമസിക്കും... മൂന്നുസെന്റ് സ്ഥലോം... ഈ ഓലപൊരെം അല്ലാതെ ഞാക്കൊന്നും ഇല്ല്യേ... ഇനി ഒരു പെണ്ണിനേം കൂടി മംഗലംകയിക്കാനൊണ്ട്....!”

സെക്രട്ടറി ബാങ്ക് ക്ലാർക്കിനെ നോക്കി. അയാൾ കുത്താൻവരുന്ന പോത്തിനെപോലെ നില്പായിരുന്നു. മനസ്സിൽ നിറഞ്ഞുവന്ന സഹതാപം മൂലം സെക്രട്ടറിയുടെ തല താണു. കൂടെവന്ന പോലീസുകാരന്റേയും പ്യൂണിന്റേയും അനുഭവം അങ്ങിനെതന്നെ. ക്ലാർക്കിന് വീണ്ടും കലികയറി തുടങ്ങിയിരുന്നു.

“നിങ്ങള് സങ്കടം കേൾക്കാൻ വന്നതാ...അല്ലെങ്കിൽ നിയമം നടപ്പാക്കാനോ?”

നിലത്ത് മുട്ടുകുത്തിയിരുന്ന് കേഴുന്ന ബാലന്റെ ഭാര്യയെ നോക്കി സെക്രട്ടറി പറഞ്ഞു.

“തൽക്കാലം നിങ്ങളുടെ ജംഗമവസ്തുക്കൾ, ആയത് ഈ വീട്ടിലുള്ള ഇളകുന്ന മുതലുകൾ ഞങ്ങൾ കൊണ്ടുപോകും. അതാണ് നിയമം”.

“ങ്ങളെന്താ ഒന്നും മിണ്ടാത്തെ....”

അവൾ ബാലനെ പിടിച്ചുകുലുക്കി ചോദിച്ചു.

- അവൻ ഒരു ഭാവവ്യത്യാസവുമില്ലാതെ പറഞ്ഞു.


“കൊണ്ടുപോയ്ക്കോട്ടെ...”

“ശരി....” സെക്രട്ടറി പ്യൂൺ ഗോപാലനെ നോക്കി ഉത്തരവ് കൊടുത്തു.

“നേരം കളയേണ്ട ഗോപാലേട്ടാ... കേറി നോക്കി ലിസ്റ്റുണ്ടാക്കിക്കോ....!”

ഗോപാലൻ അകത്തേക്ക് കയറി. പോലീസുകാരിലൊരാൾ അയാളുടെ പിന്നാലെ ചെന്നു. ബാലന്റെ ഭാര്യ മീനാകഷി അവരുടെ പിന്നാലെ അകത്തേക്കോടി. സെക്രട്ടറി ഒരു സിഗററ്റെടുത്ത് പുകച്ചു. ക്ലാർക്ക് കൈയിലിരുന്ന പട്ടണംപൊടി മൂക്കിലേക്ക് വലിച്ചുകയറ്റി. ഒന്ന്, രണ്ട്, മൂന്ന്, നാല്.....അത് തുമ്മലായി പുറത്തേക്ക് വന്നു. പുറത്തുനിന്ന പോലീസുകാരൻ മൂത്രമൊഴിക്കാനായി ഇടവഴിയിലേക്കിറങ്ങി. മീനമാസത്തിലെ വെയിലിന്റെ കാഠിന്യം അവിടമാകെ നിറഞ്ഞു. ചുറ്റുപാടുകളെല്ലാം തളർന്ന് കിടക്കുന്നു. നിരാശാബോധത്തിന്റെയും നഷ്ടബോധത്തിന്റെയും വൈകാരികഭാവങ്ങൾ അവിടെ വിടർന്നു. തൈത്തെങ്ങിലിരുന്ന് ഒരു കാക്ക അലറിക്കരഞ്ഞു. അശുഭകരമായ എന്തൊ ഒന്നിന്റെ വരവിനെക്കുറിക്കുന്നതുപോലെയായിരുന്നു കാക്കയുടെ രോദനം. അതുപിന്നെ കിഴക്കുഭാഗത്തെ തൊടിയിലേക്ക് പറന്നുപോയി. അകത്ത് നിന്നും മീനാക്ഷിയുടെ അടക്കിപ്പിടിച്ച തേങ്ങൽ. അവൾ സൂക്ഷിച്ചുവെച്ച വസ്തുക്കളൊക്കെ അവർ ലിസ്റ്റിൽ പെടുത്തുന്നുണ്ടാകും.

വലിയപറമ്പിന് അരുകിൽ ഒരു കൊച്ചോലപ്പുര. കണ്ടാൽ ഈ പറമ്പ് മുഴുവൻ ബാലന്റേതാണെന്ന് തോന്നും. കാടുപിടിച്ചുകിടക്കുന്ന പറമ്പിൽ കുറുക്കനും പെരുച്ചാഴിയും നിർബാധം സഞ്ചരിക്കുന്നു. വീടിന്റെ കാര്യം പരമദയനീയമായിരുന്നു. മഴ ചോർന്നൊലിച്ച് ചിത്രത്താളുകൾ വീഴ്ത്തിയ മൺചുമർ. ഒടിഞ്ഞു കുത്തി വീഴാറായ മേൽപുര. വെളിച്ചം കേറാത്ത കുടുസ്സായ രണ്ട്



മുറികൾ - കുടികിടപ്പ് കിട്ടിയതായിരുന്നു ആ മൂന്നു സെന്റ് സ്ഥലം.

മൂത്രമൊഴിക്കാൻ പോയ പോലീസുകാരൻ തിരിച്ചുവന്നു. അയാൾ ബാലന്റെ അരികിൽ വന്ന് രഹസ്യം ചോദിക്കുന്നതുപോലെ അന്വേഷണം നടത്തി.

“എന്തിനാ ത്രേം കടം വാങ്ങ്യേത്...?”

“മൂത്ത മോള്ടെ കല്യാണത്തിനാ...”

“ഉള്ളത് കൊടുത്താ പോരായിരുന്ന്വോ...?”

“ഓൻ ഗൾഫിലാ... അപ്പൊ ചോദിക്ക്ണത് കൊടുക്കെണ്ടേ?”

*(ശേഷം പേജ് 21ൽ)*



പൂനൂർ കെ.കരുണാകരൻ

# വി. വി. കെ
## മലയാളവും മലയാളിയും മറന്നകവി

കാലത്തിനുമീതെ കടന്നിരിയ്ക്കുവാൻ കഴിയുന്നവരാണ് കവികളും എഴുത്തുകാരും എന്നത് ഒരു സിദ്ധാന്തം തന്നെയാണല്ലോ. മനുഷ്യമനസ്സിന്റെ ഉദാത്തഭാവങ്ങളെ അനശ്വരതയുടെ വിസ്മയരൂപങ്ങളായി വാർത്തെടുക്കുന്നതിൽ കാണിയ്ക്കുന്ന അസാധാരണമായ കർമ്മകുശലത തന്നെ ഇതിന്റെ കാരണം. ഭാഷാചരിത്രത്തിന്റെ വഴിത്താരകളിലെ നക്ഷത്രവിളക്കുകളായി, അവരുടെ സർഗ്ഗസിദ്ധികൾ വെളിച്ചം പകർന്നു നൽകുന്നു എന്നത്, മറ്റൊരു കാരണവും. എങ്കിലും നിർഭാഗ്യകരമെന്നു പറയട്ടെ, വർഷങ്ങളുടെ ക്ലാവുപിടിച്ച് അവയിൽ പലതും നിറംമങ്ങിപ്പോവുന്ന, ദുഃഖകരമായ ദൃശ്യങ്ങൾക്ക് ചിലപ്പോഴെങ്കിലും നാം അനുഭവസാക്ഷികളാകുന്നു. പ്രശസ്ത കവിയായിരുന്ന വി.സി.ബാലകൃഷ്ണപ്പണിക്കരെപ്പോലുള്ളവരെ ഇവിടെ ഓർക്കുക. മലയാളകവിതയെ, ഒരു കാലഘട്ടത്തിന്റെ ഹൃദയശബ്ദമായി മാറ്റിയെടുത്ത അദ്ദേഹവും അതുപോലെയുള്ള ഒട്ടേറെ പേരും മലയാളത്തിന്റെ മനസ്സിൽനിന്നു അകന്നുപോയിക്കൊണ്ടിരിയ്ക്കുന്നു. അക്കൂട്ടത്തിൽ പ്രതിഭാധനനായ മറ്റൊരു കവികൂടിയുണ്ട്. അമ്പതുകളിലും അറുപതുകളിലും മലയാളകവിതയെ തന്റെ സുന്ദര രചനകളിലൂടെ ചൈതന്യധന്യമാക്കിയ ശ്രീ വി.വി.കെ.



“വി.വി.കെ എന്നാൽ വിശുദ്ധ വികാരാത്മകമായ കവനമാധുരിയുടെ മുദ്രയാണത്” ജ്ഞാനപീഠ ജേതാവായ എസ്.കെ.പൊറ്റക്കാട് ഒരിയ്ക്കൽ അഭിപ്രായപ്പെട്ടതു ഇങ്ങിനെയായിരുന്നുവെന്നു ഗ്രന്ഥകാരനും സാഹിത്യകാരനുമായ ശ്രീ കെ.പാനൂർ എഴുതുകയുണ്ടായി. ഒരുകാലത്ത്, മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വി.വി.കെ.യുടെ കവിതകൾ അച്ചടിച്ചുവരുമ്പോൾ ആവേശപൂർവ്വം അത് വായിയ്ക്കുവാനും സൂക്ഷിച്ചുവെയ്ക്കാനും കവിതാകുതുകികൾ കാണിച്ച ഔത്സുക്യം ആവേശോജ്ജ്വലമായിരുന്നു. ഇത് വി.വി.കെ.യുടെ കാര്യത്തിൽ മാത്രമായിരുന്നില്ല ബാധകം. ഏത് നല്ല കവിതയും സഹൃദയർ ഹൃദയത്തിലേറ്റിക്കൊണ്ടാടുന്ന കാലമായിരുന്നു അത്. വി.വി.കെ.യുടെ കവിതകളെ ശ്രീമാൻ വി.കൃഷ്ണവാരിയർ വിശേഷിപ്പിച്ചത് ‘വൈരക്കല്ലിന്റെ നിത്യോജ്ജ്വലതയും മുല്ലപ്പൂവിന്റെ സ്വച്ഛസൗരഭ്യവുമുള്ളവ’ എന്നാണ്. (എന്റെ കവിത-കവിപൂജ).

ഇതൊക്കെയാണെങ്കിലും മഹാനായ ഈ കവിയെക്കുറിച്ച് ഏറെയൊന്നും നമുക്കറിയില്ല. ഈ ലേഖനം തയ്യാറാക്കുന്നതിനായി അദ്ദേഹത്തിന്റെ കവിതാപുസ്തകങ്ങളോ ജീവചരിത്രമോ കിട്ടുമോ എന്നു ശ്രമിയ്ക്കുകയുണ്ടായി. ഒന്നുംതന്നെ പ്രിന്റിലോ, വില്പനയിലോ ഇല്ല എന്നത്രെ സത്യം. അദ്ദേഹത്തിന്റെ അറുപതാം പിറന്നാൾ ദിനത്തിൽ ശിഷ്യരും സുഹൃത്തുക്കളും ചേർന്നു നൽകിയ സ്നേഹോപഹാരമായ “എന്റെ കവിത” എന്ന തിരഞ്ഞെടുത്ത കവിതകളുടെ സമാഹാരം മാത്രമാണ് ഇപ്പോൾ എന്റെ മുന്നിലുള്ളത്. വിപുലമായ അന്വേഷണത്തിനും, പരിമിതമായ സമയവും സാഹചര്യങ്ങളും തടസ്സമായി. വി.വി.കെ. ഏറെക്കാലം കതിരൂർ ഹൈസ്കൂളിലും പിന്നീട് കൂത്തുപറമ്പ് ഹൈസ്കൂളിലും മലയാളം അദ്ധ്യാപകനായി

ജോലിചെയ്തിരുന്നു. 'വി.വി.കെ. ശിഷ്യസമ്പന്നനായ ഒരദ്ധ്യാപകനും സഹൃദയനായ ഒരു ഗായകനും, പാടുന്നതുപോല പ്രസംഗിയ്ക്കുവാൻ കഴിയുന്ന ഒരു പ്രാസംഗികനും, അടിപതറാത്ത ദേശാഭിമാനിയും, അങ്ങിനെ മറ്റുപലതുമായിരുന്നു'വെന്നു അദ്ദേഹവുമായി ഏറെ അടുപ്പമുണ്ടായിരുന്ന ശ്രീ. കെ.പാനൂർ അനുസ്മരിക്കുന്നു. (എന്റെ കവിത - തൂലികാചിത്രം).

വി.വി.കെ.യുടെ കവിതകളിലൂടെ കടന്നുപോവുമ്പോൾ ജീവിതത്തെ എത്രമാത്രം പ്രസാദമധുരമായി കണ്ട കവിയായിരുന്നു അദ്ദേഹം എന്നു തിരിച്ചറിയുവാൻ പ്രയാസമില്ല.

"കൂരിരിട്ടിനുമന്തർ
മ്മണ്ഡലത്തിങ്കൽക്കാണും
ചാരുവാംപുലരിയെ
നിർമ്മിയ്ക്കും വിശുദ്ധികൾ.

എന്നു ശുഭാപ്തിവിശ്വാസം കൊള്ളുന്ന കവിയ്ക്ക് അങ്ങിനെയാവാനല്ലേ കഴിയൂ.

'ലോകപരിഷത്തു തന്റെ - ലോല
കാലികഗ്രന്ഥവരിയിൽ
ജീവിതകാവ്യം കുറിപ്പൂ- നമ്മ
ളേവരും സ്വന്താക്ഷരത്തിൽ',
എന്നും,
'സ്വന്തം ചിറക് മുളച്ചു - ലോക
ചിന്തയിൽപ്പൊന്തും കവിത.
കണ്ണീർകഴുകാനുലകിൽ -
സ്നേഹ
വിണ്ണാറൊഴുക്കും കവിത'.
*(എന്റെ കവിത - ഞാനൊന്നുപാടി)*



എന്നും പാടുന്ന ഈ കവി സ്നേഹത്തെ കവിതയുടെ അന്തർധാരയാക്കുകയും അതിനെ വിശ്വപ്രകൃതിയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു.

ഏത് കവിയിലും ഒരു ക്രാന്തദർശിയുണ്ട് എന്നുപറയാറുണ്ട്. വി.വി.കെ.യുടെ ചില കവിതകളെങ്കിലും ഇതിനു ഉദാഹരണങ്ങളായി കാണാം. മനഃസ്സാക്ഷിയുള്ളവരെ മുഴുവൻ നൊമ്പരപ്പെടുത്തിയ ഒരു വാർത്ത ഈയിടെ പത്രങ്ങളിൽ നാം വായിയ്ക്കുകയുണ്ടായല്ലോ. അച്ഛനമ്മമാർ എഴുതിക്കൊടുത്ത സ്ഥലത്ത് വീട് നിർമ്മിച്ച മകൻ, രോഗികളും വൃദ്ധരും നിസ്സഹായരുമായ അവരെ പുറത്തെ കാർപോർച്ചിൽ തള്ളി, സ്വന്തം കുടുംബവുമായി, ഏറെ സുഖസൗകര്യങ്ങളോടുകൂടി മറ്റൊരു സംസ്ഥാനത്തേയ്ക്ക് കുടിയേറിയ കഥ. അഞ്ചുമക്കൾ വേറെയുമുണ്ടായിരുന്നു ഹതഭാഗ്യരായ ഈ മാതാപിതാക്കൾക്ക് എന്നും വാർത്തയിൽ കാണുന്നു. ഇനി വി.വി.കെ.യുടെ "അജ്ഞാത രത്നങ്ങൾ" എന്ന കവിതയിലേയ്ക്ക് വരിക. കുട്ടികളെപ്പറ്റി അദ്ദേഹം എഴുതുന്നു:

"രാഷ്ട്രത്തിൻ സമ്പത്തുകൾ
കുട്ടികൾ, സ്നേഹോൽക്കൃഷ്ട
വിഷ്ടപത്തിനായ് ദൈവം
നൽകിടും കൈനേട്ടങ്ങൾ".

അതുമാത്രമല്ല,

നിർണ്ണയം നാമിന്നേറ്റ
ധാർമികാശയങ്ങളെ
പൂർണ്ണമാക്കീടേണ്ടുന്ന
ഭാവിതൻ വിധാതാക്കൾ" എന്നും കൂടി

അദ്ദേഹം അവരെ വിശേഷിപ്പിയ്ക്കുന്നു. പക്ഷെ, ഈ വിശേഷണങ്ങളൊക്കെക്കഴിഞ്ഞു അദ്ദേഹം സൂചിപ്പിക്കുന്നു: ഇത് ശരിതന്നെ. പക്ഷേ, സംഭവിയ്ക്കുന്നതോ?

മക്കൾതൻ മനോഹര
ഭാവിയ്ക്കുവേണ്ടി സർവ്വ
ദുഃഖവും സഹിച്ചുകൊ-
ണ്ടാളുകൾ യത്നിച്ചിടും
എങ്കിലാ,സാഫല്യത്തെ
സ്വീകരിക്കുവാൻ
ചിത്ത-
സംസ്കാരമുണ്ടോ
മക്കൾ-
ക്കെന്നവർ ചിന്തി
പ്പീല
സംസ്കാരമില്ലാത്തോർക്കു
സമ്പത്ത് നൽകീടു
മ്പോൾ
സത്യമാ,യവിവേകി-
ക്കായുധം കൊടുക്കുന്നു.

മുകളിൽ വിവരിച്ച സംഭവകഥയും, കവിയുടെ ഈ അതിസൂക്ഷ്മ നിരീക്ഷണവും കൂട്ടി വായിയ്ക്കുക. മാറുന്ന കാലത്തിന്റെ കറുത്ത മുഖച്ഛായയെ എത്ര ഭാവാത്മകമായി കവി കണ്ടെത്തുന്നു!

കവിത ആസ്വാദകരിൽനിന്നു അന്യമായിക്കൊണ്ടിരിയ്ക്കുന്ന ഒരു കാലമാണ് ഇത്, എന്നു നമുക്കറിയാം. ജീവിതത്തിന്റെ സമസ്ത ഭാവങ്ങളേയും ഉൾക്കാഴ്ചയോടെ കണ്ടറിയുവാനും അതിനെ വായനക്കാരന്റെ ഹൃദയതാളമായി രൂപപ്പെടുത്തുവാനും വർത്തമാനകാല കവികളിൽ മഹാഭൂരിപക്ഷത്തിനും കഴിയാതെ പോവുന്നുവെന്നതാണ് ഈ അപചയത്തിന്റെ മുഖ്യകാരണം. കവിത വൃത്തനിബദ്ധമോ, വൃത്തമുക്തമോ എന്നതല്ല അത് കവിതയാവുക എന്നിടത്തേയ്ക്ക് മാത്രമേ ആസ്വാദകന്റെ അന്വേഷണതൃഷ്ണ നീളുകയുള്ളൂ. ജീവിത പ്രാരാബ്ധങ്ങളുടെ വലിയ ചുമടുകൾ ചുമന്നു നീങ്ങുന്നവന്റെ മുമ്പിൽ വായനയും ഒരു ഭാരമാവുമ്പോൾ, അത് കവിതയുടെ സുകൃതക്ഷയമായി ഭവിയ്ക്കുമെന്നു കാണാൻ പ്രവചനശക്തിയൊന്നും ആവശ്യമില്ല. പരീക്ഷണക്കുതുകികളല്ലാതിരുന്നതുകൊണ്ടു പഴയ കവി

കളുടെ ചില ഈരടികളെങ്കിലും ഇന്നും ഹൃദയത്തിൽനിന്നും ചുണ്ടുകളിലേയ്ക്ക് ഇറങ്ങിവരുന്നു.

"ജീവിതസ്പർശനലോല-കലേ!
ഭൂവിൽ നീയേതിലും മേലെ".

എന്നു വി.വി.കെ.യെപ്പോലെത്തന്നെ വിശ്വസിച്ചിരുന്ന പഴയ തലമുറയായിരുന്നു അക്കാലത്ത്. കവിതയെ സർഗ്ഗാത്മകതയുടെ വസന്തവനിയിലേയ്ക്ക് ആനയിച്ചു ആ കവികളും ആ കാലഘട്ടവും. 'കവിതയെപ്പറ്റി ഏറ്റവുമധികം കവിതകളെഴുതിയ കവി', എന്നു വി.വി.കെ.യെ ശ്രീ എൻ.വി. കൃഷ്ണവാരിയർ വിശേഷിപ്പിച്ചതും ആ കാലഘട്ടത്തിന്റെ പ്രതിനിധിയായതുകൊണ്ടുതന്നെ.

വി.വി.കെ.യുടെ കവിതകളുടെ സമഗ്രമായ പഠനം ഈ ചെറിയ ലേഖനത്തിന്റെ പരിധിയിൽ വരുന്നില്ല. അദ്ദേഹത്തിന്റെ എല്ലാ കവിതകളും തേടി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നതുതന്നെ പ്രശ്നം. എങ്കിലും മനോഹരങ്ങളായ ഒട്ടേറെ കവിതകളിലൂടെ മലയാള കവിതാ മണ്ഡലത്തെ സമ്പുഷ്ടവും സമ്പന്നവുമാക്കിയ സർഗ്ഗധനനായ ഈ കവി, കുറെക്കൂടി പരിഗണനയും ശ്രദ്ധയും അർഹിയ്ക്കുന്നുവെന്ന കാര്യത്തിൽ സംശയമില്ല. ആ വഴിയ്ക്ക് നീങ്ങാനുള്ള പ്രേരണയും പ്രചോദനവുമാവട്ടെ എന്നത് മാത്രമാണ് ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നത്.

"നാളെയുടെ നവലോക
സംവിധാനത്തിൽ നിന്റെ
നാവ് പാവപ്പെട്ടവർക്കു
ശക്തിയാവട്ടെ' എന്നു മനുഷ്യമഹത്വത്തെ വാഴ്ത്തിപ്പാടിയ കവിയെ, മണ്ണിന്റെ മണമുള്ള മലയാളിക്ക് മറക്കാൻ കഴിയുന്നതെങ്ങിനെ?

n




*പേജ് 18 തുടർച്ച*

"ഇക്കടം വീട്ടാനോനെക്കൊണ്ട് കയ്യൂലേ...?"

"ഇത്വരെ കടംവീട്ട്യേത് ഓനാ...!"

"ഇപ്പെന്തായീ...."?

"ഓനൊരു കേസിൽ കുടുങ്ങി ജയിലിലാ...!"

"കഷ്ടം...."

പ്യൂൺ ഗോപാലേട്ടൻ ലിസ്റ്റുമായി പുറത്തേക്ക് വന്നു. മീനാക്ഷി ഒരു നിലവിളക്ക് കൈയിൽ പിടിച്ചിരുന്നു. സെക്രട്ടറി ലിസ്റ്റ് വാങ്ങി പരിശോധിച്ചു. ഉദ്ദേശിച്ചത്രയും സാധനങ്ങളില്ല. "അതെന്താ, ആ നിലവിളക്ക്" സെക്രട്ടറി ചോദിച്ചു.

"അത് തരുന്നില്ല...." പ്യൂൺ പറഞ്ഞു.

"ന്റെ പൊന്നാങ്ങളെ.... അന്തിക്ക് വെളക്ക് തെളീക്കാനുള്ളതാ... ഇത് ഞാൻ തർല്യാ..."

സെക്രട്ടറി ആശയക്കുഴപ്പത്തിലായി. എന്ത് ചെയ്യും? ഇനിയും ബെക്കാൻ വയ്യ. വിശപ്പ് കത്തിക്കാളുന്നു.

"ഇതിൽ വിലപിടിച്ചതൊന്നുമില്യ... കിട്ടാനുള്ളതിന്റെ ഒരംശംപോലും ഇതിലില്ല്യാ...."

"എന്നാലും നിയമം പാലിക്കേണ്ടെ...?" മാനേജർ.

"ഇത് കൊണ്ട്വോയിട്ടെന്താ സർ...?" പ്യൂൺ ഗോപാലൻ സങ്കടത്തോടെ പറഞ്ഞു. അപ്പോഴായിരുന്നു ബാലന്റെ രണ്ടാമത്തെ മകൾ ഭാമ കംപ്യൂട്ടർ ക്ലാസ്സും കഴിഞ്ഞ് പടികയറിവന്നത്. വീട്ടിൽ പരിചയമില്ലാത്ത ആളുകളെകണ്ട് അവളൊന്നമ്പരന്നു. പിന്നീടവൾക്ക് കാര്യം മനസ്സിലായി. ബാങ്കിൽനിന്നുംവന്ന നോട്ടീസ് വായിച്ചത് അവളായിരുന്നു. ഇന്ന് ക്ലാസ്സിൽ പോകേണ്ടെന്ന് കരുതിയ അവളെ നിർബന്ധിച്ച് പറഞ്ഞയച്ചത് ബാലനായിരുന്നു.

ബാങ്ക് ക്ലാർക്കിന്റെ കണ്ണിൽ ഭാമയുടെ കഴുത്തിലെ മാല കിടന്ന് തിളങ്ങി.

"അതെത്ര പവന്ണ്ട്..." അവളുടെ മാലചൂണ്ടി അയാൾ ചോദിച്ചു.

"ഒരുപവൻ" ഭാമ പറഞ്ഞു.

"അതുമതി.... ഇങ്ങോട്ടൂരി തന്നേക്ക്...."

"ന്റെ മോള്... കുറിക്ക് ചേർന്ന് വാങ്ങ്യേതാ...." മീനാക്ഷി സങ്കടപ്പെട്ടു.

"കടംവീട്ടിട്ട് മതി.... പൊന്ന്"

ക്ലാർക്ക് ആ മാല അഴിച്ചുവാങ്ങി. സെക്രട്ടറിയുടെ കൈയിൽ കൊടുത്തു. വന്നവർ പോകാനായി മുറ്റത്തേക്കിറങ്ങി. പിന്നെ അരമതിലുകേറി വഴിയിലേക്കിറങ്ങി. മൗനം അവരുടെ പാദങ്ങൾക്ക് ഭാരം വർദ്ധിപ്പിച്ചു.

ബാലൻ മുറ്റത്ത് തളർന്നിരുന്നു. അയാൾക്ക് നെഞ്ച് വേദനിക്കുന്നതുപോലെ തോന്നി. മീനാക്ഷി അയാളെ താങ്ങിപ്പിടിച്ച് കോലായിൽ കിടത്തി. വെറും നിലത്ത് മലർന്നുകിടന്ന് അയാൾ പുരയുടെ മോന്തായത്തിലേക്ക് നോക്കി. ആ അവസ്ഥകണ്ട് ഭാര്യയും മകളും അലമുറയിട്ടു.

"അതുപോട്ടച്ഛാ.... നമ്മക്ക് ഇനിയും വാങ്ങാലോ..." ഭാമ കരച്ചിലിനിടയിൽ പറഞ്ഞു. മുറ്റത്ത് കാൽപെരുമാറ്റം കേട്ട് ഭാമ തിരിഞ്ഞുനോക്കി. ആർദ്രമായ കണ്ണുകൾ അവൾക്കുനേരെ നീട്ടി ബാങ്ക് സെക്രട്ടറി അവിടെ നിൽക്കുന്നു. അയാളുടെ കണ്ണുകളിലപ്പോൾ ബാങ്കിലെ അയാളുടെ സ്ഥാനത്തേക്കാൾ മനസ്സിന്റെ വലിപ്പം തെളിഞ്ഞുനിന്നിരുന്നു. അയാൾ പോക്കറ്റിൽനിന്നും സ്വർണ്ണമാലയെടുത്ത് അവൾക്കുനേരെ നീട്ടി.

n


## ഏജന്റുമാരെ ആവശ്യമുണ്ട്

നക്ഷത്രരാജ്യം മാസിക വിതരണത്തിന് താലൂക്ക് അടിസ്ഥാനത്തിൽ ഏജന്റുമാരെ ആവശ്യമുണ്ട്. നേരിലോ ഫോൺ മുഖാന്തിരമോ ബന്ധപ്പെടുക

ഫോൺ: **9744233997**
**9847649567**



SILK- DESIGNER SAREES
CHURIDAR MATERIALS
KIDS WEARS
MENS WEARS
NIGHT WEARS
OTHER TEXTILE ITEMS
NAKSHATRA
SILKS & SAREES
P S C BANK BUILDING PANTHEERANKAVE
MOB: 9895282675




Ph:2330885
Mob: 9446695825
ആശീർവാദ്
ബേക്കേഴ്സ്
PVS ഷോപ്പിങ്ങ് കോംപ്ലക്സ്
ബൈപ്പാസ്സ് ജംഗ്ഷൻ, മാങ്കാവ്
കോഴിക്കോട് – 673 007
ചുരുങ്ങിയ പലിശനിരക്കിൽ
പണ്ടം പണയത്തിൽ പണം കൊടുക്കുന്നു.




Mob: 9744212767
ഗീതാ മോട്ടോർസ്
പുതിയപാലം
കോഴിക്കോട് – 2




Mob: 9947411868
9947339446
New Body Building
Patch Work
Spray Painting
S.M. AUTO GARAGE
Puthiyapalam, Mooriyad Road




Roopesh Kumar
Mob: 9847554907
Duke
DRESSES
JIJEESH BUILDING,
NEAR K.S.E.B PATERI, CALICUT 16
ജീൻസ്, ടിഷർട്ട്, പാന്റ്, ഷർട്ട്, ഷോട്ട്സ്,
ജുബ്ബ മുതലായ എല്ലാവിധ വസ്ത്ര
ങ്ങളും വൃത്തിയായി റിപ്പയർചെയ്തു
കൊടുക്കുന്നതാണ്.




Photo gallery
Majestic Building,
Palazhi Road, Pottammal, Calicut.
Mob: 9847540578
Digital Wedding Album
Digital Video Coverage
Old Photo Recopy work
Photo Lamination
Passport Size Photo etc.

# വ്യാകരണത്തിന്റെ 'ഹുങ്ക്' തീർക്കാൻ

കുഞ്ഞനന്തൻ നായർ

ഭാഷാചിന്തനത്തിനിടയിൽ വിശേഷേണ ഓർമ്മിക്കേണ്ടത് വാമൊഴി, വരമൊഴി ഭേദത്തെയാണ്. ഏത് ഭാഷയ്ക്കും ഈ വകഭേദമുണ്ട്. ഇതിൽ അവഗണിക്കാനൊക്കാത്തതാണ് വാമൊഴി. ഭാഷ രൂപപ്പെടുത്തുന്നതിനും വികസിക്കുന്നതിനും വാമൊഴിക്കുള്ള പങ്ക് ചെറുതല്ല.

വാമൊഴിക്കുള്ള കുഴപ്പം അതിന്റെ പ്രാദേശിക ഭേദമാണ്. നേരിട്ട് സംസാരിക്കുമ്പോൾ ആംഗ്യഭാവാദികൾ അതൊട്ടാക്കെ പരിഹൃതമാക്കും. എന്നാൽ എഴുത്തുഭാഷക്ക്(വരമൊഴി) ഈ സൗകര്യമില്ല. അപ്പോൾ വരമൊഴിക്ക് ഐകരൂപ്യം വേണം. ഇവിടെയാണ് വ്യാകരണം കടന്നുവരുന്നത്. ഒരർത്ഥത്തിൽ ഭാഷയുടെ ഭരണഘടനയാണ് വ്യാകരണം. സാമൂഹ്യപരിഷ്കരണത്തിനു കാലാനുസൃതമായ ഭേദഗതികൾ ഭരണഘടനക്കു വരുത്താറുണ്ടല്ലോ. ഭാഷയുടെ ഭരണഘടനയിലും ഇത്തരം ഭേദഗതികൾ അനിവാര്യമാണ്. ഇതാണ് കേരളപാണിനീയ കർത്താവ് ഭംഗ്യന്തരേണപറഞ്ഞത്. തെളിച്ചതിലേ നടന്നില്ലെങ്കിൽ നടക്കുന്നതിലേ തെളിച്ചോളാൻ, ഈ ഭേദഗതിക്ക് വഴങ്ങാത്തപ്പോഴായിരിക്കും "പ്രായേണ വൈയാകരണാഃ പിശാചാഃ പ്രായോഗമന്ത്രേണനിവാരണീയഃ" എന്ന് കാരശ്ശേരി ഉദ്ധരിച്ച ചൊല്ലുണ്ടായത്. പ്രയോഗമന്ത്രശക്തിയെ പുകഴ്ത്തുന്ന ചൊല്ല് സംസ്കൃതത്തിൽ വേറെയുണ്ട്.

"ഭംക്തും പ്രഭുർവ്യാകരണസ്യഡംഭം
പദപ്രയോഗാധ്വനി ലോക ഏഷഃ'

വ്യാകരണത്തിന്റെ 'ഹുങ്ക്' അടക്കാനാകും. പദപ്രയോഗത്തിന്റെ വഴിക്കാണ് ഈ ലോകം,



### ക്ഷണനവും ക്ഷണവും

കെ.എസ്.സഫ്ദർ മട്ടാഞ്ചരിയുടെ ഒരു കത്തു കണ്ടു 'ക്ഷണനവും ക്ഷണവും എന്തെന്ന് വേർതിരിച്ചറിയാത്തവരേറെയാണ് മലയാളത്തിലെ'ന്ന്. അപ്പറഞ്ഞത് ശരി, 'ക്ഷണവും ക്ഷണനവും' തിരിച്ചറിയായ്കതന്നെയാണ് പ്രശ്നം. ക്ഷണവും ക്ഷണനവും സംസ്കൃതപദമല്ലന്ന് തിരിച്ചറിയായ്മ. ഈ രണ്ടുപദങ്ങളും തായ്മൊഴിയിലെ സ്വന്തം പദമാണ്. സംസ്കൃതവുമായി ഈ പദങ്ങൾക്ക് ഒരു ബന്ധവുമില്ലെന്ന് ചുരുക്കം. സംസ്കൃതത്തിൽ ക്ഷണവും ക്ഷണനവും 'ഇൻവിറ്റേഷൻ' എന്ന അർത്ഥമുള്ളതല്ല. ക്ഷണുഹിംസയാം എന്ന ധാതുവിൽ നിന്ന് നിഷ്പന്നമാണ് ഈ രണ്ടുപദവും. ക്ഷണം എന്നാൽ ഒന്നും ചെയ്യാതിരിക്കൽ, മുഹൂർത്തം, ഉത്സവം, വാവ് എന്നൊക്കെയാണ് സംസ്കൃതഭാഷയിലെ അർത്ഥങ്ങൾ. പുറമേ നശിപ്പിക്കൽ, ഉപദ്രവിക്കൽ എന്ന ധാത്വർത്ഥവും ഉണ്ട്. സംസ്കൃതത്തിലെ ഉപദ്രവിക്കൽ എന്ന അർത്ഥംവെച്ചാണ് 'ക്ഷണനം' എന്ന് പ്രയോഗിക്കരുത് എന്ന് ശഠിക്കുന്നത്. അങ്ങനെയെങ്കിൽ 'ക്ഷണവും' പറ്റില്ല. കാരണം 'ക്ഷണം' എന്നതിനും 'ഉപദ്രവിക്കൽ' എന്ന അർത്ഥമുണ്ട്. സാഹിത്യപഞ്ചാനന്റെ 'പ്രയോഗദീപിക'യാണ് ക്ഷണനത്തിന് വിലക്കേർപ്പെടുത്തിയത്. ക്ഷണനത്തിന് മാത്രമല്ല ക്ഷണത്തിനും ഹിംസിക്കൽ എന്ന അർത്ഥമുണ്ട് എന്ന് പ്രയോഗദീപിക മറന്നു കാണും. ആമന്ത്രണം(ഇൻവിറ്റേഷൻ) എന്ന അർത്ഥത്തിൽ ക്ഷണനവും ക്ഷണവുമേ മലയാളത്തിലുള്ളു. അത് തായ്മൊഴിക്ക് സ്വന്തമാണുതാനും. സംസ്കൃതമാണെന്ന് തോന്നിപ്പോകുന്ന- എന്നാൽ അങ്ങനെയല്ലാത്ത - ധാരളം പദങ്ങൾ താഴ്മൊഴിക്ക് സ്വന്തമായുണ്ട്. ധൃതി, പ്രസംഗം മുതലായ പദങ്ങൾ സംസ്കൃതമാണെന്ന് തോന്നി പോകും. സംസ്കൃതത്തിൽ ധൃതി ധൈര്യമാണ്. പ്രസംഗം സന്ദർഭമാണ്.

ഒരു സാധാരണ മലയാളി 'ക്ഷണനം' എന്നതുകൊണ്ട് ഉപദ്രവിക്കൽ എന്ന് അർത്ഥം ധരിക്കയില്ല. സംസ്കൃതം പഠിച്ച സാഹ്യത്യപഞ്ചാനന്മാർ അങ്ങനെ സഞ്ചരിച്ചേക്കാം. ഉറങ്ങുന്നവനെ പ്രയാസപ്പെട്ട് വിളിച്ചുണർത്തി നിനക്ക് തിന്നാനൊന്നുമില്ല എന്ന് പറയുമ്പോലെയാണ് ഇവിടെ പ്രയോഗദീപിക ചെയ്തത്

### യോഗവും ധ്യാനവും

യോഗം എന്നത് സംസ്കൃതവും യോഗ എന്നത് മലയാളവും ആണെന്ന് കാരശ്ശേരി പറയുന്നു. അത് ശരിയാണെന്ന് തോന്നുന്നില്ല. രണ്ടും യോഗവും യോഗയും-സംസ്കൃതം തന്നെ. യോഗ എന്നത് തദ്ഭവമാണെന്ന് പറഞ്ഞതും ചിന്ത്യം.

യോഗം എന്നത് യോഗ എന്നതിനോട് 'അം' നപുംസകപ്രത്യയം ചേർന്നുണ്ടായ രൂപമാണ്. യോഗ എന്ന കേവലപ്രകൃതിയോട് 'അം' എന്ന നപുംസക ലിംഗപ്രത്യയം ചേർന്ന് യോഗമായി. യോഗഃ എന്ന് സംസ്കൃതത്തിൽ പുല്ലിംഗമായും പ്രയോഗമുണ്ട്. 'യോഗ' എന്ന പ്രകൃതിയോട് പുരുഷപ്രത്യയം ചേർന്ന് യോഗഃ എന്നുരൂപം. യോഗ എന്നത്പോലെ കേവല പ്രകൃതി തത്സമം തന്നെ. പ്രകടമായ രൂപപരിണാമമുള്ള പദങ്ങളെയാണ് തദ്ഭവം എന്ന് പറയുക. ഉദാ: തൊയിരം-തദ്ഭവം. സൈ്വരം എന്ന് തത്സമം

'മാതൈ' തദ്ഭവം. യോഗ എന്ന കേവല പ്രകൃതിയെ മലയാളികൾ പദമായി ഉപയോഗിക്കുന്നു എന്ന് പറയുന്നതാവും ശരി.

സീതയ്ക്കും ഇത് ബാധകം. സീത എന്നത് കേവല പ്രകൃതി, സ്ത്രീലിംഗ പ്രത്യയം ചേർന്ന് സീതാ എന്നായി. സീതയും തദ്ഭവമാകുന്നില്ല. ചീത എന്നായാൽ തദ്ഭവമായി.

സംസ്കൃതത്തിലെ ദീർഘാന്തങ്ങളെ ഹ്രസ്വാന്തമായേ മലയാളികൾ തനിച്ചുച്ചരിക്കാറുള്ളൂ. ലതാ-ലത, ഭാഷാ-ഭാഷ, സീതാ-സീത എന്നിങ്ങനെ, തനിച്ചല്ലാതെ ഉച്ചരിക്കുമ്പോൾ ദീർഘാന്തങ്ങളായിത്തന്നെ ഉച്ചാരണം. ഉദാ: ലതാഭഗിനി. സീതാലക്ഷ്മണൻമാർ എന്നൊക്കെ. ഇപ്പോൾ സമാസത്തിലും ഹ്രസ്വാന്തമാക്കിത്തുടങ്ങിയിരിക്കുന്നു. ഉദാ: രക്ഷകർത്താക്കൾ, രക്ഷാകർത്താക്കൾ എന്നാണ് വേണ്ടത്.

യോഗം (യോഗ) എന്ന സംസ്കൃതപദം മലയാളത്തിൽ പല അർത്ഥങ്ങളിൽ നടപ്പുണ്ട് എന്ന് കാരശ്ശേരി. യോഗം എന്ന പദത്തിന് സംസ്കൃതഭാഷയിൽത്തന്നെ നടപ്പുള്ള അർത്ഥങ്ങളാണ് മലയാളത്തിലും ഉള്ളത്. നോക്കുക,

യോഗഃ സൂതേ ദ്രവ്യലാഭേ
വഷ്കം ഭാഭൗ ച ഭേഷജേ
യോഗോ പൂർവാർഥ സംപ്രാപ്തൗ
സംഗതി ധ്യാന യുക്തിഷ്ഠം
വപുഃ സ്ഥൈര്യ പ്രയോഗേച
വിഷ്കം ഭാദിഷൂ ഭേഷജേ
വിസ്രബ്ധ ഘാതകേ ദ്രവ്യോ
പായ സം ഹനനേഷ്യപി
(മേദിനി, സംസ്കൃത നിഘണ്ടു)

യോഗത്തിന് കൂടിച്ചേരൽ എന്നർത്ഥമുണ്ടല്ലോ, അപ്പോൾ കോൺഗ്രസുകാരുടെ യോഗമാകാം.

യോഗത്തിന് 'ഭാഗ്യം' എന്ന അർത്ഥം മാത്രമല്ല 'കഷ്ടത' എന്ന അർത്ഥവുമാകാം. രണ്ടും യോഗമാണല്ലോ? ഭാഗ്യം എന്നതിന് നല്ലതുവരൽ എന്നാണ് മലയാളികൾ ഇപ്പോൾ അർത്ഥമാക്കുന്നത്. മലയാളത്തിൽ അങ്ങനെ ആയിരിക്കുന്നു, സംസ്കൃതത്തിൽ ശുഭാശുഭ കർമ്മങ്ങളാണ് ഭാഗ്യം. ജന്മാന്തരകൃത പുണ്യപാപങ്ങളുടെ പേരാണ് ഭാഗ്യം. "ഭാഗ്യം തുസ്യാത് ശുഭാശുഭകർമണി" എന്ന് വിശ്വം. അപ്പോൾ ദുര്യോഗവും ഭാഗ്യം തന്നെ.

യോഗക്ക് പകരം യോഗം എന്ന് പറഞ്ഞാൽ ഇപ്പോൾ അർത്ഥശങ്ക വരും എന്ന് കാരശ്ശേരി പറഞ്ഞത് ശരി. യോഗ ധ്യാനം എന്ന ഒരേ അർത്ഥത്തിൽ രൂഢമായിപ്പോയി.

### അടിപൊളി, തല്ലിപ്പൊളി

ഈ ശൈലി മലയാളത്തിൽ കേറിവന്നത് "വായിൽവന്നത് കോതക്ക് പാട്ടായല്ല" എന്ന് സൂക്ഷ്മ ചിന്തയിൽ വ്യക്തമാകും,

'അടിപൊളി' എന്നിടത്ത് 'അടി' എന്നതിന് 'താഡനം' എന്ന സാധാരണാർത്ഥമാണെന്ന് തോന്നുന്നില്ല, അടി- അടിയിൽ ചോട്ടിൽ എന്ന അർത്ഥമായിരിക്കണം. പൊളിഭാഗം എന്നർത്ഥം. സിനിമ അടിപൊളിയായിരുന്നു എന്ന് പറഞ്ഞാൽ കുറ്റമറ്റതായിരുന്നു, കാതലായിരുന്നു എന്നുതന്നെ

തല്ലിപ്പൊളിക്കും ഇങ്ങനെ വ്യുത്പത്തി കണ്ടെത്താം. ഇവിടെയും തല്ലിന് താഡനം എന്ന് അർത്ഥമാക്കരുത്. തല്ലിയ ചതഞ്ഞ പൊളി, ഭാഗം എന്നർത്ഥമാക്കാം, തല്ലിപ്പോയ, ചതഞ്ഞുപോയ ഭാഗം കൊണ്ട് പണിയെടുത്താൽ ശരിയാവില്ല, മരപ്പണിക്കാരുടെ (ആശാരിമാർ) ഭാഷാശൈലി

*(ശേഷം പേജ് 37ൽ)*

## എന്റെ കവിത

**വിനീത വി.**
+1 മഹാത്മാകോളേജ്
കുണ്ടായിത്തോട



# നന്ദി

**തേ**ങ്ങുന്നു പക്ഷികൾ മരങ്ങൾ പുഴയും
കരയുന്നു കരയും തിരമാലയും കാറ്റും
ഓളങ്ങളെ നിങ്ങൾ തഴുകിയുണർത്തിയ
കൊച്ചു ഓളങ്ങളെന്തേ വേർപ്പെട്ടുപോയി
രാത്രിയിൽ പെയ്ത രാത്രിമഴയിൽ
മരച്ചില്ലയിൽ ഒറ്റപ്പെട്ടു കരയുന്നു
മഴത്തുള്ളികൾ മാത്രം
കൂടു തകർന്നു തണുത്തു വിറച്ചു
കരയുന്നു ഇളം പക്ഷികൾ മാത്രം
മൂടി പുതച്ചു ഉറങ്ങും മനുഷ്യരെ
അവരുടെ ദുഃഖം നാം അറിയാത്തതെന്തേ
പാർപ്പിടമില്ലാതലയും മനുഷ്യരെ
കാണാതേ പോകുന്നതെന്തിനു നാം
പക്ഷികുഞ്ഞുങ്ങളെ ചിറകിലൊളിപ്പിച്ച്
കാക്കുന്നതും ഒരമ്മയല്ലയോ
മക്കളെ വേർപ്പെട്ടാൽ ഒരമ്മയും സഹിക്കില്ല
അത് മനുഷ്യനോ മൃഗമോ എന്നതില്ല.
മനുഷ്യനെല്ലേ ഇത്തിരി നന്ദി
നമ്മുടെ ഉള്ളിലും വേണ്ടതെല്ലേ.
അറിയുകയില്ലേ നാം അവരുടെ ദുഃഖം
കാണുകയില്ലേ നാം അവരുടെ കഷ്ടം.



നോവലെറ്റ്

3



ഏ.പി.സുരേഷ്

# മിഠായി തെരുവ്

**_കഥ ഇതുവരെ_**

***ജേർണലിസത്തിൽ ഗോൾഡ് മെഡൽ ജേതാവായ ഋഷി ഒരു പ്രമുഖ പത്രസ്ഥാപനത്തിൽ ജോലികിട്ടി കോഴിക്കോട്ടെത്തി. രാത്രിയിൽ മിഠായി തെരുവിലൂടെ ചിന്തകളിൽ മുഴുകിനടക്കുകയായിരുന്ന ഋഷിയുടെ കൺമുമ്പിൽവെച്ച് ഒരു ഗുണ്ടാസംഘം ഒരു പെൺകുട്ടിയെ തട്ടിക്കൊണ്ടുപോകുവാനിടയായത് കണ്ട് ഋഷി റോഡിൽ ആ നേരത്ത് എന്തുചെയ്യണമെന്നറിയാതെ തരിച്ചുനിന്നു. നാട്ടിൽ ഋഷി ശ്രീക്കുട്ടിയുമായി ആത്മാർത്ഥ പ്രണയത്തിലാണ്. അവളോടു പോലും പറയാതെയാണ് ഋഷി നാട്ടിൽ നിന്നും പോന്നത്. ഋഷി ജോലി ചെയ്യുന്ന പത്രത്തിന്റെ ചീഫ് അവനെ ഒരു ഫീച്ചർ തയ്യാറാക്കാൻ ഏൽപ്പിച്ചു. നഗരത്തിലെ ഗുണ്ടാവിളയാട്ടം തന്നെയാണ് ഋഷി ഫിച്ചറിനായി തെരെഞ്ഞെടുത്ത വിഷയം. ഫീച്ചർ തയ്യാറായും പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിനുശേഷം ഒരുനാൾ നഗരത്തിൽ വെച്ച് ഗുണ്ടകൾ മാരുതിയിൽ ബലമായി പിടിച്ചു കയറ്റി കൊണ്ടുപോയ പെൺകുട്ടി ഋഷിയെകാണാൻ പത്രമാപ്പീസിൽ വന്ന് തന്റെ പേര് ഹെന്നാ തോമസാണെന്നും താനൊരു സമ്പന്നരുടെ മാത്രം വേശ്യയാണെന്നും പറഞ്ഞു.***

അ[illegible] ച്ചതല്ല! അവളൊരു കോൾഗേൾ! അന്നേരത്തെ അവന്റെ അവസ്ഥ കണ്ടിട്ടാവണം ഹെന്ന തോമസ് മധുരമായി ചിരിച്ചും കൊണ്ട് പറഞ്ഞു.

-സത്യമാണ് ഞാൻ പറഞ്ഞത്-

-ഞാനത് വിശ്വസിയ്ക്കുന്നില്ല-

-വിശ്വസിച്ചേ തീരൂ. ഒരു പെണ്ണും അവൾ ചീത്തയെന്ന് പറയാറില്ല. ഞാൻ പക്ഷേ പറയുന്നു. അതന്റെ ഒരു പ്രതികാരം! എന്നെ ഈ വഴിവിട്ട ജീവിതത്തിലേയ്ക്ക് തള്ളിവിട്ടവരോടുള്ള മധുരപ്രതികാരം, പക്ഷേ ഒന്നുണ്ട് മനസ്സുകൊണ്ട് ഞാനൊരിക്കലും ചീത്തയല്ല. അല്ലാതെ എത്രയോ പണക്കാർക്ക് വേണ്ടി, എത്രയോ രാത്രികളിൽ ..... ഋഷി ആ വാചാലതയ്ക്ക് മുമ്പിൽ മിഴിച്ചുപോയി.

-സോറി, ഞാൻ വെറുതേ....

-ഹെന്ന പറയുന്നത് സത്യമെങ്കിൽ ഞാൻ നിന്നെക്കുറിച്ച് വിഷമിയ്ക്കുന്നു-

-എന്നെ ഓർത്താരും ദുഃഖിയ്ക്കുന്നത് എനിയ്ക്കിഷ്ടമല്ല-

പക്ഷേ അവനറിയാമായിരുന്നു. അവളുടെ ഉള്ളിലുള്ള സങ്കടക്കടലിലെ തിരമാലകളെക്കുറിച്ച്. ആ മുഖത്ത് നിന്നത് വായിയ്ക്കാമായിരുന്നു അവന്.

യാത്രപറഞ്ഞ് പിരിയു[illegible]

-എനിക്കിനിയും കാണണം. തന്നോടെനിയ്ക്ക് പ്രേമമാണെന്ന് ഞാൻ സംശയിക്കുന്നു-

പക്ഷെ തൊട്ടടുത്ത ദിവസത്തെ ചെറിയ ഭൂകമ്പം അവൻ പ്രതീക്ഷിച്ചതല്ലായിരുന്നു. ചീഫ് അവനെ തന്റെ ക്യാമ്പിനിലേക്ക് വിളിപ്പിച്ചതാണ്. മൃഗീയമായി ശബ്ദമുണ്ടാക്കുന്ന ഹാഫ് ഡോർ തുറന്ന് ചീഫിന്റെ മുമ്പിലെത്തിയ ഋഷിയെ തന്റെ മുമ്പിലെ ഇരിപ്പിടത്തിലിരിക്കാൻ അയാൾ ആംഗ്യം കാണിച്ചു. ഋഷി പക്ഷേ ഇരുന്നില്ല കാരണം ചീഫിന്റെ മുഖം പ്രസന്നമല്ലായിരുന്നു.

-ഞാൻ ഋഷിയെ വിളിപ്പിച്ചതെന്തിനാണെന്നറിയാമോ-

എന്തിന് എന്നായി അവന്റെ മുഖം,

-തനിയ്ക്ക് കഴിഞ്ഞ പകൽ ആരായിരുന്നു ഗസ്റ്റ്. ഉത്തരമില്ലായിരുന്നു ഋഷിയ്ക്ക്. ഒരു കുറ്റവാളിയുടെ കുനിഞ്ഞ ശിരസ്സുമായി അവൻ നിന്നു.

-നഗരത്തിലെ കുപ്രസിദ്ധമായൊരു കോൾഗേളുമായി ഋഷിയ്ക്കെന്ത് റിലേഷൻഷിപ്പാണുള്ളത്?-

അപ്പോഴും അവൻ മൗനിയായി.

ചീഫ് പ്രകടമായൊരു ഈഷ്യത്തോടെ തുടർന്നു.

-തന്നെ തിരക്കി, അതും ഈ പത്രസ്ഥാപനത്തിലേയ്ക്ക് ഒരു



കോൾഗേൾ കടന്ന്വരിക എന്ന് പറയുമ്പോൾ അതിന്റെ സീരിയസ്സ് മനസ്സിലാക്കാൻ മാത്രം തന്റെ ബുദ്ധിയും മനസ്സും വളർന്നില്ല എന്നാണോ ഞാൻ തിരിച്ചറിയേണ്ടത്-

സാർ -അവനെന്തോ പറയാൻ തുനിയവേ, ചീഫ് ആവന്റെ നേരെ കൈയ്യുയർത്തി- നോ ആർഗ്യുമെന്റ്. ഒരു കുറ്റവാളിയെപോലെ അവൻ ആ ക്യാബിനുള്ളിൽ നിന്നു. എന്തുത്തരമാണ് തനിയ്ക്ക് പറയാനുള്ളത്? ഒന്നുമില്ലെന്ന് അവനറിയാം. പക്ഷേ ഒരു പിടിവള്ളിയ്ക്കെന്ന പോലെ അവനെന്തോ പറയാൻ തുടങ്ങും മുമ്പേ ചീഫ് തുടർന്നു.

-വളരെ റെസ്സ്പോൺസിബിലിറ്റിയുള്ള പദവിയാണ് തനിയ്ക്കീ സ്ഥാപനത്തിൽ. തന്നെക്കുറിച്ച് ഡയരകേടഴ്സുകളുടെ ഇടയിൽ വളരെ നല്ല ഒപ്പീനിയനാണുള്ളതും. അതിനിടയിൽ ഈ ചീപ്പ് റിലേഷൻ ...

ഐ കാൺട് ബിലീഫ് ഇറ്റ്-

-സാർ എനിയ്ക്കാ പെൺകുട്ടിയുമായി-

-ഒന്നുമില്ലായിരിക്കാം, പക്ഷേ -

-അവളെക്കുറിച്ച് എനിയ്ക്കൊന്നും അറിയില്ല സാർ, ഒരു കോൾഗേൾ ആണെന്നു തന്നെ ഞാനറിയുന്നത് ഇന്നലെയാണ്, ഒരിയ്ക്കലോ മറ്റോ അവളെ കണ്ടു എന്നല്ലാതെ അവൾ ആരെന്നോ എന്തെന്നോ എനിയ്ക്കറിയില്ല.

-ദെൻ ഓക്കെ. ഞാൻ ഓർമ്മിപ്പിച്ചു എന്നേയുള്ളൂ വാർത്തകൾക്ക് കാറ്റിനേക്കാൾ വേഗതയുണ്ടെന്നു ഞാൻ പറഞ്ഞുതരണോ ഋഷിയ്ക്ക്-

അവന്റെ അവസ്ഥ തിരിച്ചറിഞ്ഞ ചീഫ് അവനെ പോകാൻ അനുവദിച്ചു. പിന്തിരിഞ്ഞ ഋഷിയ്ക്കരികിലേയ്ക്ക് ചെന്ന് ചീഫ് തുടർന്നു പറഞ്ഞു.

-പുതിയവർക്കിടയിൽ തന്നോടെന്തോ എനിയ്ക്ക്... നിന്നെ കാണുമ്പോൾ ഞാനെന്റെ മകനെ ഓർത്തുപോകുന്നു. ഹി ഈസ് നോ മോർ. നിന്റെ ഈ പ്രായവും നിഷ്കളങ്കതയുമായിരുന്നു അവനും- ഋഷിയുടെ മനസ്സ് പെട്ടെന്ന് നിറയുകയും ഹൃദയത്തിലേയ്ക്ക് സന്തോഷത്തിന്റെ ഒരു വൻതിര വന്നലയ്ക്കുകയും ചെയ്തപ്പോൾ ആ കണ്ണുകളിൽ നീർ പൊടിഞ്ഞു. പക്ഷേ അതിനടുത്ത ദിവസം അവനെ അമ്പരപ്പിച്ചുകൊണ്ട് ഹെന്ന തോമസ് വീണ്ടുമെത്തി.

ഒരു 'കാൾ' രൂപത്തിൽ !

റിംഗ് ടോൺ കേട്ട് മൊബൈലിന്റെ സ്ക്രീനിൽ നോക്കുമ്പോൾ പരിചയമില്ലാത്തൊരു നമ്പർ! ഓപ്പൺ ചെയ്ത് ചെവിയോടടുപ്പിച്ചപ്പോൾ മധുരമായൊരു സ്വരം-ഋഷിയല്ലേ-

അതെ എന്ന് ഋഷി പറഞ്ഞില്ല.

ഞാൻ ഹെന്നയാണ്-

പെട്ടെന്ന് തലേന്ന് ചീഫ് നല്കിയ താക്കീത് ഓർമ്മയിൽ വന്നു - എന്റെ നമ്പർ......

-അതൊക്കെ കിട്ടി- ഹെന്ന ചിരിയ്ക്കയാണ്,

തന്റെ നമ്പർ അവൾക്കെങ്ങിനെ കിട്ടി എന്നവൻ അതിശയിച്ചു. ആര് കൊടുത്തു? എവിടുന്ന്?.

ദുരൂഹതയോടെ മോബൈൽ ചെവിയോട് ചേർത്ത്തന്നെ അവൻ നിന്നുപോയി.

-ഹലോ ഓഫ് ചെയ്തേക്കല്ലേ-

ചെപ്പ് കിലുക്കം പോലെ അവളുടെ സ്വരം ചെവിയിൽ.

-ഇല്ല. പറയൂ-

ചീഫ് നല്കിയ എല്ലാ ഓർമ്മപ്പെടുത്തലുകളും അവൻ മറക്കുന്നു.

-എനിയ്ക്കൊന്ന് ഋഷിയെ കാണണം-

അവന്റെ മൊഴി മുട്ടി. ഇവൾ ഒരൊഴിയാബാധയോ?

-എവിടെയാണ് പറ്റിയ സ്ഥലം, നിന്റെ ഓഫീസ്സിലേക്ക് വന്ന് വീണ്ടും ഞാനൊരു ഇഷ്യു ഉണ്ടാക്കുന്നില്ല-

അതും അവനത്ഭുതമായി. ഇന്നലെ ചീഫ് നല്കിയ ഉപദേശങ്ങളും ഓർമ്മപ്പെടുത്തലും അവളെങ്ങിനെ അറിഞ്ഞു.

-പറയു. എവിടെയാണ് സൗകര്യം- അവൾ വീണ്ടും തിരക്കി.

-ഞാൻ .....

-വേണ്ട ഋഷി ബുദ്ധിമുട്ടേണ്ട-

അവളുടെ മാധുര്യമേറിയ സ്വരം മുത്ത് പൊഴിയുംപോലെ ആ കാതുകളിൽ വീഴുന്നു

-മാനാഞ്ചിറ സ്ക്വയറിന്റെ ആളൊഴിഞ്ഞ വല്ലമൂലയിൽ, നാളെ വൈകുന്നേരം നാലിനും നാലരയ്ക്കും ഇടയിൽ ഗേറ്റിൽ വരാമോ-

അവളുടെ ക്ഷണം സ്വീകരി

*(ശേഷം പേജ് 33ൽ)*






മണിഎൻ.മലപ്പുറം

**കഥ ഇതുവരെ**

***എട്ടു വീട്ടിൽ സുബൈർ ഹാജിയുടെ മകൾ മൈമൂനയുടെ ഭർത്താവ് തോട്ടുങ്കൽ ജമാൽ മരണപ്പെട്ടു. സുബൈർ ഹാജിയുടെ കടയിലെ വേലക്കാരനായിരുന്നു ജമാൽ. മൈമൂനയും ജമാലും സുബൈർ ഹാജിയേയും ഭാര്യ ആമിനുമ്മയേയും ധിക്കരിച്ച് രജിസ്റ്റർ വിവാഹം ചെയ്തതാണ്. മലപ്പുറം ഗവ: ഹൈസ്ക്കൂളിൽ പഠിക്കുന്ന മൈമൂനക്ക് ഉച്ചക്ക് ചോറു കൊണ്ടു കൊടുക്കാറുള്ളത് സുബൈർ ഹാജിയുടെ മരക്കാർ ട്രെയിഡേഴ്സിലെ വേലക്കാരനായ ജമാലായിരുന്നു. അങ്ങിനെയാണവർ പ്രണയത്തിലായത്.***

"അല്ലാഹുവേ ഞങ്ങൾക്ക് ഇവന്റെ പ്രതിഫലം തടയരുതേ ഇവന്റെ ശേഷം ഞങ്ങളെ ഫിത്നയിലാക്കരുതേ, ഞങ്ങൾക്കും ഇവനും നീ പൊറുത്തു തരണമേ രക്ഷിതാവേ ഞങ്ങൾക്ക് ഇഹത്തിലും പരത്തിലും നന്മ ചൊരിയേണമേ."

മയ്യിത്ത് നിസ്ക്കാരത്തിനു ശേഷം ജനാസ ഖബറിലേക്കിറക്കി, ഇരു കൈകളിലും മണ്ണ്വാരി ജമാലിന് അന്ത്യപ്രണാമമർപ്പിച്ചു സുബൈർഹാജി പിൻതിരിഞ്ഞു. മനസ്സിൽ ഒരു കടലിരമ്പുകയാണ് ആരും ഓർക്കാത്ത ഓരോ ദുരന്തങ്ങളാണ് വന്നു ചേർന്നത്.

സമയം പന്ത്രണ്ടു മണിയായി ഇനി ജുമാ നിസ്ക്കാരം കഴിഞ്ഞുപോവാം. മിനാരത്തിന് താഴെയുള്ള തിണ്ണയിൽ കയറിയിരുന്നു.

മൈമൂന പ്രീഡിഗ്രിക്കു പഠിക്കുന്ന സമയത്താണ് വേങ്ങരയിൽ നിന്ന് ആദ്യ ആലോചന വന്നത് വരൻ ഗൾഫിലാണ്. നല്ലസ്ഥിതി. നൂറ് പവനും അഞ്ച്ലക്ഷവും കാറും കൊടുക്കണം.

"നമ്മടെ കുട്ടിക്ക് ഇത് ചേരും, അതാണ് ഞാൻ വേറെ എവടെയും കൊണ്ടോവാതെ കേസ്സ് ഇവിടെ അടുപ്പിച്ചത്. എന്ത്കൊണ്ടും ഹാജ്യാർക്ക് ചേരും. ചെക്കനോ പത്തരമാറ്റ് ഓൻ അറബിന്റെ സ്വന്തം ആളാണ്. എത്ര വിസയാണ് നാട്ടിൽ കൊണ്ടന്ന് കൊട്ക്ക്ണത്."

ആലോചന കൊണ്ടുവന്ന മീൻക്കാരൻ ഹംസാക്ക ഐക്കോറതുക്കുന്നതിനിടയിൽ പറഞ്ഞു.

"ആദ്യം ചെക്കൻ വന്ന് പെൺകുട്ടിനെ കാണട്ടെ."

"അതല്ലേ! ഞമ്മന്റെ പൗറ്. ഓൻ കുട്ടിനെ കണ്ടു കോളേജിന് വരുന്ന വയിക്ക്, ഓൻക്ക് പുടിച്ചു. അല്ലെങ്കിൽ നമ്മടെ കുട്ടിനെ ആര്ക്കാണ് പുടിച്ചാണ്ടിരിക്ക്ണത്."

പക്ഷെ മൈമൂനാക്ക് ചെക്കനെ പുടിച്ചില്ല അവൾ ഡിഗ്രി എടുത്തിട്ട്മതി കല്ല്യാണം എന്ന് ശഠിച്ചു.

"അതെന്താണ് മൈമൂനെന്റെ ഒപ്പം ചുറ്റുവട്ടത്തുള്ള കുട്ട്യാളെല്ലാം നിക്കാഹ് കഴിഞ്ഞു ഒന്നും രണ്ടും കുട്ട്യാളായി. അത്കൊണ്ട് ഇജോന്നും പറയണ്ട, നിക്കാഹ് കഴിഞ്ഞാലും പഠിക്കാലോ!"

"നിക്കാഹ് കഴിഞ്ഞാൽ പഠിക്കാനൊന്നും പറ്റൂല ഓന് കമ്പനി വക വില്ലണ്ട്, പാസ്പോർട്ടും കാര്യങ്ങളും സെരിയായ അപ്പോ കൊണ്ടോവും, അതല്ലേവേണ്ടി."

ഹംസാക്ക എം.ഐ.റ്റി സ്റ്റാർട്ടാക്കികൊണ്ട് പറഞ്ഞു.

"ഹാജി അതും ഇതും പറഞ്ഞു നിന്നാ ഓൻ ഞമ്മളെ കയ്യീന് ഊരിപോവും. എത്ര ആളാണ് ഓനെചുറ്റിപ്പറ്റി നടക്കുന്നത്. ഇത് ഓൻക്ക് കുട്ടിയെ പുടിച്ചു ഇത് വിട്ടെങ്കിമതി വെറെ ഒന്ന് എന്ന് പറഞ്ഞ് നിക്കാണ് ഞാൻ പറഞ്ഞിലാന്ന് വേണ്ട."

എം.ഐ.റ്റി അടുത്ത വീട്ടിലേക്ക് കുതിച്ചു. ഹംസാക്കയെ വട്ടമിട്ടു നിന്ന പൂച്ചകൾ പിന്നാലെ നീങ്ങി.

"മൈമൂന് എന്താന്ന് ഇങ്ങക്ക് തിരിഞ്ഞോ, ഓക്ക് നമ്മുടെ ജമാലീനെ മതീന്ന് ഓര് ലോഹ്യത്തിലാണ്."

ആമിനുമ്മാക്ക് സങ്കടം സഹിക്കാൻ കഴിയുന്നില്ല.

"ഒന്നേ ഒള്ളൂന്ന് പറഞ്ഞ് ഇങ്ങളാണ് ഓളെ വടക്കാക്കിയത്."

"നാട്ടിൽ ഞമ്മക്ക് ഒരു നെലയും വെലയും ഉണ്ട്." ആ ഒസ്സാൻ ചെക്കനെ മാത്രമാണ് ഓള് കണ്ടത് എന്താ ഓനുള്ളത്, പീടിക്കേന്ന് ഞാൻ കൊടുക്കുന്ന നക്കാപിച്ച. എന്ത് കണ്ടിട്ടാണ് ഓള് തുള്ളുന്നത്"

സുബൈർ ഹാജി ആരോടന്നില്ലാതെ കയർത്തു.

"പാലുകൊടുത്ത കൈക്കാണല്ലോ ഓൻ കടിച്ചത്. എന്തായാലും ആ പൂതി മാണ്ടാന്ന് പറ മോളോട്. വേങ്ങരേന്ന് വന്ന ആലോചനതന്നെ നടത്തും ഞാൻ"

അന്ന് കടയിലെത്തി, ജമാലിനെ വിളിച്ചു.

"നീയ്യിവിടെ വന്നിട്ട് എത്ര കൊല്ലമായി."

"നാലുകൊല്ലം കഴിഞ്ഞു."

"നെന്നോട് പറയാൻ വെസ

**DIRECTORY**

## STAR ENTERPRISES
Salim M. Ph: 9847271161, Room No. 24/955B-2, Kaloor Road, Mankave, Calicut-7. Ph: 0495-2332397, 3243733, 9388891928. Email: starenterprises2007@rediffmail.com

## CLINICAL ASSOCIATES
MEDICAL LABORATORY
Devika Building, Near Chalappuram Post Office, Chalappuram, Calicut. Ph: 2300654
**Committed To Serve For Health Care**

## BACK PAIN CLINIC
*Sree Chakra CVN Ayurveda Hospital*
Thondayad, Kozhikode. Ph: 6572557
Email: kalari@kalarikerala.com
www.kalarikerala.com

## AMMU DISTRIBUTORS
5/2592/B, Opp: Muthappankavu,
Balan K.Nair Road, Calicut - 673 006
*'Balco' PVC Pipes, Conduits & Solvent Cement*
Ph: 6521076, Mob: 9447722358

## HIGHNESS COOL REFRIGERATION & AIR CONDITIONS
Near Post Office, Mankave, Clt.7
*(Service for Airconditioner, Refrigerator, Washing Machine, Spray Painting, etc.* Mob: 9349810003

## INSTYLE CREATION
Ph: Jamshi: 9847655044, Rajeesh: 9847720820,
*Carpet, Blinds & All interior works.*
Opp: Cornation Theatre, Pavamani Road,
Calicut-4. Ph: 0495-4021166

## SREELAKSHMI ENTERPRISES
Mankave, Calicut.
*Dealers of Johnson & Johnson, Dabur India Ltd. Bramins Marketing*
Ph: 9847005566, 9847140046

## MANAF STORES
HIRE GOODS & CATERING
Opp: M.I.M.L.P.School, Puthiyapalam, P.O.Chalappuram, Calicut-2. Ph: 9895408054, 9747408054, Shop: 3293597, 3013099 Res:2300662. Email: manafstores@yahoo.com
*PANTHAL - STAGE - DECORATION - LIGHT & SOUNDS*

## SURYA ASSOCIATES
VEHICLE FINANCE PROMOTERS
A & J Building, Makolath Road,
Opp. Coronation Theatre, Calicut-4.
Ph: Off 3245554, 9447884554, 9447338341

## SHINE MOTORS
REPAIRING & PAINTING
Kunnathupalam, Kozhikode -14. Phone: 9349147644
ബുള്ളറ്റുകളുടേയും മറ്റു ഇരുചക്രവാഹനങ്ങളുടേയും വർക്ക്ഷോപ്പ് പണികളും പെയിന്റിംഗും ഉത്തരവാദിത്വത്തോടെ കൃത്യസമയത്ത് ചെയ്തുകൊടുക്കുന്നു.

## THILAK PHOTOS
DIGITAL STUDIO
Kovoor, Calicut - 673 008
Ph: 2355561, Mob: 9745305561

## DOSTHI AUTOMOBILE
ENGINEERING WORKS
Moolampally Road, Civil Station, Calicut-20
(Pro) Rajan Mob: 9847711625

## SREE VINAYAKA ELECTRICALS
*Class B Electrical Contractor.* D.No.18/577, Thali, Calicut - 673 002, Ph: 2701228, 9846386990
*Engineers & Contractors*

## BACK PAIN CLINIC
**A holistic approach combining the ayurvrdic and Kalari Marma treatments**

Sree Chakra

CVN AYURVEDA HOSPITAL

Thondayad. Ph: 0495 – 6572557
Mob: 9349512495
Email: kalari@kalarikerala.com,
www.kalarikerala.com

**CALL - 9447229615, 0495- 2723590**



മിനിറ്റുകൾക്കകം സീലുകൾ!




## PRINTERS' EMPORIUM
NEW BUS STAND BUILDING, ROOM NO. 11, Ist FLOOR, MAVOOR ROAD, CALICUT-4.
**WEDDING CARDS SELECTION & PRINTING**

മണ്ട് പക്ഷെ ഇയ്യ്ന്നോട് ചതിയാണ് ചെയ്തത്. അതുകൊണ്ട് ഇനി കടയിൽ വരണ്ട, ഇത് പതിനയ്യായിരം ഉറുപ്യണ്ട് ഇത് വാങ്ങി ഒന്നും മിണ്ടാതെ പോണം ഇനി എന്റെ വീട്ടിലേക്ക് വന്നു പോവരുത്.''

പണം വാങ്ങിയ ജമാൽ നേരെ പോയത് മുണ്ടുപറമ്പിലുള്ള മലപ്പുറം കോളേജിലേക്കാണ് അവളും ഒരുങ്ങിയിരിക്കുകയായിരുന്നു. അവർ സാക്ഷികളെയും കൂട്ടി രജിസ്ട്രാഫീസിൽ പോയി വിവാഹം രജിസ്റ്ററാക്കി.

കിഴക്കേതലയിലുള്ള രജിസ്ട്രാഫീസിൽ നടന്ന സംഭവം കോട്ടപ്പടിയിലുള്ള ഞാനാറിഞ്ഞത് ഓസ്സാൻ കുഞ്ഞാലൻ രാത്രി



വീട്ടിൽ വന്നപ്പഴാണ്

''ഹാജ്യാര് പൊറുക്കണം ഞാൻ ഒന്നും അറിഞ്ഞതല്ല. ഇന്ന് ജമാൽ പറഞ്ഞാണറിഞ്ഞത് ഓൻ മൈമൂനാനെ നിക്കാഹ് കഴിച്ചു.''

''എന്ത് ആ അറാമ്പെറപ്പ് ഞാനാറിയാതെ ഏങ്ങനെന്ന് ഇന്റെ മോളെ നിക്കാഹ് ചെയ്യ്ണത്. ഓനെ വെറുതെ വിടൂല ഞാൻ. എസ്.ഐ മൂസാക്ക ഇന്ന് ഓന്റെ എല്ല് സൂപ്പാക്കും''

അത് വേണ്ട ആജ്യാര് സബൂറാവ് ഞാൻ പറഞ്ഞോളാം ഓനോട്. കേട്ടില്ലെങ്കിൽ പടിക്ക് പുറത്താണ്.''

''ഇഞ്ഞ് പുറത്താക്കിട്ട് എന്തിനാണ് ഇനി എന്താ വേണ്ടീന്ന് ഞമ്മക്കറിയാം.''

പിറ്റേന്ന് രാവിലെ എസ്.ഐ മൂസാക്ക ജമാലിനെ പിടിച്ചു ലോക്കപ്പിലാക്കി, മൈമൂനാനെ നിരന്തരം ശല്യം ചെയ്തിന്.

''നായിന്റെ മോനെ ഹാജ്യാരുടെ മോളെ തന്നെ വേണം നിനക്ക് പ്രേമിക്കാൻ.''

എന്ന് ചോദിച്ചു കൊണ്ട് മൂസാക്ക കുത്തിയ കുത്ത് ജമാലിനെ കോട്ടപ്പടി ആശുപത്രിയിലെത്തിച്ചു.

അതോടെ തീർന്നു ജമാലിന്റെ ഹുങ്ക് എന്ന് നിനച്ചിരിക്കുമ്പോഴാണ് കടയിലെ ഫോൺ മണിയടിച്ചു വിളിച്ചത്.

''വേം വരി മൈമൂനാ പറ്റിച്ചു ഓള് വെസം കുടിച്ചു ഇഞ്ഞി മ്മളെന്തിനാ ജീവിക്കുന്നത്.''

ഫോൺ ആമിനുമ്മാന്റെ ശബ്ദത്തിൽ കരഞ്ഞു വിളിച്ചു.

ഇത്തിരി ഭാഗ്യവും അബ്ദുള്ള ഡോക്ടരുടെ കൈപുണ്യവും അവശയായ മൈമൂനയെ തിരികെ കൊണ്ടു വന്നു ആശുപത്രി കട്ടിലിൽ മൈമൂന പറഞ്ഞു.

''ജമാലിക്കാന്റെ കൂടെ അല്ലാതെ ഞാൻ ജീവിക്കില്ല ഒറപ്പ്.''

എസ്.ഐ മൂസാക്കാനെ വിളിച്ച് ജമാലിന്റെ പേരിലുള്ള പരാധി പിൻവലിക്കുകയെ രക്ഷയുണ്ടായുള്ളു.

'എന്ത് കണ്ടിട്ടാ ഇജ് ഓന്റെ ഒപ്പം പോണത് എന്താണ് ഓനുള്ളത് ഒസ്സാന്റെ ഒപ്പം പോയിന്ന് പറയും നാട്ടുകാര്.''

ഞങ്ങളത്രക്ക് അടുത്ത്പോയി, ഹൃദയം കൈമാറി ഞങ്ങളെ ജീവിക്കാനനുവദിക്കണം.''

ഇപ്പം ഈ കാണുന്നതല്ല ജീവിതം പിന്നെ ഖേദിച്ചിട്ട് കാര്യം ണ്ടാവൂലാ. ഇന്റെ പൊന്ന്മോള് ഒന്ന് കൂടി ആലോചിക്ക്.''

''ഒപ്പാടാലോചിച്ചു ബാപ്പ ഞങ്ങളെ ജീവിക്കാനനുവദിക്കുന്നില്ലെങ്കിൽ മരിക്കാനനുവദിക്കണം.''

''ഞാൻ ഒറ്റ പൈസതരില്ല. നെന്റെ ഇഷ്ടം പോലെ ചെയ്തോ, ഇങ്ങനെ. ഒരു മോളുണ്ടായിട്ടില്ലാന്ന് കരുതി സമാധാനിച്ചോളാം ഞങ്ങള്.''

1999 ഡിസംബർ ആറിന് ഹർത്താൽ ദിവസമാണ് മൈമൂന ജമാലിന്റെ കൂടെ പോയത്.

''അങ്ങനെയാണ് വിധിച്ചാ അത് നടക്കട്ടെ നമ്മള് തടഞ്ഞാ ഓള്. മയ്യത്തായാ ആ സങ്കടം പിന്നെ തീരൂലാ ഓളെ വഴി ഓള് തിരഞ്ഞെടുത്തുന്ന് കരുതിയാ മതി'' ആമിനുമ്മ കരഞ്ഞു.

കുഞ്ഞാലൻ ജമാലിനെയും പെണ്ണിനേയും വീട്ടിൽ കയറ്റിയില്ല. രണ്ടുദിവസം പീടികയിലെ ബാവാന്റെ വീട്ടിലാണ് താമസ്സിച്ചത്. പിന്നെ ആനക്കയത്ത് ഒരു ലൈൻ കോർട്ടേഴ്സിലേക്ക് വാടകക്ക് മാറി

''ഇന്റെ കുട്ടി കസ്ട്ടപ്പെട്ടുലെ റബ്ബേ''

ആമിനുമ്മ പിന്നെയും കരഞ്ഞു

''ഇയ്യെന്തിനാണ് കരയ്ണത് ഓൻ ഒരാണല്ലെ പണിട്ത്ത് ഓളെ പോറ്റട്ടെ പിന്നെ ഒക്കെ വിധിയാണ്ന്ന് കരുതി സബുറാവ്''.

''ഇങ്ങള് ബാവാനെ വിളിച്ച് ഒന്നന്വേസിക്ക് അല്ലെങ്കി സങ്കടം

പെരുത്ത് ഞമ്മള് മയ്യത്താവും".

"ആമിംക്കുട്ടി ഇന്നെ എടങ്ങാറാക്കല്ല. ഓനിത്തിരി സ്വാതന്ത്ര്യം കൊടുത്തു അതാണ് പറ്റിയത് പടച്ചവൻ നമ്മക്കോരാൺക്കുട്ടിനെ തന്നില്ലല്ലോ പിന്നെന്തിനാണ് സങ്കടം പെടുന്നത്".

"ഒസ്സാനാണ് മണ്ണാനാണ് എന്നോന്നും നോക്കണ്ട മൈമൂനാക്ക് ഉള്ളത് കൊടുത്താൽ ഓല് സുഖായി ജീവിക്കൂലേ".

"അത് വേണ്ട ഇന്നെ ധിക്കരിച്ചിറങ്ങിപോയ ഓള് അങ്ങനെ സുഖായി ജീവിക്കണ്ട. അഞ്ച് പൈസ ഞാങ്കൊടുക്കൂല്ല, തെറ്റ് മനസ്സിലാക്കി ഓള് തിരിച്ചു വരട്ടെ! ഓള് തിരിച്ചു വരും ആമി കണ്ടോ."

"ഇങ്ങള് ബാവാനെ വിളിചോന്നമ്പേഷിക്കു"

"ഇബ്ടെ ഫോണില്ലെ നീയ്യ് വിളിച്ചോ അല്ലെങ്കി ഞാൻ നമ്പറ് കുത്തിതരാ......"

"ഹലോ ബാവയല്ലെ ഞാനാണ്".

"ആ".

"തെരെക്ക്ണ്ടോ".

"ഇല്ല രാവിലെത്തെ ബഹളം തീർന്നു".

"ഞാൻ ആമിത്താത്താന്റെട്ത്ത് കൊടുക്കാം".

"കൊടുക്കി, എന്താണ്."

"അലോ, മോനേ ഇയ്യ് പിന്നെ ജമാലിനെ കണ്ടോ? എന്താണ് ഓലെ സ്ഥിതി, ഓനക്ക് വല്ല പണിണ്ടോ."

"താത്താ ഒരുക്ക് ഒരു കോയപ്പുംല്ല്യാ ജോളിയാണ്. ജമാൽ ആനക്കയത്ത് ഒരു പലചരക്ക് കടയിൽ ചേർന്നിട്ടുണ്ട്, മൈമൂന കോളേജിലും പോണുണ്ട്."

"റബ്ബ് കാക്കട്ടെ അല്ലാതെ എന്ത് പറയാനാണ് ഇനിക്കു ഒരു തിക് മുട്ട് അതാവിളിച്ചത്."

"ആലസ്സൻ കാക്ക അവരെ വീട്ടിൽ കയറ്റിയില്ല അതാണ് ചെറിയ ഒരു പ്രശ്നമായത്."

"ഇന്നെകൊണ്ട് കയ്ണ സഹായം ചെയ്യണ്ണ്ട് ഇന്റെ അളിയന്റെ കടയിലാണ് ജമാല്."

"അല്ലാഹു അക്ബർ അല്ലാഹു അക്ബർ......... അല്ലാഹു അക്ബർ അശ്ഹദു അൻലാ ഇലാഹ ഇല്ല ല്ലാഹു അശ്...... "

ബാങ്കു വിളി കേട്ട സുബൈർ ഹാജി ഓർമ്മകളിൽ നിന്നുണർന്ന് വുളുവെടുക്കാൻ വെള്ളട്ടാങ്കിനടുത്തേക്ക് നടന്നു.

(തുടരും)

## നക്ഷത്രരാജ്യം വനിതാപംക്തിയിലേക്ക് രചനകൾ ക്ഷണിക്കുന്നു

ബ്യൂട്ടീഷ്യൻ, പാചകം, ആരോഗ്യം മുതലായവയെക്കുറിച്ചുള്ള ലേഖനങ്ങളും വിജ്ഞാനകുറിപ്പുകളും അയക്കേണ്ടതായ മേൽവിലാസം:

**NAKSHATHRA RAJYAM**
**24/1704 A, Raj Building, Byepass Road,**
**Mankave, Kozhikode -07, Kerala, India**
**Mob: 9847649567, 9744233997**

എന്റെ കവിത

# അന്ധകാരം

**പ്രിൻഷാ പ്രദീപ് വി.**
X. A
St.Vincent's Colony Girls High School
Kozhikode

സന്തോഷത്തിൻ അകൽച്ചയിൽ
ഞാനെൻ സ്നേഹ ദീപത്തെ കണ്ടില്ല.
തിരഞ്ഞു ഞാനെൻ മനമാകെ
കണ്ടില്ല ഞാനതിനെ തെല്ലൊന്നു പോലും
സന്തോഷമകന്നു, മനം സങ്കട-
ത്തിൻ പിടിയിലായ്.
അതിലമർന്ന് ഞാൻ ഒഴുക്കിനെ-
തിരെ നീന്തി വിഫലം!
ഒഴുക്കിനോടൊപ്പം ഞാൻ നീങ്ങി
അന്ധകാരത്തിലേക്ക് -
പ്രകാശമണഞ്ഞ ആ ലോകത്തേക്ക്.

എന്റെ കവിത

**എന്റെ കവിത**
**ശ്രീശരണ്യ ടി.എ.**

# വിദ്യാർത്ഥികളോട്

വിപ്ലവം ജയിക്കട്ടെ! മുഴക്കീ മുദ്രാവാക്യം
യൗവന ജേതാക്കൾ കോളേജു ഗേറ്റിൽ
തൽക്കൊടി പറപ്പിച്ചും, രാഷ്ട്രീയ രക്ഷസ്സിന്റെ
രക്തദാഹത്തെതീർക്കാൻ സമരം നയിച്ച്
ഇനിയങ്ങോട്ടുള്ള അവരവരിൻ ജീവിതത്തെ
ചെങ്കനൽ ചൂടാൽ ഭസ്മമാകുംമുമ്പേ;
ആർഷസംസ്കാരം തേച്ചുമിനുക്കും ശാസ്ത്രത്തിൽ
ഒളിവുമങ്ങുമ്പോഴും നാം വിരമിക്കാം
ശാന്തിമൂർത്തിയാം ഗാന്ധി ദേവനും ബുദ്ധദേവനും
പിറന്നുള്ള ഈ പുണ്യദേവാലയെ
ഭാരതമിതാ രക്തഭാവിതമായിട്ടല്ലേ കുതിർന്നു
കിടക്കുകയാണല്ലോ?
ആണ്ടുകൾ പോയെന്നോ രക്തദാഹത്തിൻ
പൊരിച്ചലിലിതാ "അഹിംസാപരമോ ധർമ്മഃ"
എന്ന നാമമുരുവിട്ട രാഷ്ട്രമേ കാൺപൂ നീ
നമ്മളിൽ ജോതിസ്സായ ലക്ഷ്യമിതാ....
കേളികൊട്ടും പാതയിലേക്ക് വയ്ക്കൂ പാദങ്ങൾ
നിത്യം അക്കുളിർമടിത്തട്ടേകും നവോന്മേഷം.

# അപ്പൂപ്പന് ആറുവയസ്സ്

*പേജ് 16ലെ തുടർച്ച*

നമുക്ക് വാർഡിലെ റൂമിലേക്ക് മാറ്റാം. പുറത്തുനിന്നും ഇളം കാറ്റും കിട്ടും.

നേഴ്സ് ഡ്യൂട്ടി റൂമിലേക്ക് പോയി. രണ്ടുപേർ സ്ട്രക്ച്ചറുമായി വന്നു അച്ചച്ചനെ റൂമിലേക്കെടുത്തു. കട്ടിലിൽ അനായാസമായി എഴുന്നേറ്റിരിക്കുന്ന വൃദ്ധനെ കണ്ട് എല്ലാവരും അത്ഭുതപ്പെട്ടു.

"അച്ചായിക്കുട്ടി".... അച്ചാച്ചന്റെ ചുണ്ടനങ്ങുന്നു. ഒറ്റ പ്പല്ലുമില്ലാത്ത ചുവന്ന വായ് വിടർന്നു.

"അച്ചാച്ചേ, അച്ചാച്ചേടെ കീരിപ്പല്ലു കാണാനാ ഞാൻ വന്നത്!"

അച്ചാച്ചനു ചിരിവന്നു. അതു ചുമയായി മാറി. "അധികം സംസാരിക്കല്ലേ. നഴ്സുമാർ ഓർമ്മപ്പെടു ത്തി.

അച്ചാച്ചൻ ചുറ്റുപാടും നോക്കി കൈമലർത്തി. ജനാലയിലേക്ക് ചൂണ്ടിക്കാട്ടി. അനുമോൾ കർട്ടൻ നീക്കി. പുറത്ത് സന്ധ്യമയങ്ങുന്നു. നിലാവുദിക്കുന്നു. അച്ചാച്ചൻ നേരെയിരുന്നു. "ഇവിടെ ഇരിയ്ക്കടീ കുറു മ്പീക്കാളി" അദ്ദേഹമവളെ അരികിലടക്കിയിരുത്തി.

നിനക്കെന്റെ കീരിപ്പല്ലു കാണണ്ടെ. കണ്ണടച്ചോ. ചൊല്ലിക്കോ.

കീരി കീരി കിണ്ണം താ

കിണ്ണത്തിലിട്ടു കിലുക്കിത്താ...

രണ്ടുപേരും ചേർന്നുചൊല്ലി. പല്ലു കാണിക്കാനാ യില്ല. അതിനുമുമ്പ് മൊബൈൽ ഫോൺ. അച്ഛനെ ടുത്തു. വീട്ടിൽനിന്ന് അച്ഛമ്മയാണ്.

"അച്ഛനെങ്ങനെ"?

അദ്ദേഹം മറുപടി പറയുംമുമ്പ് അച്ചാച്ചനും അനു മോളും കൂടി മൊബൈൽ തട്ടിയെടുത്തു.

രണ്ടുപേരും കട്ടിലിൽനിന്നിറങ്ങി. ഫോണിലൂടെ രണ്ടുപേരുടേയും ശബ്ദം വീട്ടുകാർ കേട്ടു.

"കീരി കീരി കിണ്ണം താ....

വാർഡിലും പുറത്തും കണ്ടുനിന്നവർ പരസ്പരം നോക്കി അത്ഭുതപ്പെട്ടു.

ഡോക്ടർമാരിലാരോ പറഞ്ഞു.

"തൊണ്ണൂറ് ആറാക്കി കുറയ്ക്കാൻ എന്ത് വിറ്റാമിനാണുള്ളതാവോ!!" n


## ആവശ്യമുണ്ട്

ആകർഷകമായ കമ്മീഷൻ വ്യവസ്ഥയിൽ നക്ഷ ത്രരാജ്യം മാസികയ്ക്ക് ഡോർ ടു ഡോർ സെയിൽസ് ഗേൾസിനെ ആവശ്യമുണ്ട്.

*നേരിട്ടോ ഫോണിലൂടെയോ*

*ഉടൻ ബന്ധപ്പെടുക*

**ഫോൺ: 9847649567, 9744233997**


# പളുങ്കുസ്വപ്നങ്ങൾ

*പേജ് 10ലെ തുടർച്ച*

ന്ത്രിച്ചു. ഒരു രാത്രി കൈയെത്തിച്ചുതൊടാമാത്രം അടു ത്തെത്തിക്കിടക്കുന്നു. പുറകെ സുദീർഘമായ ഒരു ജീവിതവും. പിന്നെ എന്തിന് വെറികൊള്ളണം?

പുറംതിരിഞ്ഞുനിൽക്കുമ്പോൾ ആനിയ്ക്ക് തന്നെ ക്കാൾ ഉയരം കൂടുമോ എന്നു പോളിന് ശങ്ക തോന്നി.

അയാൾ കുസൃതിനിറഞ്ഞ നോട്ടംകൊണ്ട് മുറി വേൽപ്പിച്ചപ്പോൾ അവൾ ചിരിക്കുകയും ഒരു പതിനാ റുകാരിയുടെ തിളപ്പോടെ അകത്തേക്കോടുകയും ചെയ്തു.

ആനി കൊളുത്തിയ ചുമരുവിളക്കിനും ചുറ്റും പ്രാണി കൾ പൊതിയാൻ തുടങ്ങി.

പെട്ടെന്ന് പടിക്കൽ ഒരു പാട്ടു കേൾക്കാൻ തുടങ്ങി. ലഹരിയുടെ വഴുക്കലുള്ള രാഗവും വാക്കുകളും.

എഴുന്നേറ്റ് പനമ്പുതട്ടികയ്ക്കു മീതേ നോക്കിയ പ്പോൾ കാലുകൾ നിലത്തുറയ്ക്കാതെ ആടിയാടി വരുന്ന ഒരാൾ. ആ ജന്തു താനിരിക്കുന്ന വീടിനു നേർക്കാണ് വരുന്നതെന്നു കണ്ടപ്പോൾ പോൾ ക്ഷണ ത്തിൽ അസ്വസ്ഥനായി.

ആരാണത്? ഇരുട്ടിന്റെ കറുപ്പുപോലെ നിറമുള്ള ആജാനുബാഹുവായ മനുഷ്യൻ.

രാത്രി മയങ്ങിത്തുടങ്ങിയെങ്കിലും ആ രൂപത്തെ ദൂരെ നിന്നുതന്നെ കാണാൻ കഴിഞ്ഞു.

ശബ്ദം കേട്ട് പുറത്തുവന്ന ആനിയുടെ അമ്മ പറഞ്ഞു: "വന്നു കാലൻ! ഇന്നു നല്ല ശേലിലാന്നാ തോന്നുന്നേ!"

പോൾ പരിഭ്രമത്തോടെ അവരെ നോക്കി.

"മോൻ എന്റെ ആങ്ങളെടെ മോനാണെന്ന് പറ ഞ്ഞാൽ മതി. അല്ലെങ്കിൽ അവൻ വേണ്ടാത്തതൊക്കെ വിചാരിച്ച് ബഹളംണ്ടാക്കും."

"ആരാ അയാള്?"

ആനിയുടെ കെട്ടിയോനാ." ഒരശരീരിപോലെ അവർ പറയുമ്പോൾ ചുമരുവിളക്ക് കെട്ടുവെന്നും തന്റെ കണ്ണു കളിലെ കൃഷ്ണമണികൾ അടർന്നുവീണുവെന്നും പോളിനുതോന്നി.

"ഇതാ എന്നും ഉള്ള പതിവ്." ആനിയുടെ അമ്മ പല്ലു ഞെരിച്ചു: " എല്ലാം നശിപ്പിച്ചു കള്ളകഴുവേറി. എന്റെ മോളുടെ കെട്ടുതാലികൂടി."

ഒരു ശാപം പോലെ ആ വാക്കുകളുരുവിട്ടുകൊണ്ട് അവർ അകത്തേക്കുവലിഞ്ഞു.

ആനിയുടെ ശൂന്യമായ ഗളതലം നിമിഷനേരം പോളിന്റെ ഓർമ്മയിൽ മിന്നി. പൊടുന്നനെയുണ്ടായ സംഭ്രമവും മനസ്സിലെ കോളിളക്കവും അടങ്ങാൻ തെല്ലു നേരമെടുത്തു.

പിന്നെ അവിടെയിരിക്കാൻ തോന്നിയില്ല. ഒഴിഞ്ഞ ബ്രീഫ്കേയ്സുമെടുത്ത് പനമ്പുതട്ടികയുടെ ഓരത്തു കൂടി പോൾ മുറ്റത്തിറങ്ങി. തിരിഞ്ഞ് ആരും ശ്രദ്ധിക്കു ന്നില്ലെന്നുറപ്പുവരുത്തി, ക്ഷീണിച്ച വാഴക്കൂട്ടങ്ങളുടെയും കരുത്തുനഷ്ടപ്പെട്ട ചമ്പത്തെങ്ങുകളുടെയും ഇടയി ലൂടെ, കാലിൽത്തടയുന്ന ചെളിവെള്ളത്തെ തട്ടിത്തെ റിപ്പിച്ചുകൊണ്ട് ശീഘ്രം നടക്കുമ്പോൾ ഇരുട്ട് എന്തൊ രനുഗ്രഹമാണെന്ന് പോൾ ഓർത്തുകൊണ്ടിരുന്നു. n

**NADIL ENTERPRISES**
Maniyoth Complex, Opp. Atlas Jewellery, Chinthavalappu,
Kozhikode -4. Mob: 9847878780
**We help: Travel consultancy, Tourist bus services, Document consultancy & Real Estate**

**JEEVA SALES & SERVICE**
6/253, Y.M.C.A. Cross Road, Calicut.
Ph: K.Dileep Kumar 0495-2768441, 3202346,
Mob: 9447844474, Res: 2368612

**SPICE HUT**
*Restaurant for family*
Bye-Pass Junction, Thondayad, Calicut - 673 017 Ph: 0495-2351443

**P.V. ENTERPRISES**
**Dealers in Electrical & Plumbing Materials**
17/1894/A6, Abba Arcade Building, East Kottaparamba,
G.H.Road, Kozhikode -1. Ph: 2723262, Mob: 9387338100

**KIMONO DRESSES**
Mayin Bazar, Kommeri. Ph: 9288558964

**B.M. UPHOLSTERY WORKS**
24/104A, Athady Building, Kaloor Road Junction,
Mankave PO, Calicut - 673 007
Mob: 9847523226

**DCRUZ**
*Suit Specialist & Gents Tailors*
Maniyoth Complex, Chinthavalappu, Calicut.
Ph:0495 2723705, 9847133560

**OUR DRESS MAKERS**
*Gents, Ladies & Childrens*
Room No.12, Mofussil Bus Stand Building,
Mavoor Road, Kozhikode -4 Ph: 0495-723899

**OUR LADIES PARK**
The Dress Designers and Makers
Room No.14, 1st Floor, Mofussil Bus Stand Building, Mavoor Road, Calicut-4. Ph: 0495-3201361

**NANDANA AUTO GARAGE**
Near Radhakrishnasramam, Calicut - 673 014.
Ph: 0495-3245420

**S.M.AUTO GARAGE**
Puthiyapalam, Mooriyad Road, Calicut.
***New Body Building, Pach Works, Spray Painting***
Mob: 9947411868, 9947339446







**FRIENDS**

**SPRAY PAINTING WORKS**

Malaparamba
Kozhikode – 673009
Ph: 9495411642

**ബ്രൈഡൽ ഫേഷൻസ്**



**ഭുവനേശ്വരി ഹോട്ടലിന് സമീപം,**
**മിനിബൈപ്പാസ് റോഡ്, കല്ലുത്താൻകടവ്,**
**പുതിയറ, കോഴിക്കോട്**
**ഫോൺ: 0495 – 6418518**

- സാരികൾ...
- ചുരിദാറുകൾ....etc.

*A Smart Lady's Shop*

വിലക്കുറവ് തിരിച്ചറിയൂ...

**Mob:9349810003**



**HIGHNESS COOL**

**REDRIGERATION & AIR CONDITIONS**

*Service for:*
- REFRIFERATOR
- AIRCONDITIONER
- WATER COOLER
- DEEP FREEZER
- AIR COOLER
- WASHING MACHINE
- SPRAY PAINTING

## മിഠായി തെരുവ്

(പേജ് 26ലെ തുടർച്ച)

യ്ക്കാതിരിക്കാൻ അവന് കഴിയുന്നില്ല. അവന്റെ മറു പടിയ്ക്ക് കാക്കാതെ അവൾ മൊബൈൽ ഓഫാക്കി.

അവന്റെ മനസ്സിൽ പിന്നേ കുറേ സമയത്തേയ്ക്ക് അളക്കലും ചൊരിയലും നടന്നു. എന്ത് എന്നൊരു ഊഹവും അവനുണ്ടായില്ല. എന്നാലും പക്ഷേ പിറ്റേ ദിവസം വൈകീട്ട് പതിവിലും നേരത്തെ ഓഫീസ്സിൽ നിന്നും അവനിറങ്ങി.

വഴിതെറ്റി വന്നൊരു വേനൽ മഴയിൽ നഗരം പാതി നനഞ്ഞിരുന്നു. തെല്ല് നേരം അതിന്റെ ശീത ളിമയിൽ നനഞ്ഞ നഗരത്തെ നോക്കി മാനാഞ്ചിറ യുടെ കവാടത്തിന്റെ മുമ്പിൽ അവൻ നിന്നു.

കമനീയമായി, അടുക്കോടെയും ചിട്ടയൊടെയും കലാപരമായി ഉണ്ടാക്കിയ മതിലിനരികെ പ്രതീക്ഷ യുടെ മുനമ്പിൽ നിൽക്കവേ അതാ അവളൊരു കുളിർ തെന്നൽ പോലെ! ഒഴുകിവരുംപോലെ!

-ഞാൻ കരുതി ഋഷി വരില്ലാന്ന്-

അവന്റെ ചുണ്ടിൽ ഒരൊഴുക്കൻ ചിരി വിടർന്നു. എന്നിട്ട് പരിചയക്കാരാരെങ്കിലും ചുറ്റുവട്ടത്തുണ്ടോ എന്ന് കണ്ണുകൾകൊണ്ട് പരതി.

-ഋഷി ആരെയാണ് ഭയക്കുന്നത്-

പലരും അവനേയും അവളെയും ശ്രദ്ധിച്ചും കൊണ്ട് കടന്ന്പോയി.

സൗന്ദര്യത്തിന്റെ നിറകുടമാണ് അവനരികെ.

അവൾ ആരുമാകട്ടെ. ഒരു മാത്ര അവളെ ആരും ശ്രദ്ധിച്ചുപോകും.

-നിനക്കെന്നെ ഭയമുണ്ടോ-

-എനിക്കെന്നെ തന്നേയാണ് ഭയം-

അപ്പോഴും അവൾ ചിരിച്ചു.

- എനിയ്ക്കി അല്പം സംസാരിക്കാനുണ്ട്. നമുക്ക് എങ്ങോട്ടെങ്കിലും പോകാം-

-എങ്ങോട്ട് എന്നാലോചിയ്ക്കാൻ സമയമുണ്ടായി ല്ല. ക്ഷണനേരം കൊണ്ട് അവൾ ഓട്ടോയ്ക്ക് കൈകാ ണിച്ചു നിർത്തി അതിൽ കയറി. അവന് അവളെ അനു യാത്ര ചെയ്യുകയേ നിവർത്തി ഉണ്ടായുള്ളു.

**(തുടരും)**

കവിത

# മൗനത്തിന്റെ രഹസ്യം



**പ്രശാന്ത് വളയനാട്**

**ചാ**ണകം മെഴുകിയ എന്റെ ഇടനാഴിയിൽ
നിന്റെ അകാരണ സാന്നിധ്യം
നീ ആദ്യം സമ്മാനിച്ചത്
കണ്ണുകളിലെ നീലിമയാണ്.
പിന്നെ, കാമത്തിന്റെ തീക്ഷ്ണതയും
നീ വാഗ്ദാനം ചെയ്തു.
'പക്ഷേ' എനിക്കാവശ്യം
സ്നേഹത്തിന്റെ ആർദ്രതയും-
ഒന്നിച്ചുള്ള സ്വപ്നങ്ങളും
നീ കഴിച്ചു മിച്ചം വന്ന ഭക്ഷണവും ആണ്?
"മൗനം നിന്നെ കീഴ്പ്പെടുത്തിയിരിക്കുന്നു.
കണ്ണുകളിലെ നീലിമ പൊലിഞ്ഞുപോയിരിക്കുന്നു"
നീ യാത്രപറയാതെ തിരിക്കുമ്പോൾ
നീ വരച്ചുവെച്ച ജീവിതചിത്രം
നിന്റെ പുറത്തു ഞാൻ കണ്ടു.
ജാതിയും മതവും വർഗ്ഗവും ഗോത്രവും കൊണ്ട്
അതിനു ചായം പൂശിയിരിക്കുന്നു.
മോടിപിടിപ്പിക്കുവാൻ
ആചാരങ്ങളും അനുഷ്ഠാനങ്ങളും
'നിന്റെ മൗനത്തിന്റെ രഹസ്യം'
നീയാണ് അഭിനവ യുവത
'പക്ഷേ'
നിന്റെ ചിരട്ടകയ്യിൽ ചട്ടിയുടെ അടിയിൽ
ഉണ്ടാക്കുന്ന അപസ്വരം ഞാൻ കേൾക്കുന്നു.

## ഭാരതത്തിലെ ഭരണകൂടങ്ങളും....

(പേജ് 3ലെ തുടർച്ച)

ജപ്പാനും പ്രകൃതിക്ഷോഭങ്ങളേയും മറ്റും അതി ജീവിച്ച് സമ്പന്നരാഷ്ട്രമായി ഉയർന്നിട്ടുണ്ടെങ്കിൽ അത് ആ രാജ്യത്തിന്റെ നയരൂപികരണത്തിന്റെ തിളക്കം മൂലമാണെന്നു പറയാൻ ധൈര്യപൂർവ്വം സാധിക്കും. രാജ്യത്ത് കുറച്ച് സമ്പന്നരെ സൃഷ്ടി ക്കാതെ സാധാരണകാരെയും സമ്പന്നരാക്കാ നുള്ള നയരൂപികരണമാണ് ചൈനയുടേതും ജപ്പാ ന്റേതുമെന്നുപറയാം. ഉദാഹരണത്തിന് ഒരു രാജ്യത്ത് ഒരു കോടി ജനസംഖ്യയുള്ളതിൽ ഒരു ലക്ഷം സമ്പന്നൻമാരാണുള്ളതെങ്കിൽ ആ രാജ്യം കുത്തുപാളയെടുക്കാതെ മറ്റെന്തുചെയ്യാൻ സാധി ക്കും. നമുക്കാലോചിച്ചാൽ അറിയാം ഈ ഒരു ലക്ഷം സമ്പന്നമാർ അവരുടെ കുടുംബത്തിന് ആവശ്യമായതിന്റെ നൂറിരട്ടി ഉല്പ്പനങ്ങൾ കമ്പോ ളത്തിൽ നിന്നു വാങ്ങിയാൽ പോലും രാജ്യത്തെ കമ്പോളങ്ങളിലൂടെ രാജ്യം വികസിക്കുമോ എന്ന തിനുള്ള ഉത്തരം. ഇല്ല. പക്ഷേ രാജ്യത്ത് ജീവി ക്കുന്ന ഒരുകോടി ജനങ്ങളും സമ്പന്നമാരാണെ ങ്കിലോ?. ഇത്രയും ആളുകൾ അവരുടെ കുടുംബ ങ്ങളിലേക്ക് വാങ്ങിക്കൂടുന്ന ഉല്പന്നങ്ങളിലൂടെ രാജ്യത്തിന് സമ്പന്നതയിലേക്ക് ഉയരുവാൻ സാധി ക്കില്ലേ?. ബാക്കി ഉല്പന്നങ്ങളെ കയറ്റുമതി ചെയ്യു കയും ചെയ്യാം. അങ്ങിനെ നോക്കിയാൽ ഇന്ത്യാ രാജ്യത്ത ്അപര്യാപ്തമായത് ജനസംഖ്യയിലെ സമ്പന്നമാരുടെ ശതമാനമാണെന്ന് തർക്കമി ല്ലാതെ പറയാൻ സാധിക്കും. അതുകൊണ്ട് തന്നെ ജനസംഖ്യയിലെ നൂറ് ശതമാനവും സമ്പന്നരായി ഭാരതത്തിലുണ്ടാകാൻ നമുക്കേവർക്കും ഭാരത ത്തിലെ പതിനഞ്ചാം ലോകസഭയോട് പ്രാർത്ഥി ക്കാം. n

കഥ

ഇ.രാധാകൃഷ്ണൻ





# അഴിമുഖം

"മെർലിൻ... മെർലിൻ. നീയെന്തെടുക്കുകയാണ് അവിടെ? ലുക്ക് മൈഡിയർ ഡോട്ടർ. യൂ ആർ എ ബേഡ് ഗേൾ. നീയെന്താണവനെക്കുറിച്ച് വിചാരിക്കുന്നത്? ഹീ ഈസ് എ ബേഡ്. തീർച്ചയായും അവനൊരു മോശമായ ബോയ്ഫ്രണ്ടാണ് നിനക്ക്. അവനെക്കുറിച്ച് അറിയാഞ്ഞിട്ടാണ് ആത്മാർത്ഥമായ പ്രേമം അവനോട് തോന്നിയത് നിനക്ക്. ഇന്നല്ലെങ്കിൽ നാളെ തീർച്ചയായും നിനക്കവനോട് വെറുപ്പുതോന്നും. അത് എനിക്കുറപ്പുണ്ട്. ഇന്നലെ നീ ആദ്യമായി രാത്രിയിൽ വീട്ടിൽ എത്തിയില്ല. വൈ? മെർലിൻ എന്താണ് നിനക്ക് സംഭവിക്കുന്നത്. എവിടെയായിരുന്നു രാത്രിയിൽ നീ?"

മമ്മ ഇപ്പോഴും ശകാരിക്കുകയാണ്. മമ്മയുടെ ശബ്ദം അസഹനീയമായപ്പോൾ മെർലിൻ അഴിമുഖത്തേക്കുള്ള ജനൽപാളികൾ തുറന്നു ഓളങ്ങൾ അലയടിക്കുന്ന പുറംകടലിലേക്കും നോക്കിനിന്നു. നേരം പരപരാ വെളുത്തുവരുന്നതേയുള്ളൂ. മഞ്ഞുപാളികളിലൂടെ കടലിൽനിന്നുദിച്ചുവരുന്ന സൂര്യനെ കാണാൻ എന്തു ഭംഗി. കലങ്ങിമറിഞ്ഞ ആന്തരിക മനസ്സിലെ കുഞ്ഞോളങ്ങൾ ഹൃദയത്തിൽനിന്ന് ഇറങ്ങിവന്നു മെല്ലെ മന്ത്രിച്ചു. "ഹൗ ഇറ്റ്സ് എ ബ്യൂട്ടിഫുൾ റൈസിങ് സൺ". കുറച്ചു നേരം അങ്ങിനെനിന്നപ്പോൾ അഴിമുഖത്തെ കൊച്ചോളങ്ങളുടെ ശബ്ദത്തിൽ ലയിച്ച് മമ്മയുടെ ശബ്ദവും അകന്നകന്നു പോയി മനസ്സിൽനിന്ന്. ശാന്തതകൈവരിച്ച മനസ്സിപ്പോൾ മായികമായ ഒരു പ്രഭാവലയത്തിലാണ്.

സൂര്യൻ കടലിലെ കുഞ്ഞോളങ്ങൾക്ക് സ്വർണ്ണനിറം പൂശി ആകാശത്തിലേക്ക് മെല്ലെമെല്ലെ പിച്ചവെച്ചു ഉയരുവാൻ ശ്രമിക്കയാണ് ഇപ്പോഴും. കുറച്ചുനിമിഷങ്ങൾക്കകം വെള്ളത്തിൽ നീന്തം പഠിക്കുന്ന കുട്ടി കൈകാലിട്ടടിച്ചു ഉയർന്നുപൊങ്ങിനിൽക്കുന്നതുപോലെ സൂര്യൻ ആകാശത്തു വെട്ടിതിളങ്ങിനിൽക്കുന്നതു കാണാം. ഹോ എന്തൊരു പ്രതിഭാസമാണീ നോക്കെത്താ ദൂരത്തോളം പരന്നുകിടക്കുന്ന ആഴി. ചിലപ്പോൾ ശാന്തനും ചിലപ്പോൾ ക്രൂരനുമായി ഇവൻ എത്രപേരെ വിഴുങ്ങിക്കാണും. അഴിമുഖത്ത് വലവീശുന്ന കൊച്ചുവള്ളങ്ങളിലിരിക്കുന്ന മുക്കുവരുടെ ഇന്നലെ കുടിച്ച റമ്മിന്റെ കെട്ടുവിട്ടുമാറാത്ത പാട്ടിനുപോലും പ്രഭാതത്തിന്റെ നനുമയാർന്ന സൗന്ദര്യം നശിപ്പിക്കാനാകുമെന്ന് തോന്നിയ നിമിഷം മെർലിൻ ജനൽപാളികൾ വലിയ ശബ്ദത്തോടെ വലിച്ചടച്ചു.

പാവം മമ്മ. പുരുഷന്മാരെക്കുറിച്ച് പറയുന്നതുപോലും മമ്മക്ക് വെറുപ്പാണ്. പപ്പായെക്കുറിച്ച് എന്തെങ്കിലും മിണ്ടിയാൽ മമ്മ കലിതുള്ളും. എന്നാലും അഴിമുഖത്തെ കൊച്ചോളങ്ങളിൽപ്പെട്ട് ആടിയുലയുന്ന കെട്ടിയിട്ട പപ്പായുടെ പായ്‌വഞ്ചിനോക്കി മമ്മ അങ്ങിനെ നിൽക്കും. അപ്പോഴെല്ലാം ഗദകാലസ്മരണകളിൽ മമ്മയുടെ കണ്ണുകൾ നിറയുന്നത് പലപ്പോഴും കണ്ടിട്ടുണ്ട്. പപ്പയുടെ തുരുമ്പു നശിപ്പിച്ച പായ്‌വഞ്ചി പോലെ മമ്മയുടെ മനസ്സും ഓർമ്മകളിൽ പഴകി ദ്രവിക്കയാണിന്നും. വന്നുകൊണ്ടിരിക്കുന്ന ഓരോ നാളുകളിലും മമ്മയുടെ മനസ്സിൽ അസ്തമനം നടക്കാത്ത ഒരു ശുഭപ്രതീക്ഷയുണ്ട്. പപ്പ വരുമെന്ന്. ഓരോ ദിവസവും കടലിൽ മുങ്ങിത്താഴുന്ന അസ്തമനസൂര്യൻ മമ്മയുടെ മനസ്സിൽ തഴുകിയുണർത്തുന്ന സ്വപ്നങ്ങളേയും കൊണ്ട് കടലിൽ മുങ്ങി അന്ധകാരം പരത്തുകയാണ് മമ്മയുടെ മനസ്സിൽ. വെളുത്ത് കൊലുങ്ങനെയുള്ള സുന്ദരിയായ ചട്ടകാരി പെൺകുട്ടിക്ക് ഫ്രഞ്ചുകാരൻ ഗ്ലിപ്സൻ സായിപ്പ് കൊടുത്തു പോയ സമ്മാനം മെർലിൻ എന്ന താനും കൂടെ അനാഥത്വവും. കർത്താവെ മമ്മയുടെ മനസ്സിനെ വേദനിപ്പിക്കാതിരിക്കണമേ.

മെർലിൻ പരിശുദ്ധ മാതാവിനെ മനസ്സിൽ ധ്യാനിച്ചു കുരിശുവരച്ചു പ്രാർത്ഥിച്ചു.

മമ്മയുടെ ഉച്ചത്തിലുള്ള ശകാരം കേട്ടപ്പോൾ മെർലിൻ അകത്ത് നിന്ന് പുറത്തെ വരാന്തയിലേക്ക് വന്നു. നിനച്ചതുപോലെ തന്നെ. ജാക്സനെ കണ്ടതുകൊണ്ടാണ് മമ്മ മുറ്റത്ത്നിന്ന് കലിതുള്ളുന്നത്. ഇനിയിപ്പോൾ അവരുതമ്മിലുള്ള ഒരു വഴക്കിനുകൂടി രംഗമൊരുങ്ങുകയാണ്. വേണ്ടായിരുന്നു. ജാക്സൻ ഇപ്പോൾ ഇങ്ങോട്ടുവരേണ്ടിയിരുന്നില്ല.

ജാക്സൻ.... ജാക്സൻ.... യുആർ എ ബേഡ്. മൈ ഡോട്ടർ ഈസ് ഇന്നസെന്റ്. പ്ലീസ്, പ്ലീസ് ജാക്സൻ എന്നെപോലെ എന്റെ മകളെയും തെരുവാധാരമാക്കരുത്. അയാമെ സ്ട്രിച്ച് ബിച്ച്... അയാമെ സ്ട്രിച്ച് ബിച്ച്., മമ്മയുടെ ശബ്ദത്തിൽ ദുഃഖത്തിന്റെ ആവരണം മൂടി ശബ്ദം നേർത്തുനേർത്തുവന്നു. മമ്മ നിന്നു കിതക്കുകയാണിപ്പോഴും.

ജാക്സന് ഒരു കുലുക്കവുമില്ല.

മമ്മ ആരോടൊക്കെയോ ഉള്ള വെറുപ്പ് ജാക്സനോട് തീർക്കയാണിപ്പോഴും ശകാരത്തിലൂടെ.

മമ്മ.... മമ്മ... സ്നേഹത്തോടെയാണ് വരാന്തയിൽനിന്ന് മമ്മയെ വിളിച്ചത്.

പക്ഷേ, മമ്മയുടെ കലി അടങ്ങുന്നില്ല. താൻ മുറ്റത്തേക്ക് ഇറങ്ങിചെന്നില്ലെങ്കിൽ അന്തരീക്ഷം വഷളാകുമെന്നുറപ്പാണ്.

മെർലിൻ മുറ്റത്തേക്ക് വന്ന് മമ്മയെ കെട്ടിപ്പിടിച്ചുകൊണ്ട് സ്നേഹത്തോടെ പറഞ്ഞു.


മമ്മ.... മമ്മ..... പ്ലീസ് മമ്മ. ഹീ ഈസ് എ ജന്റിൽമാൻ. മമ്മ വെറുതെ ഭയപ്പെടുകയാണവനെ. ഞങ്ങൾ ഇന്നലെ രാത്രിയിൽ ക്ലബ്ബിലായിരുന്നു. ആയിരുന്നുമമ്മാ. മമ്മ ഭയപ്പെടുകയാണ്. “ചുറ്റുമുള്ളവരും ബന്ധുക്കളും മമ്മയെ ക്രൂശിച്ചതുപോലെ എന്നേയും ക്രൂശിക്കുമെന്ന്?”


“നെവർ മമ്മ... നെവർ. ഞാനതിനവസരം കൊടുത്തിട്ടുവേണ്ടെ? പ്ലീസ് മമ്മ ജാക്സനെ വെറുതെ വിട്ടേക്കു. ഹീ ഈസ് മൈൻ.’

മമ്മയുടെ കഴുത്തിനെ ചുറ്റിയുള്ള കരസ്പർശമേറ്റ് മമ്മയൊന്നു കുറച്ചുതണുത്തു. ജാക്സണോട് പിന്നീട് ഇങ്ങനെയാണ് പറഞ്ഞത് മമ്മ...

“പ്ലീസ് ജാക്സൻ. യൂ മേ ഗോ. പ്ലീസ് എവോയ്ഡ് മീ ആന്റ് മൈ ഡോട്ടർ.”

എന്തോ നഷ്ടപ്പെട്ടതുപോലെ വേദന കടിച്ചമർത്തി ഉൾവിങ്ങലോടെയുള്ള മമ്മയുടെ പിൻവാങ്ങൽ കണ്ടപ്പോൾ ആയിരം മുള്ളുകൾ കുത്തിയിറക്കുന്ന വേദനയാണ് ഞരമ്പുകളിലൂടെ തലച്ചോറിലേക്ക് ആഴ്ന്നിറങ്ങിയത്. കടലിൽ കെട്ടിയിട്ട പായ്‌വഞ്ചി കാറ്റിൽ ഇളകിയാടി മരവും മരവും തമ്മിൽ ഉരസിയുണ്ടാക്കുന്ന ശബ്ദം മമ്മയെയെന്നും കളിയാക്കുകയാണോ എന്നു തോന്നും അന്തരീക്ഷത്തിലെ ശബ്ദം കേട്ടാൽ.





കർത്താവെ കടലുപ്പിന്റെ മണമുള്ള കാറ്റാണോ എന്റെ മമ്മയുടെ മനസ്സിനേറ്റ വൃണങ്ങളെ എരിയിക്കുന്നത്? മമ്മയുടെ മനസ്സിനെ നീറ്റുന്ന വൃണങ്ങളിനിയൊരിക്കലും കരിയില്ലേ? എന്നോ ഒരിക്കൽ പടിഞ്ഞാറുനിന്ന് പായ്‌വഞ്ചിയിലെത്തി മമ്മയെ കോരിയെടുത്ത് തുരുതുരെ ഉമ്മവെച്ചു മമ്മയുടെ കണ്ണീരൊപ്പാൻ പപ്പായെത്തുമെന്നുള്ള മമ്മയുടെ മനസ്സിലെ മോഹച്ചെപ്പ് കരയ്ക്കണിയില്ലേ? അല്ലെങ്കിൽ ഇനിയൊരിക്കലും മമ്മയുടെ മനസ്സിനേറ്റ വൃണങ്ങൾ മമ്മയെ ഇങ്ങനെയൊക്കെപോലെ തന്നെ കിറുക്കിയാക്കി ജീവിതാന്ത്യത്തിന്റെ ഒരുപിടി മണ്ണു നുള്ളിയിടുമോ കുഴിമാടത്തിൽ. അതുമല്ലെങ്കിൽ പപ്പായെക്കുറിച്ചുള്ള ഇന്നലേകളുടെ ചിന്തകൾക്ക് ചിറകുമുളച്ച മമ്മ ഇനിയൊരിക്കലും സന്തോഷത്തിന്റെ സുവർണ്ണമായ ആ നാളുകളിലേക്ക് തിരിച്ചുവരില്ലേ? ചിന്തകളെ എന്റെ മമ്മയുടെ മനസ്സിനെ ആഴക്കടലിൽ മുക്കി കൊല്ലാതെ ജീവിതമെന്ന കച്ചിത്തുരുമ്പിലേക്കുള്ള ഒരു മാലാഖയായി നീക്കരുതോ നിങ്ങൾക്ക്? മാലാഖമാരായ സ്വപ്നങ്ങളെ വിട. മുളംകൂട്ടങ്ങളെ പോലെ തമ്മിലുരസി ശബ്ദം പുറപ്പെടുവിച്ച് എന്റെ മമ്മയുടെ മനസ്സിലെ നന്മകളെ ഊതിയണക്കാതെ ഞങ്ങളെ സ്വസ്ഥരാക്കൂ.

മെർലിൻ മമ്മയെകുറിച്ചോർത്ത ചിന്തകളിലപ്പോൾ കരഞ്ഞുപോകുകയായിരുന്നു.

കടലിലെ ഓളങ്ങൾ സൂര്യകിരണങ്ങളേറ്റ് വെട്ടിത്തിളങ്ങി. പ്രഭാതത്തിന്റെ മൃദുത്വം നഷ്ടപ്പെട്ട വെയിലിന്റെ ചൂടു കൂടിവരുന്നുണ്ട്. ഉച്ചിയിൽ സൂര്യൻ കത്തിക്കാളുകയാണ്.

ടൂറിസ്റ്റുകളുടെ സീസൺ നാളുകളാണിപ്പോൾ.

അഴിമുഖത്തേക്ക് വിദേശികളും സ്വദേശികളുമായ ടൂറിസ്റ്റുകൾ എത്തിക്കൊണ്ടിരിക്കുകയാണിപ്പോഴും.

മമ്മയുടെ കണ്ണുകൾ ടൂറിസ്റ്റുകളിലാണ്. പടിഞ്ഞാറുനിന്ന് തന്റെ എല്ലാമായ ഗ്ലിപ്സൺ സായ്പ്പ് ഒരിക്കൽ തിരിച്ചുവരുമെന്ന് മമ്മയിപ്പോഴും സ്വപ്നം കാണുന്നു.

*(ശേഷം പേജ് 37ൽ)*



# ഒരു ഡ്രൈവറും മര്യാദയും ജനജീവിതവുമായുള്ള ബന്ധവും



**കെ.കെ.ഹംസ**
ഇൻസ്ട്രക്ടർ നസീറ
ഡ്രൈവിംങ് സ്കൂൾ,
കോവൂർ, കോഴിക്കോട്.

ഒരു ഡ്രൈവർ റോഡിലൂടെ വാഹനമോടിക്കുന്ന സമയങ്ങളിൽ തീർച്ചയായും ജനജീവിതത്തെ മാനിക്കണം. ജനജീവിതം മാനിക്കാതെ വാഹനമോടിക്കുന്നവർ നിയമപരമായി ശിക്ഷയനുഭവിക്കേണ്ടവർ തന്നെയാണെന്നതിൽ യാതൊരു തർക്കവുമില്ല. റോഡ് എന്നാൽ വാഹനങ്ങൾക്ക് മാത്രം സഞ്ചരിക്കാൻ മാത്രമാണെന്ന ബോധത്തിൽ വാഹനമോടിക്കുന്നവരാണ് ഇങ്ങനെ വാഹനമോടിക്കുന്നവരിൽ അധികവും.

ദിനംതോറും റോഡിൽ പെരുകിവരുന്ന വാഹനങ്ങളുടെ അതിപ്രസരം കാരണം ഇന്ന് നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നത്



കാൽനടയാത്രക്കാരും ചെറിയ വാഹനങ്ങളിൽ സഞ്ചരിക്കുന്നവരുമാണെന്നതാണ് യാഥാർത്ഥ്യം. വലിയ വാഹനം നിയന്ത്രിക്കുന്ന ഡ്രൈവർ ചെറിയ വാഹനത്തെ കടന്നുപോകാൻ അനുവദിക്കണമെന്നതാണ് നാട്ടിലെ പൊതുവെയുള്ള നിയമം. എന്നാൽ ഇന്ന് ഷെഡ്യൂളുകളുടേയും മറ്റു പല കാരണങ്ങളുടെയും പേരിൽ ചെറിയ വാഹനങ്ങളേയും കാൽനടയാത്രക്കാരേയും തട്ടിയിട്ടായാലും താൻ നിയന്ത്രിക്കുന്ന വാഹനം മുന്നിലെത്തണമെന്ന വാശിയിലാണ് ഏതൊരു ഡ്രൈവറും വാഹനമോടിക്കുന്നത്. ഇത് ശരിയാണോ? അല്ല. ശരിയല്ല എന്നുതന്നെയാണ് ഒരു ഡ്രൈവർ എന്ന നിലയിലും ഒരു ഡ്രൈവിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് ഇൻസ്ട്രക്ടർ എന്ന നിലയിലും എനിക്ക് പറയാനുള്ളത്. അങ്ങനെ പറയുവാൻ കാരണങ്ങൾ പലതാണ്. ഒരു ഡ്രൈവർക്ക് അത്യാവശ്യം വേണ്ടത് വിവേകമാണ്. അതില്ലാത്തവരും വാഹനത്തെ ഒരു തമാശയായി നിയന്ത്രിക്കുന്നവരും ലൈസൻസ് ലഭിക്കാൻ അർഹതയില്ലാത്തവരാണ്. ഒരു ഡ്രൈവറുടെ ബുദ്ധിയെ കാലാകാലങ്ങളിൽ നിരീക്ഷിക്കാനുള്ള സംവിധാനം കൂടി ഉണ്ടാകേണ്ടതാണ് ലൈസൻസിങ്ങ് അതോറിറ്റിക്ക്. എന്തെന്നാൽ പെട്ടെന്ന് പ്രകോപിതനാകുന്ന ഒരു ഡ്രൈവർ ഓടിക്കുന്ന വാഹനത്തിന്റെ മുന്നിൽ ചെന്നുപെടുന്ന മറ്റു വാഹനങ്ങളോടും കാൽനടയാത്രക്കാരോടും ചെറിയ വാഹനങ്ങളോടും ഇയാൾ പ്രകോപിതനായി പെരുമാറിയാൽ റോഡിൽ വാഹനാപകടമപ്പോൾ ഒന്നുറപ്പാണ്. അതുകൊണ്ടുതന്നെ ഒരു ഡ്രൈവറുടെ മനസ്സിന്റെ സമചിത്തത (ക്രിമിനൽ സ്വഭാവത്തിന്റെ അഭാവം) ഇടക്കിടെ നൂറുശതമാനം സത്യസന്ധമായി രേഖപ്പെടുത്തേണ്ടതായ ചുമതലയും ഒരു ഡ്രൈവിങ് ലൈസൻസ് അതോറിറ്റിക്ക് ഉണ്ടാകണമെന്നതാണ് ഒരു ഡ്രൈവിങ് സ്കൂൾ ഇൻസ്ട്രക്ടർ എന്ന നിലയിൽ എന്റെ എളിയ അഭിപ്രായം. അതുപോലെ സന്ദർഭോചിതമായി റോഡുമുറിച്ചുകടക്കാൻ ശ്രമിക്കുന്ന ഒരു കാൽനടയാത്രക്കാരൻ എതിർദിശയിലേക്കും ഒരേ ദിശയിലേക്കും രണ്ടുഭാഗത്തുകൂടി സഞ്ചരിക്കുന്ന വാഹനത്തിന്റെ ഇടയിൽ പെട്ട് ട്രാഫിക്കിൽ പരിഭ്രമിച്ചു നിൽക്കുമ്പോഴും താൻ നിയന്ത്രിക്കുന്ന വാഹനം ഒന്നു വേഗതയെങ്കിലും കുറച്ചുകൊടുക്കാത്ത ഡ്രൈവർമാരുടേയും സമചിത്തത ഒരു ഡ്രൈവർക്കു ചേർന്നതല്ല എന്നതാണ് യാഥാർത്ഥ്യം. ഇത്തരക്കാർ മറ്റുള്ളവരെ തട്ടിയിടുകയല്ലാതെ സ്വന്തം വാഹനത്തിലിരിക്കുന്നവരെ ലക്ഷ്യസ്ഥാനത്തെത്തിക്കുമെന്നതിനു യാതൊരുറപ്പുമില്ല. എന്നിരുന്നാലും എല്ലാ ഡ്രൈവർമാരും മോശക്കാരാണെന്ന് പറയാൻ സാധിക്കുമോ? മറ്റൊരു വിഭാഗം ഡ്രൈവർമാരിൽ മനു

ഷ്യപ്പറ്റുണ്ടെന്നത് യാഥാർത്ഥ്യം തന്നെയാണ്. അവരാണ് മുറിച്ചുകടക്കാനായി റോഡിനിരുവശവും നിൽക്കുന്ന കാൽനടയാത്രക്കാരേയും ചെറിയ വാഹനങ്ങളിലുള്ളവരേയും കടന്നുപോകാൻ അനുവദിക്കുന്നതിനു തന്റെ വാഹനം കുറച്ചുസമയം നിർത്തിയിട്ടുകൊടുക്കുന്ന മഹാമനസ്കർ. ഇത്തരക്കാരെയാണ് ഒരു ഡ്രൈവർ എന്ന നിലയിൽ നാം അനുകരിക്കേണ്ടത്. അതുകൊണ്ടുതന്നെ ട്രാഫിക് നിയമങ്ങളെ, ഒരു വാഹനം ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനു ഡ്രൈവർ പാലിക്കേണ്ട മര്യാദയാണെന്നതുൾകൊണ്ടു - നിയമങ്ങൾ പാലിക്കുന്ന ഒരു ഡ്രൈവർ ലക്ഷ്യസ്ഥാനത്തു ചെന്നെത്തുമെന്നതിൽ യാതൊരു തർക്കവുമില്ലെന്നു തന്നെയാണ് ഏതൊരു ഡ്രൈവിങ്ങ് പഠിതാവിനോടും എനിക്ക് പറയാനുള്ളത്. അക്കൂട്ടത്തിൽ അപകടമുണ്ടാകാൻ ഇടയാകുന്ന സ്ഥലങ്ങളിലും ഇറക്കത്തിലും സ്കൂളിനടുത്തും ഹോസ്പിറ്റലിനടുത്തും വാഹന നിയമങ്ങളെ ലംഘിച്ച് ഓവർസ്പീഡിൽ വാഹനമോടിക്കുന്ന ഡ്രൈവർമാരെ നിയമപരമായി ചാർജ്ജ്ചെയ്യാനുള്ള വാഹന ചെക്കിംഗ് അത്യന്താപേക്ഷിതമായുണ്ടാകേണ്ടതാണ് റോഡുകളിൽ. ഒരു ഡ്രൈവിങ് പഠിതാവ് നാളെയൊരു ഡ്രൈവറായാൽ കഴിവതും സ്പീഡ് കുറച്ച് വാഹനാപകടങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കണമെന്നതാണ് നിത്യജീവിതത്തിലെ മറ്റൊരു വസ്തുതയെന്ന് പറയേണ്ടതില്ലല്ലോ. സർവ്വേശ്വരൻ എല്ലാവരേയും വാഹനപാകടങ്ങളില്ലാത്ത നാളുകളിലേക്ക് നയിക്കാൻ നമുക്കൊന്നിച്ച് പ്രാർത്ഥിക്കാം.

**ട്രാഫിക് നിയമങ്ങൾ**

1. നിങ്ങൾ ഓടിക്കുന്ന വാഹനം ഒരു ഇടുങ്ങിയ പാലത്തെ സമീപിക്കുമ്പോൾ എതിർദിശയിൽനിന്ന് മറ്റൊരു വാഹനം പാലത്തിനടുത്ത് എത്തിയാൽ നിങ്ങൾ ഓടിക്കുന്ന വാഹനം നിർത്തി എതിരെവരുന്ന വാഹനം കടന്നുപോയശേഷം മാത്രം നിങ്ങൾ ഓടിക്കുന്ന വാഹനം മുന്നോട്ടേക്കു നിയന്ത്രിക്കുക.
2. നിങ്ങൾ ഓടിക്കുന്ന വാഹനം ഒരു ജംഗ്ഷനിലെത്തുമ്പോൾ പ്രധാന റോഡിലെ എല്ലാ വാഹനങ്ങളും കടന്നുപോയശേഷം മാത്രം നിങ്ങൾ ശാഖാറോഡിൽനിന്ന് പ്രധാന റോഡിലേക്ക് വാഹനത്തെ നിയന്ത്രിക്കണം.
3. നിങ്ങൾ ഓടിക്കുന്ന വാഹനം ഒരു ട്രാഫിക് ഐലന്റിനെ സമീപിക്കുമ്പോൾ മഞ്ഞ ലൈറ്റു തെളിയുകയും കെടുകയും ചെയ്തുകൊണ്ടിരുന്നാൽ വേഗതകുറച്ച് ഇരുവശത്തുനിന്നും വാഹനം വരുന്നില്ലെന്ന് ഉറപ്പുവരുത്തിയശേഷം മുന്നോട്ട് നിയന്ത്രിക്കണം.
4. നിങ്ങൾ ഓടിക്കുന്ന വാഹനം, ട്രാഫിക് പോലീസോ, സിഗ്നലോ ഇല്ലാത്ത രണ്ടു പ്രധാന റോഡുകൾ യോജിക്കുന്ന ജംഗ്ഷനിൽ എത്തുമ്പോൾ വലതുവശത്തുനിന്നുവരുന്ന വാഹനങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് വാഹനം നിയന്ത്രിക്കണം.
5. അമിതഭാരം പാടില്ല, നമ്പർ പ്ലേറ്റ്, പാർക്ക് ലൈറ്റ് തുടങ്ങിയവ മറയാൻ പാടില്ല. ട്രാഫിക് ശല്യമുണ്ടാവുംവിധം സാധനങ്ങൾ കയറ്റാൻ പാടില്ല. പുറകിലേക്കും വശങ്ങളിലേക്കും തള്ളിനിൽക്കരുത്, നന്നായി പാർക്ക് ചെയ്തിരിക്കണം. വാഹനത്തിൽ ചരക്കുകൾ കയറ്റുമ്പോൾ പാലിച്ചിരിക്കേണ്ട നിബന്ധനകളാണിതെല്ലാമെന്ന് ഓർത്തുമാത്രം നിങ്ങൾ ഓടിക്കുന്ന വാഹനത്തിൽ ചരക്കുകൾ കയറ്റണം.

n




(പേജ് 35 തുടർച്ച)

പ്രാർത്ഥിക്കുന്നു. തന്റെ പ്രിയതമൻ വരാതിരുന്ന ഓരോ നാളുകളിലും മമ്മ കൂടുതൽ കൂടുതൽ കിറുക്കിന്റെ ലക്ഷണം പ്രകടിപ്പിച്ചുകൊണ്ട് ആരോടെല്ലാമോ വഴക്കുകൂടുകയാണ്. ഗ്രഹങ്ങളുടെ പ്രതിഭാസത്തിൽ കടലിലെ ഓളങ്ങൾ അലതല്ലുന്നതുപോലെ മമ്മയുടെ ഓർമ്മകളിൽ നിരാശയുടെ കൊടുംതിരമാലകൾ അലതല്ലുകയാണെന്നും. തന്റെ മമ്മയെ കനിവോടെ ദൈവമെന്നെന്നും കാത്തു രക്ഷിക്കണേ. കണ്ണീരോടെ പ്രാർത്ഥിക്കുകയാണ് മെർലിൻ.

ഒരിക്കലും കണ്ടിട്ടില്ലാത്ത തന്റെ പപ്പയുടെ വെള്ളാരംകണ്ണുകൾ സ്വപ്നം കാണുകയാണിന്ന് അവളും. ഇടതൂർന്ന ചെമ്പൻമീശയും പുരികങ്ങളും താടിയുള്ള തന്റെ പപ്പ. കർത്താവേ. പക്ഷേ?...

കടൽക്കരയിൽ തിരമാലകളേയും നോക്കി നിൽക്കുന്ന ജാക്സനെ മെർലിൻ ദൂരെനിന്നേ കണ്ടു.

പപ്പയേയും മമ്മയേയും കുറിച്ചുള്ള ഓർമ്മകളിൽ വരണ്ട മെർലിന്റെ ഉൾമനസ്സിലപ്പോൾ മെല്ലെ മന്ത്രിച്ചു.

ജാക്സൻ ഐ ലവ് യൂ. ഐ ലൗവ് യൂ ജാക്സൻ... എന്നാലും മമ്മയുടെ അനിഷ്ടത്തിലൊരിക്കലും ഞാൻ ജാക്സനെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നില്ല. എന്നോടു പൊറുക്കൂ ജാക്സൻ. എന്റെ പപ്പ കൊടുത്തുപോയ മുൾകിരീടം ചുമക്കുന്ന മമ്മയെ വീണ്ടും ക്രൂശിക്കാനാകാത്ത ഈ പാവം പെൺകുട്ടിക്ക് മാപ്പ് നൽകൂ... മാപ്പ്... മാപ്പ്.... മെർലിന്റെ മനസ്സിലപ്പോൾ കല്ലുപോലെ ഒരു തീരുമാനം ഉറക്കയായിരുന്നു. n

## വ്യാകരണത്തിന്റെ 'ഹുക്ക്' തീർക്കാൻ

(പേജ് 24 തുടർച്ച)

യിൽ നിന്നാവാം. ഇത്യാദി ശൈലികൾ രൂപപ്പെട്ടത്, ഉരുവം കൊണ്ടത് ഉരുപ്പടിയിൽ നിന്നാണല്ലോ ഉരുവം കൊള്ളുക.

ചെത്ത് എന്നതിനും ലക്ഷണയാ-മിനുങ്ങിയാ-മിനുക്കിയ- എന്ന അർഥത്തിലെത്താം. ചെത്തിയാണല്ലോ മിനുക്കുക. കടഞ്ഞെടുക്കുക "കടഞ്ഞെടുത്തതുപോലുടമ്പാർന്നും" എന്ന് കവി ചെത്തിയ, കടഞ്ഞെടുത്ത, മനോഹരമാക്കി മിനുക്കിയ ഉടമ്പ് ചെത്തും മരപ്പണിക്കാരുമായ് ബന്ധപ്പെട്ട ശൈലിതന്നെ.

ഗുജറാത്തിലെ ഗ്രാമീണരാണ് തീവണ്ടിയ്ക്ക് 'ഗാഡി' എന്ന് പേരിട്ടതെന്ന് ഗാന്ധിജി എവിടെയോ എഴുതിയതോർക്കുന്നു. ഗ്രാമത്തിൽ ആദ്യമായി തീവണ്ടി ചൂളം വിളിച്ചെത്തിയപ്പോൾ 'ഓ ഗാഡി' എന്നവർ വിളിച്ചുപറഞ്ഞത്രെ! അതുപിന്നെ അതിന്റെ പേരായി. ജനങ്ങളാണ് ഭാഷ സൃഷ്ടിക്കുന്നത്.

ഭാഷയിലും സവർണാവർണവ്യത്യാസം നിലനിൽക്കുന്നു, അതു തച്ചുടക്കേണ്ടത് തായ്മൊഴിയുടെ വളർച്ചക്ക് അത്യന്താപേക്ഷിതമത്രെ! n

കഥ




# പ്രിയരെ തേടി



**വിജയൻ അത്തിപ്പറ്റ**

ഇന്ന് നടക്കാൻ പോവുന്ന കല്യാണത്തെ ഓർത്ത് ഒരിക്കൽ എന്തെല്ലാം വികാരങ്ങൾ ഒളിപ്പിച്ചു നടന്നതാണെന്ന് വൃഥാ ചിന്തിച്ചിരിയ്ക്കുവാൻ രസം തോന്നുന്നു! പക്ഷെ എവിടെ നിന്നെന്നില്ലാതെ കൂർത്ത ലോഹസൂചികൾ എന്റെ മനസ്സിൽ വന്നു പതിക്കുകയാണല്ലോ...

സേതുമോളുടെ വിവാഹമാണിന്ന്.

ഇനിയും പഴയപോലെ സേതുമോൾ എന്നുപറയാമോ?

ഡോക്ടർ സേതുലക്ഷ്മി എം. ബി.ബി.എസ്സ് എന്നു പറയണം.

നമ്മുടെയൊക്കെ പരിചിതവലയത്തിലും അല്ലാതെയും എത്രയെത്രെ കല്യാണങ്ങൾ നടക്കുന്നു. പോയ ഞായറാഴ്ച ഗുരുവായൂരമ്പലത്തിൽ മാത്രം നൂറ്റിതൊണ്ണൂറ്റിയെട്ടെണ്ണം പത്രക്കാർ കണക്കെടുത്തതല്ലെ!

അക്കൂട്ടത്തിലിതുമൊന്നായി കരുതുകയെ വേണ്ടൂ.

കൂർത്തലോഹസൂചികളെ അവഗണിച്ച് സ്വസ്ഥവുമാകാം എന്നാലും---- എന്നാലും -----

താലോലിച്ചോമനിച്ചിരുന്ന പഞ്ചവർണ്ണപൈങ്കിളിയാൽ മുഖം മാന്തിക്കീറിയ ഉമസ്ഥന്റെ ദൈന്യത.....

സേതുമോളുടെ വിവാഹവാർത്ത അറിയിച്ചത് ആരായിരുന്നു? ഞങ്ങളുടെ മസാലപ്പീടികക്കാരൻ പുരുഷുവേട്ടനോ---- അതേ സുബൈറിന്റെ ഉമ്മയോ---- ഓർത്തെടുക്കുവാനാകുന്നില്ല

തെങ്ങോലത്തലപ്പുകളിൽ മന്ദസ്മിതവുമായി ഞായറാഴ്ച സൂര്യൻ സാന്നിദ്ധ്യമറിയിച്ചു.

നാട്ടുനടപ്പുകൾക്കനുസരിച്ച് എന്റെ ഭാസിമാസ്റ്ററും മകളുടെ വിവാഹം ലോക ഒഴിവുദിനമായ ഇന്ന് നടത്തുകയാണ്. പ്രവൃത്തിദിനങ്ങൾ നഷ്ടപ്പെടാതെ ബന്ധുക്കൾക്ക് ഒത്തുചേരാം.

- സോമേട്ടനും ചേച്ചിം ശന്യാഴ്ചത്തെ മംഗലത്തിന് പോവൂലെ?

ഞാൻ പീടികയിൽ നിന്നും ഇഡ്ഡലിമാവ് വാങ്ങുന്നതിനിടെ പുരുഷേട്ടൻ ആരാഞ്ഞു.

പ്രായവ്യത്യാസമൊന്നും പരിഗണിച്ചല്ല. ഇവിടെ ഞങ്ങളെല്ലാവരും പരസ്പരം ഏട്ടനെന്നു വിളിക്കുന്നു.

ഏതു മംഗലം? ഞങ്ങൾക്കു വിവരനൊല്യാല്ലോ പുരുഷേട്ടാ..

അപ്പോൾ അല്പംമുമ്പ് കൺവെട്ടത്തുനിന്നും പോയ ഒരു ചങ്ങാതിയുടെ 'അറ്റാക്ക്' വാർത്തകേട്ട പോലെ പുരുഷേട്ടൻ എന്നെ മിഴിച്ചുനോക്കി.

ഏ നിങ്ങളുടെ ആ ഡോക്ടർകുട്ടി ഈടെ ബെന്ന് ഞങ്ങളെയൊക്കെ മംഗലത്തിന് വിളിച്ചല്ലോ....

ഡോക്ടർകുട്ടി സേതുതന്നെ.... ഞാനും കൈവശമുള്ള പ്ലാസ്റ്റിക് കവറുകളും സുനാമിതിരമാലകളിൽ ഉലഞ്ഞാടിക്കൊണ്ടിരുന്നു...!

ഈ ഭൂമിയിൽ ഞാൻ ഒരു കരിയിലയായപോലെ ....

ഒരൊഴിവുദിനത്തിന്റെ സ്വാസ്ഥ്യം എന്നിൽ നിന്നും അകലെ അകലെയാണ് --- അതിർത്തിയിലെ പ്ലാവിൻ ചില്ലകളില്ലൊന്നിൽ തൂങ്ങി തന്റെ ആജന്മശത്രുവെ തെറിവിളിക്കുന്ന അണ്ണാന്റെ ക്രൗര്യം അന്തരീക്ഷത്തിൽ പൊടിപടലമുയർത്തുവാൻ തുടങ്ങി.

നാലുവശത്തെയും വീടുകൾ ഉറക്കം തുടരുകയാണ്. സുബൈറിന്റെയും ഗോവിന്ദരാജിന്റെയും നിമിസിസ്റ്ററുടെയും ഗെയ്റ്റുകൾ പൂട്ടിക്കിടക്കുന്നു. എല്ലായ്പ്പോഴുമെന്നപോലെ കെ.എസ്സ്.ഇ.ബിക്കാരൻ ഗൗതമേട്ടന്റെ വീട് പൂട്ടിയിട്ട നിലയിൽ മാറ്റമില്ല----

ഇന്നത്തെ ഒഴിവുദിനശാന്തികൾ വെടിഞ്ഞ് പ്രഭാതത്തിൽ തന്നെ എന്റെ അയൽക്കാരെല്ലാം എവിടെയാണ്?

എന്റെ ഭാസിമാസ്റ്ററുടെ വീട്ടിലെ ആദ്യവിവാഹം... സേതുമോളുടെ ജീവിതത്തിലെ മറ്റൊരു സുപ്രധാനചടങ്ങ്....

ഞാനും ശ്രീലക്ഷ്മിയും വിവരം അറിഞ്ഞതുപോലും മുന്നാമൻ മുഖാന്തിരമായതിൽ അലോസരമേതുമില്ലെന്ന് അഹങ്കരിക്കാൻ വൃഥാ യത്നിച്ചുകൊണ്ടിരുന്നു.....

പീഡനങ്ങളേതുമില്ലാത്ത ഒരൊഴിവുദിനത്തിന് നന്ദി പറയൂ.. വായിച്ചോ ഉറങ്ങിയോ സ്വന്തം മാളത്തിൽ ചുരുണ്ടുകൂട്. ഞാനെന്നെ ശാസിച്ചുകൊണ്ടിരുന്നു. പക്ഷെ ശാസനകൾക്കെല്ലാം ഉയരത്തിൽനിന്നും അജ്ഞാതമായ നീരാളിക്കൈകൾ വന്നെന്നെ സേതുവിന്റെ സമീപത്തേയ്ക്ക് പിടിച്ചുവലിക്കുകയാണ്.

ഇടയ്ക്കെപ്പോഴോ ഉന്മേഷഭരിതമായ ഒരാശയം!

വിവാഹത്തിന് വിളിച്ചില്ലെ

ങ്കിലും, കത്തയച്ചില്ലെങ്കിലും കയറിച്ചെന്നാലെന്താണ്! ഭാസിമാസ്റ്ററുടെ വീടല്ലെ? തിരക്കിൽ വളരെ വേണ്ടപ്പെട്ട ചിലരെ വിട്ടുപോയതായി നടത്തിപ്പുകാർ പരിതപിച്ചു കേട്ടിട്ടുണ്ട്. ഞാനും എന്റെ ശ്രീമതിയും അക്കൂട്ടത്തിൽ പെട്ടതായിക്കൂടെ ? പുരുഷോട്ടനെ ക്ഷണിയ്ക്കാൻ വന്ന സമയത്ത് ഞങ്ങളില്ലാതെ വന്നതായിക്കൂടെ? അയച്ച കത്ത് പോസ്റ്റൽ വകുപ്പിലെവിടെയെങ്കിലും കെട്ടിക്കിടന്നതാണങ്കില്ലോ? അനുകൂല ന്യായവാദങ്ങളിലൂടെ മനസ്സ് ഊളിയിട്ടുകൊണ്ടിരുന്നു.

പക്ഷെ എന്റെ ശ്രീമതി ശ്രീലക്ഷ്മിയെ ഇടിച്ചുകയറൽ പരിപാടിയ്ക്കൊന്നും കിട്ടില്ലെന്നത് മൂന്നുതരം! വെറുതെ വന്നെത്തുന്ന കല്യാണക്കത്തുകൾ പോലും അവളെ പ്രലോഭിപ്പിയ്ക്കാറില്ലല്ലോ. അവ കിട്ടിയോ എന്ന് ഫോൺ ചെയ്ത് അന്വേഷിയ്ക്കുന്നവരുടെ വീടുകളിലേയ്ക്കേ അവൾ പോവാറുള്ളൂ.. എന്നാൽ ഞാനാകട്ടെ ക്ഷണിയ്ക്കുകപോലും ചെയ്യാത്ത കല്യാണച്ചടങ്ങുകളിൽ പങ്കെടുത്ത ചരിത്രമുള്ളവനാണ്...

എന്റെ ആ ചങ്ങാതിമാരുമായുണ്ടായിരുന്ന അടുപ്പവും അവരുടെ പ്രത്യേകാവസ്ഥകളും കാരണമാണ് അന്നങ്ങനെയുണ്ടായത്. പക്ഷെ എന്റെ 'നാണമില്ലായ്മയെ അവൾ കണക്കിന് കളിയാക്കിയതും നന്നായോർക്കുന്നു...


എന്നിട്ടും ഇപ്പോൾ പതിയെ പതിയെ എന്റെ ആഗ്രഹത്തിനു ചിറകുകൾ വലുതായി പറക്കാൻ വെമ്പുകയാണ്. ഞാനെന്റെ ഇരിപ്പിടം വിട്ടെഴുന്നേറ്റ് പച്ചക്കറികൾ അരിഞ്ഞുകൊണ്ടിരുന്ന ശ്രീലക്ഷ്മിയുടെ സംസ്ഥാനത്ത് കാലുകൾ വെച്ചു.

എഡോ ചില ബില്ലുകൾ ശര്യാക്കാണ്ട്. ആപ്പീസുവരെ പോയി ചോറിതിന്നാനിങ്ങെത്താം...

എന്റെ ഞായറാഴ്ച ആപ്പീസുയാത്രകൾ അവൾക്കത്ര പത്ഥ്യമില്ല. ചീട്ടുകളി സംഘത്തിൽ ചേരാനെന്നാണ് അവളുടെ ഉറച്ച വിശ്വാസം..

തിരിഞ്ഞു കളിച്ച് രാത്രിയാക്കരുത്. സൂപ്പർമാർക്കറ്റ്ന്ന് ചെലതൊക്കെ വാങ്ങാണ്ട്. ഉണ്ണാനിങ്ങെത്തിയേക്കണം കെട്ട്വോ.

ഒ.കെ. റെഡി..



ടി.വി. അവതാരക പെൺകിടാവിനെ അനുകരിച്ചുകൊണ്ട് ഞാൻ ഡ്രസ്സിങ്ങ് റൂമിൽക്കയറി. ധൃതഗതിയിൽ വസ്ത്രങ്ങൾ മാറി വീട്ടിൽ നിന്നും പുറത്തിറങ്ങി..

പച്ചച്ചായ മടിച്ച ടൗൺബസ്സ് ആഹ്ലാദശബ്ദങ്ങൾ കേൾപ്പിച്ച് സ്റ്റോപ്പിൽ നിന്നും അഞ്ചാറുമീറ്റർ മുന്നോട്ടു നീങ്ങി നങ്കുരമിട്ടു.

ഓടിക്കയറിയ യാത്രികരെ കണ്ടക്ടർ മുന്നോട്ടുനയിച്ചു! മുൻസിപ്പൽ സ്റ്റാന്റ് വഴി ഇതെന്റെ ആപ്പീസിനു മുന്നിലൂടെ പോവുന്നതാണ്....

ഞാൻ ആപ്പീസിലെത്തും മുൻപെ മുൻസിപ്പൽസ്റ്റാൻഡിലിറങ്ങി.

എന്റെ ഭാസിമാഷേയും കുടുംബത്തേയും 'പ്ലസന്റ് സർപ്രൈസിനു' വിധേയരാക്കുന്നതിന്റെ ത്രില്ലായിരുന്നു അകം നിറയെ...

ഞാൻ വാച്ചിൽനോക്കി. സമയമിപ്പോൾ എട്ടുമണി കഴിയുന്നു.

രണ്ടു മണിക്കൂറിനുള്ളിൽ ടൗൺടു ടൗൺ ബസ്സ് എന്നെ ഗ്രാമത്തിലെത്തിക്കും... സേതുമോളുടെ വിവാഹച്ച

ടങ്ങുകൾക്ക് സാക്ഷിയായി, ആദ്യം ലഭിയ്ക്കുന്ന വാഹനത്തിൽ മടക്കയാത്ര.. ഹൃദയത്തിന്റെ പ്രാർത്ഥനാമുറിയിൽ ഒരു രഹസ്യം കിടക്കട്ടെ! ഞാനെല്ലാം ആസൂത്രണം ചെയ്തു...

ഒഴിവുദിവസമായിട്ടും തിരക്കിന് കുറവില്ല. സൈഡ് സീറ്റിൽ വെള്ള ഫ്രെയിം കണ്ണടയും മഞ്ഞയിൽ പൂക്കളുള്ള ചുരിദാറും ധരിച്ച പെൺകുട്ടിയേയും അവളുടെ അച്ഛനെയും കാൺവേ ആദ്യമായി ടൗണിൽ ബസ്സിറങ്ങിയ സേതുമോൾ കൺകളിൽ നിറയുന്നു...

അതേ ഇളം മഞ്ഞ വസ്ത്രധാരണം- അതേ ചികിയാലൊതുങ്ങാത്ത സമൃദ്ധമായ മുടി കൗമാരക്കാരിയുടെ ധാർഷ്ട്യം അല്പംപോലും കയറിപ്പറ്റാത്ത ചന്തമുള്ള കണ്ണുകൾ എന്റെ ഭാസിമാസ്റ്ററുടെ മകൾ സേതു.. നമ്മൾ മാതാപിതാക്കളുടെ മോഹനസ്വപ്നമായ ഡോക്ടർ വിദ്യാഭ്യാസം കൈ വെള്ളയിലൊതുക്കിയ തലക്കനലേശവുമില്ലാത്ത എന്റെ നാട്ടുകാരിയോട് എനിയ്ക്ക് ആദരവ് അടക്കാനായില്ല...

എന്റെ ഏറ്റവും പ്രിയ ഗുരു ഭാസ്ക്കരൻ എന്ന ഭാസിമാസ്റ്റർ എനിയ്ക്കു കത്തെഴുതുകയായിരുന്നു.... കാണുന്ന ചെവികളിലും പോക്കറ്റുകളിലുമെല്ലാം തീപ്പെട്ടികളുടെ സുലഭതയോടെ മൊബൈൽ ഫോണുകൾ ഇല്ലാതിരുന്ന കാലമായിരുന്നല്ലോ...

പ്രിയപ്പെട്ട സോമന്,

ഒരു വിശേഷമുണ്ട്. സേതുമോൾക്ക് നിന്റെയവിടുത്തെ മെഡിക്കൽ കോളേജിലാണ് അഡ്മിഷൻ കിട്ടിയിട്ടുള്ളത്. നീയും ശ്രീലക്ഷ്മിയും അവിടെ അടുത്തുണ്ടെന്ന സന്തോഷത്തിലും ആശ്വാ

സത്തിലുമാണ് ഞങ്ങൾ. വരുന്ന ശനിയാഴ്ച കാപ്പാട് ട്രാവൽസിൽ അവർ അങ്ങോട്ടു വരും. നീ ബസ്സ് സ്റ്റാൻഡിൽ കാത്തുനിൽക്കുകയും വേണ്ടതെല്ലാം ചെയ്യുകയും വേണം–

എന്ന്

സ്നേഹപുരസ്സരം ഭാസിമാസ്റ്റർ

രണ്ടാം ക്ലാസുമുതൽ തുടങ്ങിയ എന്റെയും മാസ്റ്ററുടേയും സ്നേഹബന്ധം എനിയ്ക്കു നാൽപത്തിയാറുവയസ്സായിട്ടും തുടർന്നുപോരികയാണല്ലോ. ഭാസിമാസ്റ്റർ എന്തുപറഞ്ഞാലും സസന്തോഷം അനുസരിയ്ക്കുകയാണെന്റെ ശീലവും സംതൃപ്തിയും–

ഇതാണെങ്കിൽ മാസ്റ്ററുടെ പ്രിയപുത്രി– ഞങ്ങളുടെ പഞ്ചായത്തിലെ തന്നെ ഒന്നാമത്തെ മെഡിക്കൽ വിദ്യാർത്ഥിനി.. കുട്ടികൾ ഇല്ലാത്ത ഞങ്ങൾക്ക് സ്വന്തം പോലെ ഓമനിക്കാൻ ഒരു മോൾ.... ഞാനും ശ്രീലക്ഷ്മിയും അപ്രതീക്ഷിതമായി ഉദ്യോഗക്കയറ്റം കിട്ടിയ മനസ്സുകളോടെയാണ് സേതുമോളെ വരവേറ്റ് ഞങ്ങളുടെ വീട്ടിലേയ്ക്കെത്തിച്ചത്.

മെഡിക്കൽ കോളേജിലെ റാഗ്ഗിങ്ങ് ഉണ്ണിയാർച്ചകളെ ഭയന്ന് സേതുവിനെ ഞങ്ങൾ കൂടെ നിർത്തി. ഹോസ്റ്റലിൽ നിന്നും മൂന്നുകിലോമീറ്റർ ദൂരം. പിന്നെ പിന്നെ ശ്രീലക്ഷ്മിക്ക് അവളോടുള്ള വാത്സല്യം കാരണം ആതിഥ്യം നീണ്ടുനീണ്ടുപോയി. മനസ്സിൽ ആരാധനയുള്ള വ്യക്തിയുടെ സാമീപ്യം എനിയ്ക്കും ഉച്ചപ്പെരുവെയിലിലെ ചാറ്റൽ മഴപോലിരുന്നു.

കോളേജിൽ പരീക്ഷകളും പഠനവിഷയങ്ങളും കൂടി വന്നപ്പോൾ അർദ്ധമനസ്സോടെ സേതു ലേഡീസ്ഹോസ്റ്റലിലേക്ക് മാറി. ഇടവേളകളിലെല്ലാം ഞങ്ങൾ പരസ്പരം സന്ദർശിച്ചു പോന്നു...

എന്റെ ബസ്സ് വഴിമദ്ധ്യേ ജില്ലാ തലസ്ഥാനത്തെത്തി കിതപ്പുകൾ തീർക്കുകയാണ്. യാത്രികരിൽ ചിലർ മാറിവന്നു. ഞാൻ അക്ഷമയോടെ വീണ്ടും വീണ്ടും വാച്ചിൽ കണ്ണോടിച്ചു. മുഹൂർത്ത സമയത്തിനെത്താതെ എന്റെ ഓട്ടം വിഫലമാകുമോ? ആശങ്കയിക്കിടെ ഡ്രൈവർ ചാടിക്കയറി എൻജിൻ മുരണ്ടുതുടങ്ങി.

മെഡിക്കൽ കോളേജിലെ മൂന്നാം വർഷത്തിന്റെ പകുതിയായിക്കാണണം, സേതുവിന് ഒര പൂർവ്വയിനം പനി. വിദ്യാർത്ഥി വാർഡിൽ അവളുടെ കട്ടിലിനരികെ ശ്രീലക്ഷ്മിയും വരാന്തയിൽ ഞാനുമായി രണ്ടാഴ്ച.... സേതുവിന്റെ അമ്മ അന്നാണാദ്യം പുത്രിയെക്കാണാൻ നഗരത്തിലെത്തുന്നത്! സ്വന്തം വീട്ടിലെ അത്യാവശ്യങ്ങൾ! ആശുപത്രിയിലെ പരിചയമില്ലായ്മകൾ ഇവയൊക്കെ കാരണം പറഞ്ഞ് അവർ വന്നപോലെ മടങ്ങുകയും ചെയ്തു. സേതുമോളുടെ എല്ലാകാര്യങ്ങളും നോക്കാനവർ ശ്രീലക്ഷ്മിയെ അധികാരപ്പെട്ടുത്തുകയായിരുന്നു!

സേതുവിന്റെ കോഴ്സ് തീർന്നപ്പോഴേക്കും പുരുഷോട്ടനും സുബൈറിന്റെ ഉമ്മയും, നിമിയുമായെല്ലാം അവൾ നല്ല ചങ്ങാത്തത്തിലായി. അവൾ വഴി സദാ സ്വന്തം ഗെയ്റ്റുകളും ചുണ്ടുകളും പൂട്ടിയിടാറുള്ള ഗൗതമേട്ടൻ വരെ ഞങ്ങളോടു മന്ദഹസിച്ചു തുടങ്ങി.

അഞ്ചു പ്രാവശ്യം കണ്ണുകൾ തുറന്നടയ്ക്കുന്ന വേഗത്തിലാണ് അഞ്ചുവർഷം കഴിഞ്ഞത്. മെഡി. കോളേജ് ഓഡിറ്റോറിയത്തിലെ കോൺവൊക്കേഷൻ ചടങ്ങിൽ വെച്ച് സേതുമോൾ ഡിഗ്രി സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് സാക്ഷികളായത് എനിയ്ക്കും ശ്രീലക്ഷ്മിയ്ക്കും ഏറെ ആഹ്ലാദം പകർന്ന മുഹുർത്തങ്ങളിലൊന്നായിരുന്നു.

അതേ സേതുമോൾ തന്നെയാണോ; പ്രിയപ്പെട്ട ഭാസിമാസ്റ്റർ തന്നെയാണോ ഇന്നത്തെ സുപ്രധാനചടങ്ങിൽ നിന്നും ഞങ്ങളെ അകറ്റി നിർത്തിയത്? നിനച്ചിരിയാത്ത വൈദ്യുതി ഷോക്കിന്റെ കാരണം തിരക്കി മനസ്സ് അലയാത്ത ഇടമില്ല...

ഞങ്ങളുടെ പഞ്ചായത്തിലെ പുളിഞ്ചോട് ബസ്സ് സ്റ്റോപ്പിൽ ഞാനിറങ്ങി. എത്രയോ കാലം നടന്ന് മാത്രം ഗ്രാമത്തിലേക്ക് സഞ്ചരിച്ച പുളിഞ്ചോട്ടിൽ ഇന്ന് നാല്പ്പതിലധികം ആട്ടോറിക്ഷകൾ ഓട്ടം കാത്തുകിടന്നു.. ഏറ്റവും മുന്നിൽക്കിടന്ന 'തുവ്വക്കരയിൽ' ഞാൻ നൂണ്ടു കയറി. ഭാസിമാസ്റ്ററുടെ വീടിനടുത്തുള്ള നഴ്സറി സ്ക്കൂളിന്റെ പേര് ഞാൻ അടയാളമായി പറഞ്ഞു. മീശയില്ലാത്ത ചെറുപ്പക്കാരൻ ഡ്രൈവർ വാഹനത്തിനു ജീവൻ നല്കി, പിന്നെ ചിറകളും.

വയൽക്കരയിലെ കല്യാണപന്തൽ വാഹനത്തിലിരുന്ന് തന്നെ എനിയ്ക്കു കാണാം, ഞാനിറങ്ങി വയൽ വരമ്പുകളിലൂടെ കല്യാണപന്തലിനെ ലക്ഷ്യം വെച്ചു. തലയ്ക്കുമീതെ മകരമാസ സൂര്യൻ ഇരകളെ മയക്കി തളർത്തുവാൻ തുടങ്ങുന്നു.

ഞാൻ കല്യാണപന്തലിൽ കാലെടുത്തുവെച്ചു. ചുവന്ന പ്ലാസ്റ്റിക്ക് കസാലകൾ നിരന്നു കിടക്കുന്നു. സംശയങ്ങൾക്കു വിരാമമിട്ടു കൊണ്ട് ഒരിടത്ത് എന്റെ അയൽക്കാർ ഗോവിന്ദരാജ്യം, സുബൈറും ഉമ്മയും, നിമിയും നർമ്മസംഭാഷണങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു!


മറ്റൊരിടത്ത് ഒരിക്കൽപോലും അവരുടെ മാസ്റ്ററുടെ പുത്രി സേതുവിനെ കാണാൻ ഹോസ്റ്റലിൽ വരാത്ത, അവളെ തിരിഞ്ഞൊന്നു നോക്കുക പോലും ചെയ്യാത്ത എന്റെ സഹോദരീ സഹോദരന്മാർ ഒരു കുടുംബസംഗമത്തിന്റെ ആഹ്ലാദകരമായ നിർവൃതികളിലാണ്...

ആദ്യം ഭാസിമാസ്റ്റർ... ഞാനെന്റെ ഭാസിമാസ്റ്ററെ തിരഞ്ഞു തുടങ്ങി,

അർത്ഥമേതുമില്ലാത്ത വാക്കുകൾ ഉയർത്തുന്ന ആരവങ്ങൾക്കിടയിലൂടെ, പുഷ്പാംലംകൃതമായ മണ്ഡപ പരിസരത്തിലൂടെ, വി. ഐ. പികളായി വിലസുന്ന വീഡീയോ പയ്യന്മാർക്കിടയിലൂടെ ഞാനെന്റെ പ്രിയഗുരുവെയും, സേതുമോളെയും എല്ലാ മുക്കിലും മൂലകളിലും കണ്ണുകളാൽ അരിച്ചു പെറുക്കി..

പ്രിയപ്പെട്ടവരെ കണ്ടെത്താനുള്ള പ്രയത്നത്തിൽ ഞാനിതാ പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്....

n



# കാലചക്രം

ശിവാനന്ദ് ആലിയാട്ട്

ഇത് കൃഷ്ണൻ. അവന് ജീവിതത്തിൽ അഭിനയിക്കാൻ അറിഞ്ഞുകൂടായിരുന്നു. നന്നായി അദ്ധ്വാനിക്കുന്ന അവന് ഉള്ളത് കൊണ്ട് ഓണം പോലെ കഴിയാനറിയാം. പിന്നെ സർക്കാർ ജോലി, അത് അവന്റെ സ്വപ്നമായിരുന്നു. മുപ്പത്തിയെട്ടാം വയസ്സിൽ ഔദ്യോഗിക മേഖലയിൽ മാറ്റം വരുമെന്ന പ്രവചനം തെറ്റി, മുപ്പത്തിയഞ്ചാം വയസ്സിൽ അവസാന പി.എസ്.സി. അപേക്ഷയും അയച്ചു അതിനുശേഷമുള്ള പി.എസ്.സി പരീക്ഷ എഴുതി മൂന്നു മൂന്നര വർഷം കാത്തിരുന്നു.

പിന്നീടങ്ങോട്ട് അവൻ ചെയ്യാത്ത ജോലികളൊന്നുമില്ല. അപ്പോഴും അവന്റെ മനസ്സിൽ ഒരു സ്വപ്നമേ ഉണ്ടായിരുന്നുള്ളു. ഒരു സർക്കാർ ജോലി അവനും അവന്റെ ആത്മാർത്ഥ സുഹൃത്തും പി.എസ്.സി. അപേക്ഷയയക്കുന്നത് സാധാരണമായിത്തീർന്നു.



നല്ല കല്യാണപ്രായമായ 26 വയസ്സുള്ളപ്പോഴാണ് ഒരു സർക്കാർ ജോലിയില്ലാത്തതിന്റെ വേദന കൂടുതൽ അവൻ അറിഞ്ഞത് അതെന്തുകൊണ്ടെന്ന് അവൻ അറിഞ്ഞത്. അതെന്തു കൊണ്ടാണെന്ന് ഏതൊരു വരന്മാരും അനുഭവിച്ച വേദനയാണ്. തന്തമാർക്കെല്ലാം പണിയെടുക്കാതെ കുടുംബം പോറ്റാൻ കഴിയുന്ന സുഖിയൻമാരായ സർക്കാർ ജോലിക്കാരനെ മരുമകനായി കിട്ടാനാണ് ഇഷ്ടം. ഒടുവിൽ അവനും ഒരു കല്യാണം കഴിച്ചു. അവനെപോലെ നിത്യചിലവിന് പെടാപ്പാടുപെട്ടുന്ന ഒരു അമ്പത്തഞ്ചുകാരന്റെ മകൾ. അതിൽ രണ്ട് മക്കളും ഉണ്ടായി.

പി.എസ്.സി. പരിക്ഷക്കുവേണ്ട അപേക്ഷകൾ അയക്കാനും മറ്റുള്ള ഏർപ്പാടുകൾ പിന്നീട് അവളാണ് ചെയ്യാറ്. ജോലികിട്ടാൻ വേണ്ടി നേർച്ചകൾ നേരുക, അമ്പലങ്ങളിൽ പോകുക ഇത്യാതി കർമ്മങ്ങളിൽ അവൾ ദത്തശ്രദ്ധയുള്ളവളായിരുന്നു. പരീക്ഷ എഴുതി ജയിക്കുവാൻ വേണ്ടിയുള്ള വിവരം തന്റെ ഭർത്താവിനില്ലാത്തത് അവൾക്കൊരു വിഷയമേ ആയിരുന്നില്ല.

മുപ്പത്തിയഞ്ചാം വയസ്സിൽ അപേക്ഷയയച്ച ഒടുവിലത്തെ പരീക്ഷാ ദിവസം. ഒരു പകുതി ജീവിതം നഷ്ടമായതിനെക്കുറിച്ചും ചിറകുകൾ പോലും മുളക്കാത്ത തന്റെ സ്വപ്നത്തെക്കുറിച്ചും ഓർത്ത്. അവൻ ഭാര്യ നൽകിയ ചായയും കുടിച്ച് പരീക്ഷയ്ക്കു പോയി.

നേരത്തെ തന്നെ പരീക്ഷാകേന്ദ്രത്തിലെത്തിയ അവൻ കാണുന്നത് പരീക്ഷാകേന്ദ്രത്തിനുമുമ്പിൽ ഒരു ഒച്ചയും ബഹളവുമാണ്. ഒരു പെൺകുട്ടിയെ ഒരു മധ്യവയസ്കനായ ഒരാൾ ശകാരിക്കുന്നു. ആ ശകാരത്തിൽ നിന്ന് ആ പെൺകുട്ടിയുടെ അരക്ഷിതാവസ്ഥ മനസിലാകുന്നു. വീടിന്റെ നിലനിൽപും കുടുംബത്തിന്റെ ഭദ്രതയും കാക്കാൻ പാടുപെടുന്ന അവൾ പൊട്ടിക്കരഞ്ഞ് പരീക്ഷാഹാളിലേക്ക് ഓടി. ആ മധ്യവയസ്കനെ മയപ്പെടുത്തി തിരിച്ചയ്ക്കാൻ കൃഷ്ണൻ നന്നെ പാടുപെട്ടു.

നേരത്തെ ഓടിവന്ന പെൺകുട്ടി, അവളുടെ മുഖം കരഞ്ഞ് കലങ്ങിയിരിന്നു. എങ്കിലും പ്രസരിപ്പ് വിടാതെ തമാശരൂപത്തിൽ അവൾ ആ മധ്യവയസ്കൻ തന്റെ വീട്ടിന്റെ ജന്മിയാണെന്നും സുഖമില്ലാത്ത അമ്മയെക്കുറിച്ചും അനിയത്തിമാരെയുംക്കുറിച്ചും പറയുന്നു. ആ സൗഹൃദത്തിൽ തന്നെഅവൾ ബുദ്ധിമതിയാണെന്ന് കൃഷ്ണൻ തിരിച്ചറിയുന്നു. അവളുടെപേര് കൃഷ്ണ എന്നാണെന്നും.

കൃഷ്ണൻ പറഞ്ഞു. “കുട്ടിക്ക് എന്തായാലും ഈ ജോലി കിട്ടും. കുട്ടിക്കേ കിട്ടൂ.....ഞാനൊക്കെ വെറുതെ വന്നതാണ്. ഒടുവിലത്തെ ശ്രമവും നടത്തി തിരിച്ചുപോകാൻ.”

അവൾ പറഞ്ഞു: “ഈ പരീക്ഷ ഞാൻ എത്ര എഴുതിയിട്ടും കാര്യമില്ല. ഇത് ബി.എ.ക്കാരിയായ എനിക്കല്ല, എസ്.എസ്.എൽ.സി. പാസാകാത്തവർക്കുള്ളതാണ്. ഞാൻ വെറുതെ പരീക്ഷ അറ്റന്റ് ചെയ്യുകയാണ്. ഒരു അനുഭവത്തിന്” അങ്ങിനെ അവന്റെ ജീവിതത്തിലെ അവസാനത്തെ പരീക്ഷയും കഴിഞ്ഞിരിക്കുന്നകാലം. കാലചക്രം അതിവേഗത്തിൽ ഉരുളുകയാണ്.

ഒരു ദിവസം നിനച്ചിരിക്കാതെ കൃഷ്ണന് ഒരു ഫോൺ കോൾ. സുഹൃത്താണ് വിളിച്ചത്. റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കാനയെന്നാണ് അവൻ അറിയിച്ചത്.

പിറ്റേ ദിവസം പ്രസിദ്ധീകരിച്ച റാങ്ക്ലിസ്റ്റിൽ അവന്റെ പേര് ഉണ്ടായിരുന്നു. കൃഷ്ണ അനുമോദിക്കാൻ കൃഷ്ണനെ തേടി അവന്റെ വീട്ടിലെത്തി. തന്റെ സുഹൃത്തിന്റെ സന്തുഷ്ടമായ ദാമ്പത്യ ജീവിതം നേരിട്ട് കാണാനിടയായ അവളുടെ കണ്ണുകൾ സന്തോഷം കൊണ്ട് നിറഞ്ഞു.

n

## നക്ഷത്രരാജ്യം കോമിക്സ് — ജോബി - ഷാലി




*Edited, Printed Published by E. Radhakrishnan Kommeri on behalf of Nakshathra Rajyam Monthly.*
*Printed at Geethanjali Offset Press, Kundayithode, Kozhikode.*